بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

ജൂലൈ – ആഗസ്റ്റ്

1180 കർക്കിടകം- ചിങ്ങം
1426 ജ:ആഖിർ – റജബ്
1384 വഫാ – ളുഹൂർ

പുസ്തകം 5
ലക്കം 4
വില 10 രൂപ

SATHYAMITHRAM

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.

Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1


## വി ഷ യ വി വ രം


ആമുഖം
ആ ഫിർഔൻ ദൈവക്രോധത്തിന്നിരയായി ........ 4

യുഗനാദം
തുളച്ചുകയറുന്ന തീജ്വാല ........ 5
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

വിശുദ്ധ ഖുർആൻ
സൂറത്തുൽ ബഖറഃ അർത്ഥം വ്യാഖ്യാനം ........ 6

ഹദീസ്
ബിസ്മില്ലാഹ് ഉറക്കെയോ പതുക്കെയോ? ........ 10

ഖുത്വ്ബയിൽനിന്ന്
നബിയെ സ്നേഹിക്കുന്നവർ ഇത് ചെയ്യില്ല ........ 11

ചരിത്രം
കാരുണ്യത്തിന്റെ പ്രവാചകൻ ........ 12

ഗവേഷണം
യേശുവിന്റെ കബറിടം കാശ്മീരിലെ ശ്രീനഗറിൽ ........ 14

ചരിത്രം
മൂന്ന് ഖലീഫമാർ ........ 16

പഴയതാളുകളിൽനിന്ന്
ദൈവവിധി (കവിത) ........ 20
എസ്.വി. സൈനുദ്ദീൻ

ലേഖനം
മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം ........ 21

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ........ 22

എങ്ങനെ ചെയ്യാം ഒരു വിദേശയാത്ര ........ 28
എ.ക്യു. മഹ്ദി

ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (3) ........ 32
മുനീർ അഹ്മദ് ഖാദിം

ആത്മീയസംവിധാനം ........ 39
കെ. നദീർ അഹ്മദ്

വസിയ്യത്ത് ചെയ്തവർ, വാർത്തകൾ, അറിയിപ്പുകൾ




മുഖചിത്രം: ഖലീഫത്തുൽ മസീഹ് കാനഡയിൽ




بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# ആ ഫിർഔൻ ദൈവക്രോധത്തിന്നിരയായിട്ട് പതിനേഴ് വർഷം തികയുന്നു!



**ഓ**ർമ്മയുണ്ടോ ഈ മുഖം. 1984-ൽ ഏപ്രിൽ 26-ാം തിയ്യതി പുതിയൊരു ഓർഡിനൻസിലൂടെ അഹ്മദീ മുസ്‌ലിംകളുടെ പ്രവർത്തനങ്ങളെ തടയാൻ ശ്രമിച്ച ആധുനിക ഫിർഔൻ സാക്ഷാൽ സിയാ ഉൽ ഹഖ്! ഈ ഓർഡിനൻസ് പ്രകാരം അഹ്മദികൾ മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നതും ഇസ്‌ലാമിക രീതിയിൽ പ്രവർത്തിക്കുന്നതും മൂന്ന് കൊല്ലം കഠിനതടവിന് ശിക്ഷിക്കാവുന്ന കുറ്റമാണ്. ഈ ഏകാധിപതിയുടെ ഇത്തരം നടപടി മൂസായുടെ എതിരാളിയായ ഫിർഔനെപോലും ലജ്ജിപ്പിച്ചിട്ടുണ്ടാകും. ഭ്രാന്തിളകിയ ആയിരക്കണക്കിന് ഉലമാക്കളും ജനങ്ങളും ഇസ്‌ലാമാബാദിൽ സംഘടിച്ച് ഏപ്രിൽ 31നുള്ളിൽ തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പാക്കിയില്ലെങ്കിൽ ദേശവ്യാപകമായി പ്രത്യക്ഷ നടപടി ആരംഭിക്കുമെന്നും അഹ്മദികളുടെ പള്ളികളും സ്ഥാപനങ്ങളും തകർക്കുമെന്നും അന്ത്യശാസനം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് സിയാ ഉൽ ഹഖ് ഈ ഓർഡിനൻസ് റേഡിയോ വഴി പെട്ടെന്ന് പ്രഖ്യാപിച്ചത്. അഹ്മദികൾ മുസ്‌ലിംകളെന്ന് പറഞ്ഞുകൂടാ, ബാങ്ക് വിളിച്ചുകൂടാ, മതപ്രബോധനം ചെയ്തുകൂടാ, ഇസ്‌ലാമികമായ സാങ്കേതിക പദങ്ങൾ ഉപയോഗിച്ചുകൂടാ തുടങ്ങിയവയെല്ലാം ഓർഡിനൻസ് മുഖേന കുറ്റകരമാക്കി. തുടർന്നുണ്ടായ അക്രമസംഭവങ്ങളിൽ നിരവധി അഹ്മദികൾ വധിക്കപ്പെട്ടു. പള്ളികൾ തകർക്കപ്പെട്ടു. പത്രങ്ങൾ കണ്ടുകെട്ടി. ആയിരക്കണക്കിന് അഹ്മദികൾ തുറുങ്കിലടക്കപ്പെട്ടു. ഖലീഫയെ അറസ്റ്റ് ചെയ്യാനും തൂക്കിലേറ്റാനുമുള്ള ഗൂഢാലോചന ഉണ്ടായപ്പോൾ അല്ലാഹുവിന്റെ അഭിമാനം വിജ്രംഭിക്കുകയും തന്റെ ഖലീഫയെ, നബി(സ) തിരുമേനിയുടെ ഹിജ്റത്തിനെ അനുസ്മരിപ്പിക്കുംവിധം ഹിജ്റത്ത് ചെയ്യിച്ച് സുരക്ഷിതമായി ലണ്ടനിലെത്തിക്കുകയും ചെയ്തു.


വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ നാലാം ഖലീഫ ഹസ്റത്ത് മിർസാ താഹിർ അഹ്മദ്(റഹ്) സിയാ ഉൽ ഹഖിന്നെതിരെ ആത്മീയയുദ്ധം പ്രഖ്യാപിച്ചു. മുബാഹലക്കായി ക്ഷണിച്ചു. എന്നാൽ, സിയാ അതൊന്നും കേട്ടതുപോലും നടിക്കാതെ തൻപ്രമാണിത്തത്തിൽ വിലസുകയാണ് ചെയ്തത്. വിമാന ദുരന്തം ഉണ്ടാകുന്നതിന് ഒരുമാസം മുമ്പേ വ്യക്തമായി പറഞ്ഞാൽ 1.7.1988-ന് ചെയ്ത ഖുത്ബ പ്രഭാഷണത്തിൽ മിർസാ താഹിർ അഹ്മദ്, സിയാ ഉൽ ഹഖിന് മുന്നറിയിപ്പ് നല്കി: "പാക്കിസ്ഥാൻ പ്രിസഡന്റിനെക്കുറിച്ചുള്ള ദൈവവിധി എങ്ങനെ പ്രത്യക്ഷപ്പെടും എന്നതിനെ ഞങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അയാൾ മുബാഹലയുടെ ആഹ്വാനം സ്വീകരിച്ചാലും ഇല്ലെങ്കിലും ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അയാൾക്ക് സാധിക്കുകയില്ല. കാരണം അയാൾ പെരുംകള്ളം പറയുന്നവരുടേയും സത്യനിഷേധികളുടേയും നേതാവാണ്. അഹ്മദികൾക്കെതിരെ ഭയങ്കരമായ ആക്രമണങ്ങൾ അഴിച്ചുവിട്ടതിന്റെ മുഴുവൻ ഉത്തരവാദിത്തവും അയാൾക്കാണ്. അയാൾക്ക് അല്ലാഹുവിന്റെ ശിക്ഷയെ എത്രത്തോളം നേരിടാൻ സാധിക്കുമെന്ന് കാലം തെളിയിക്കും."

ഈ ആധുനിക ഫിർഔൻ നശിച്ചൊടുങ്ങുന്നതിന് അഞ്ച് ദിവസം മുമ്പേ അതായത് 12.8.88-ൽ ചെയ്ത ഒരു ഖുത്ബ പ്രഭാഷണത്തിൽ വാഗ്ദത്ത മസീഹിന്റെ ഖലീഫ ഹസ്റത്ത് മിർസാ താഹിർ അഹ്മദ് പറഞ്ഞു:

"ദൈവക്രോധത്തിന്റെ ആട്ടുകൽ ഇതാ പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്. ശത്രുക്കളെ മുമ്പ് അല്ലാഹുതന്നെ ധൂളീകരിച്ചതുപോലെ തീർച്ചയായും അവന്റെ വിധി ഇപ്പോഴും പ്രത്യക്ഷപ്പെടാൻ പോകുന്നു. ചരിത്രം ആവർത്തിക്കപ്പെടും. ലോകത്തുള്ള ഒരു നിയമത്തിനും ആ ദൈവികനിയമത്തെ മറികടക്കാൻ സാധിക്കില്ല. ഈ മനുഷ്യൻ (സിയാ) അല്ലാഹുവിന്റെ തഖ്ദീറിൽനിന്ന് ഒരിക്കലും രക്ഷപ്പെടുകയില്ല."

ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശത്രുപാളയത്തിൽനിന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ 'മാധ്യമം' എഴുതി:

*10-ാം പേജിൽ*



# ശിഹാബുഥ്ഥാഖിബ് അഥവാ തുളച്ചുകയറുന്ന തീജ്വാല

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

ഒരു മുഅ്മിൻ അഥവാ സത്യവിശ്വാസി സകലകാര്യങ്ങളിലും അല്ലാഹുവിനെ മുന്തിക്കുമ്പോഴാണ് അവൻ അല്ലാഹുവിലേക്ക് (റഫഅ) ഉയരുന്നത്. അവൻ ഈ ജീവിതത്തിൽത്തന്നെ അല്ലാഹുവിലേക്ക് എടുക്കപ്പെടുകയും പ്രത്യേകമായൊരു വെളിച്ചം കൊണ്ട് പ്രകാശിക്കപ്പെടുകയും ചെയ്യുന്നു. ഈ ഉയർച്ച ശയ്ത്വാന്റെ കൈയെത്താത്തതും അവന്റെ പ്രഹരം ഏല്ക്കാത്തതുമായ സ്ഥാനത്തേക്കാണ്. അല്ലാഹു ഓരോ വസ്തുവിനും ഭൗതികതലത്തിലും ഓരോ മാതൃക വെച്ചിട്ടുണ്ട്. ശയ്ത്വാൻ ആകാശത്തേക്ക് കയറാൻ തുടങ്ങുമ്പോൾ ഒരു ശിഹാബുഥ്ഥാഖിബ് അവന്റെ പിന്നാലെകൂടി അവനെ താഴെ വീഴ്ത്തുന്നു എന്ന് പറഞ്ഞത് അതിലേക്കുള്ള സൂചനയാണ്.

ജ്വലിക്കുന്ന നക്ഷത്രത്തിനാണ് 'ഥാഖിബ്' എന്നു പറയുന്നത്. തുളച്ചുകയറി ദ്വാരമുണ്ടാക്കുന്ന വസ്തുവിനും 'ഥാഖിബ്' എന്നു പറയുന്നു. വളരെ ഉയരത്തിൽ ചെന്നെത്താൻ കഴിയുന്ന വസ്തുവിനും ഥാഖിബെന്ന് പറയാറുണ്ട്. ഇതിൽ മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് പറഞ്ഞുതരാൻ ഒരുദാഹരണം വിവരിച്ചിരിക്കുകയാണ്. അവനിൽ ബാഹ്യമായിട്ടുള്ളതുമാത്രമല്ല പ്രത്യുത, ഗോപ്യമായ ഒരു യാഥാർത്ഥ്യവും അന്തർഭവിച്ചിട്ടുണ്ട്. ഒരു മനുഷ്യന് അല്ലാഹുവിൽ ദൃഢതരമായ വിശ്വാസമുണ്ടാകുമ്പോൾ അവന് അല്ലാഹുവിലേക്ക് ഉയർച്ചയുണ്ടാകുന്നു. അവന് സവിശേഷമായ ശക്തിയും കഴിവും വെളിച്ചവും നല്കപ്പെടുന്നു. ഇതുമുഖേനയാണ് അവൻ ശയ്ത്വാനെ അടിച്ചൊതുക്കുന്നത്. അടിക്കുന്നവനും 'ഥാഖിബ്' എന്നു പറയും. തന്റെ ശയ്ത്വാനെ അടിച്ചൊതുക്കാൻ ശ്രമിക്കേണ്ടതും അവനെ ഉന്മൂലനം ചെയ്യേണ്ടതും ഓരോ സത്യവിശ്വാസിയുടേയും നിർബ്ബന്ധകടമയാണ്. ആത്മീയശാസ്ത്രത്തെക്കുറിച്ച് വിവരമില്ലാത്തവൻ ഇത്തരം കാര്യങ്ങളെ പരിഹസിക്കുന്നു. എന്നാൽ, അവൻ സ്വയം പരിഹാസത്തിന്നർഹനാണ്. ഭൗതികമായി ഒരു പ്രകൃതിനിയമം ഉള്ളതുപോലെതന്നെ ആത്മീയമായും ഒരു പ്രകൃതിനിയമം ഉണ്ട്. ഭൗതികനിയമം ആത്മീയനിയമത്തിന് ഒരടയാളമെന്ന നിലയിലുള്ളതാണ്. അല്ലാഹു എന്നോടും പറഞ്ഞു: ***അൻതമിന്നീ ബി മൻസിലത്തിന്നജ്മിഥ്ഥാഖിബി.*** അതായത് നീ എന്നിൽനിന്ന് തുളച്ചുചെല്ലുന്ന നക്ഷത്രത്തിന്റെ സ്ഥാനത്താണുള്ളത്. ഇതിന്റെ അർത്ഥം ശയ്ത്വാനെ എറിഞ്ഞോടിക്കുന്നതിനുവേണ്ടി ഞാൻ നിന്നെ സൃഷ്ടിച്ചിരിക്കുന്നുവെന്നാണ്; നിന്റെ കരങ്ങളാൽ ശയ്ത്വാൻ നശിച്ചൊടുങ്ങും. ശയ്ത്വാന് ഉയരാൻ കഴിയില്ല. സത്യവിശ്വാസി ഉയരങ്ങളിലേക്ക് കയറിയാൽ അവന്റെമേൽ ശയ്ത്വാന് ജയമുണ്ടാവുകയില്ല.

> (ഇത്) ആട്ടിയകറ്റപ്പെട്ട പിശാചിന്റെ പിടിയിൽനിന്ന് സംരക്ഷണം എന്ന നിലയിലാണ്. ഉന്നതാധികാര സഭയിൽ (മലഉൽഅഅ്ലാ) പറയുന്ന കാര്യങ്ങൾ അവർക്ക് കേൾക്കാൻ കഴിയില്ല. നാലുഭാഗത്തുനിന്നും അവർ എറിഞ്ഞോടിക്കപ്പെടുന്നതാണ്; ആട്ടിയോടിക്കപ്പെട്ട ആ അവസ്ഥയിൽ. അവർക്ക് ചുറ്റിപ്പിണരുന്ന ശിക്ഷ (വിധി) ഉണ്ട്; ഒന്നോ അരയോ കാര്യങ്ങൾ തട്ടിയെടുക്കുന്നവൻ ഒഴികെ. അവനേയും തുളച്ചുകയറുന്ന തീജ്വാല പിന്തുടരുന്നതാണ്. *(37:8-11)*

ശയ്ത്വാനെ നശിപ്പിക്കാൻ പറ്റിയ ശക്തി ലഭിക്കുന്നതിനായി സത്യവിശ്വാസി അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ ദുർവിചാരങ്ങളേയും അകറ്റുക എന്നത് ശയ്ത്വാനെ നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. സത്യവിശ്വാസി ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കണം. നിരാശനാകരുത്. ശയ്ത്വാനെ വകവരുത്താൻ അവന്റെ പിന്നാലെ കൂടേണ്ടതാണ്. അങ്ങനെയുള്ള സത്യവിശ്വാസി ഒരുനാൾ വിജയം വരിക്കും. അല്ലാഹു കരുണാമയനും ഉദാരനുമാണ്. അവന്റെ വഴിയിൽ അധ്വാനിക്കുന്നവർക്ക് അവസാനം വിജയത്തിന്റെ മുഖം അവൻ കാണിച്ചുകൊടുക്കുന്നു. ശയ്ത്വാനെ നശിപ്പിക്കുന്നതിലാണ് മനുഷ്യന് വലിയ സ്ഥാനമുള്ളത്. (മൽഫൂസാത്ത്, പുതിയ വാല്യം-5, പേ-420)

# സൂറത്തുൽ ബഖറ

*(മദീനയിൽ അവതരിച്ച അദ്ധ്യായം)*

## അർത്ഥം, വ്യാഖ്യാനം

قُلْ إِنْ كَانَتْ لَكُمُ الدَّارُ الْآخِرَةُ عِنْدَ اللَّهِ خَالِصَةً مِنْ
دُونِ النَّاسِ فَتَمَنَّوُا الْمَوْتَ إِنْ كُنْتُمْ صَادِقِينَ ﴿٩٥﴾

**95. ''പറയുക! മറ്റു മനുഷ്യർക്കില്ലാതെ അല്ലാഹുവിന്റെ സന്നിധിയിൽ നിങ്ങൾക്കു മാത്രമാണ് പരലോകഭവനമെങ്കിൽ നിങ്ങൾ മരണത്തെ ആഗ്രഹിക്കുക; നിങ്ങൾ സത്യവാദികളാണെങ്കിൽ!"**

*പദാർത്ഥം*

قُلْ നീ പറയുക. إِنْ كَانَتْ لَكُمُ നിങ്ങൾക്കാണെങ്കിൽ الدَّارُ الْآخِرَةُ പരലോകഭവനം عِنْدَ اللَّهِ അല്ലാഹുവിന്റെ സന്നിധിയിൽ خَالِصَةً മാത്രമായി مِنْ دُونِ النَّاسِ മനുഷ്യരെ കൂടാതെ فَتَمَنَّوُا എന്നാൽ നിങ്ങൾ ആഗ്രഹിക്കുവിൻ الْمَوْتَ മരണത്തെ إِنْ كُنْتُمْ صَادِقِينَ നിങ്ങൾ സത്യവാന്മാരാണെങ്കിൽ.

*വ്യാഖ്യാനം*

സ്വർഗ്ഗം ഞങ്ങളുടെ മാത്രമുള്ള അവകാശമാണെന്നും മറ്റാരും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നുമുള്ള യഹൂദികളുടെ തെറ്റായ വാദത്തെയാണ് ഈ സൂക്തത്തിലൂടെ അല്ലാഹു ഖണ്ഡിക്കുന്നത്. സ്വർഗ്ഗം നിങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണ് എന്ന വാദം ശരിയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ ഏറ്റവും പ്രിയപ്പെട്ട ജനമായിത്തീരേണ്ടതാണ്. അങ്ങനെയാണെങ്കിൽ നിങ്ങളുടെ പ്രാർത്ഥന ദൈവം സ്വീകരിക്കുകയും നിങ്ങൾ ആർക്കെതിരിൽ പ്രാർത്ഥിക്കുന്നുവോ അവർ നശിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് നിങ്ങൾ മുസ്‌ലിംകളുമായി മുബാഹല നടത്തുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ, നിങ്ങളുടെ വാദത്തിൽ അല്പമെങ്കിലും കഴമ്പുണ്ടെങ്കിൽ മുസ്‌ലിംകളുമായി ശാപപ്രാർത്ഥനക്ക് തയ്യാറാവുകയും അതിന്റെ പരിണിതഫലം പ്രതീക്ഷിക്കുകയും ചെയ്യുക. ദൈവത്തോട് ഇരുകൂട്ടരും ഇപ്രകാരം പ്രാർത്ഥിക്കുക. ദൈവമേ ഞങ്ങൾ ഇരുകൂട്ടരിലാരാണ് നിന്റെ പക്കൽ സത്യത്തിൽ നിലകൊള്ളുന്നത് അവർക്ക് നീ വിജയം നൽകുകയും അസത്യവാന്മാരെ നീ നശിപ്പിക്കുകയും ചെയ്യേണമേ. നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് തയ്യാറാവുക. ഈ പ്രാർത്ഥന മുഖേന ദൈവം സത്യം വെളിപ്പെടുത്തുന്നതാണ്.

യഹൂദികളുടെ വാദം ജൂതന്മാർക്ക് മാത്രമേ മോക്ഷമുള്ളൂ എന്നാണ്. എന്നാൽ, ഏതെങ്കിലും ഒരു വിഭാഗത്തിൽ ഉൾപ്പെട്ടു എന്ന കാരണംകൊണ്ടുമാത്രം മോക്ഷം ലഭിക്കും എന്നത് ശരിയല്ല. സത്യപ്രസ്ഥാനത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അവന് മോക്ഷം ലഭിക്കുവാനുള്ള അവകാശമുണ്ട്. എന്നാൽ, അതനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ ഇന്നപ്രസ്ഥാനത്തിൽ ആയതുകൊണ്ട് മോക്ഷം ലഭിക്കണം എന്ന് അവകാശപ്പെടാൻ ആർക്കും അർഹതയില്ല. ഇസ്‌ലാം അല്ലാത്ത മറ്റെല്ലാ മതങ്ങളും അതിൽ ഉള്ളവർക്ക് മാത്രമേ മോക്ഷം ലഭിക്കൂ എന്നാണ് പറയുന്നത്. യഹൂദികൾ പറയുന്നു അവർ മാത്രമാണ് മോക്ഷപ്രാപ്തിക്കർഹർ

എന്ന്. എന്നാൽ, യഹൂദികളല്ലാത്ത മറ്റാർക്കും അവരുടെ മതത്തിൽ പ്രവേശനവുമില്ല. ക്രിസ്ത്യാനികൾ ലോകം മുഴുവനും ഓടിനടന്ന് എല്ലാവരേയും തങ്ങളിലേക്ക് പ്രവേശിപ്പിക്കുന്നുണ്ടെങ്കിലും അത് യേശുമിശിഹായുടെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. 'ഇസ്രാഈൽ സന്തതികളിലെ കാണാതെപോയ ആടുകളിലേക്കല്ലാതെ എന്നെ അയച്ചിട്ടില്ലാ' എന്ന യേശുമിശിഹായുടെ അദ്ധ്യാപനത്തിന് യോജിച്ചതല്ല ഇന്നത്തെ ഇവരുടെ ഈ പ്രവർത്തനം. അതുകൊണ്ട് ശരിക്കും ക്രിസ്ത്യാനികളും അവരിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഹിന്ദുക്കളുടെയും സ്ഥിതി വ്യത്യസ്തമല്ല. ബ്രാഹ്മണന്മാരാണ് മോക്ഷത്തിന്നർഹരെന്നും ശൂദ്രർ വേദം കേൾക്കുകയാണെങ്കിൽ അവരുടെ ചെവിയിൽ ഈയ്യം ഉരുക്കി ഒഴിക്കണമെന്നുമാണ് അവരുടെ വിശ്വാസം. എന്നാൽ, ഇസ്‌ലാം പറയുന്നത് ഒരാൾക്ക് ഇസ്‌ലാമിൽ പ്രവേശിച്ചു എന്ന ഒറ്റകാരണംകൊണ്ട് മോക്ഷം ലഭിക്കില്ല. അതിന് അതിന്റെ അദ്ധ്യാപനമനുസിച്ച് ജീവിതം ക്രമപ്പെടുത്തുകയും വിശ്വാസവും പ്രവർത്തനവും അതിന്നനുഗുണമായിത്തീരുകയും വേണം. കാരണം നാവുകൊണ്ടുള്ള കസർത്തു കാരണം ആർക്കും മോക്ഷം ലഭിക്കില്ല. തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുമ്പോഴാണ് അത് ലഭിക്കുക. ഒരു വ്യക്തിക്ക് ഇസ്‌ലാമിന്റെ സന്ദേശം ലഭിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തെക്കുറിച്ച് നമുക്കൊന്നും പറയാൻ സാദ്ധ്യമല്ല. എന്നാൽ, ഇസ്‌ലാമിനെക്കുറിച്ച് ഒരാൾ ശരിക്കും അറിയുകയും അറിഞ്ഞിട്ടു നിഷേധിക്കുകയുമാണെങ്കിൽ അദ്ദേഹത്തിന് മോക്ഷം ലഭിക്കില്ല എന്ന് നമുക്ക് പറയാം. എന്നാൽ, ഇസ്‌ലാമിനെക്കുറിച്ച് തീരെ അറിയാത്തവരെ ഇസ്‌ലാം സ്വീകരിച്ചില്ല എന്ന കാരണത്താൽ മോക്ഷത്തിൽനിന്നും തടയില്ല. അതുകൊണ്ടാണ് റസൂൽ(സ.അ) ഒരിക്കൽ ഇപ്രകാരം അരുളിയത്. ചെറുപ്രായത്തിൽ മരിക്കുന്നവർ, ഒന്നും മനസ്സിലാകാത്തവിധത്തിൽ വാർദ്ധക്യം ബാധിച്ചവർ, ഭ്രാന്തന്മാർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, മറ്റുള്ളവരുടെ വാക്കുകൾകേട്ട് മനസ്സിലാക്കാൻ കഴിയാത്ത ബധിരർ എന്നിവർ വിശ്വസിച്ചില്ല എന്ന കാരണംകൊണ്ട് പിടിക്കപ്പെടുന്നതല്ല. മറിച്ച്, ഖിയാമത്തുന്നാളിൽ അവർക്ക് അല്ലാഹു ഒരു പ്രവാചകനെ അയക്കുകയും എന്നിട്ട് അവരിൽ ആർ സത്യത്തെ തിരിച്ചറിയുകയും സ്വീകരിക്കുകയും ചെയ്യുന്നുവോ അവരെ സ്വർഗ്ഗത്തിലും ആർ സത്യത്തെ നിരാകരിക്കുന്നുവോ അവരെ നരകത്തിലും പ്രവേശിപ്പിക്കുന്നതാണ്. (*റൂഹുൽ മആനീ, വാല്യം-4*)

വിശുദ്ധഖുർആനിൽ ഒരു സ്ഥലത്ത് യഹൂദികളുടെ ഒരു വചനം ഇപ്രകാരം കാണാം. "ഞങ്ങളെ നരകാഗ്നി അല്പം നാളുകൾ മാത്രമേ സ്പർശിക്കുകയുള്ളൂ." ഇവിടെ പറയുന്നത് സ്വർഗ്ഗം ഞങ്ങളുടെ കുത്തകയാണെന്നും നരകത്തിൽ മറ്റുള്ളവരാണ് പ്രവേശിക്കുക എന്നുമാണ്. ഇത് വൈരുദ്ധ്യമാണെന്ന് തോന്നിയേക്കാം. എന്നാൽ ഇതിൽ വൈരുദ്ധ്യമില്ല. കാരണം ജൂതന്മാരിൽ ഒരുകൂട്ടരുടെ വിശ്വാസം തെറ്റു ചെയ്തവരെ നരകത്തിൽ പ്രവേശിപ്പിക്കുമ്പോൾ അവർ ഉടനെ പശ്ചാത്തപിക്കുന്നതുകൊണ്ട് ക്ഷണത്തിൽ മോചിതരാവും എന്നാണ്. മറ്റൊരുകൂട്ടർ പറയുന്നത് അവർക്ക് നരകവുമായി ഒരു ബന്ധവും ഉണ്ടാവില്ലെന്നും അവർ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും എന്നുമാണ്. (ജൂസ് എൻസൈക്ലോപീഡിയ) ഇവിടെ രണ്ടാമത് പറഞ്ഞ കൂട്ടരെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

وَلَنْ يَتَمَنَّوْهُ اَبَدًا ۢ بِمَا قَدَّمَتْ اَيْدِيْهِمْ ؕ وَاللّٰهُ
عَلِيْمٌ ۢ بِالظّٰلِمِيْنَ ﴿٩٦﴾

**96. "എന്നാൽ അവരുടെ കൈകൾ നേരത്തെ ചെയ്തുവെച്ച (പാപകൃത്യങ്ങൾ) നിമിത്തം അവർ അതിന്നായി ഒരിക്കലും ആഗ്രഹിക്കുകയില്ല. അല്ലാഹു അധർമ്മകാരികളെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനത്രെ."**

*പദാർത്ഥം*

وَلَنْ يَتَمَنَّوْهُ അവർ അതിന്നായി ആഗ്രഹിക്കുകയേയില്ല اَبَدًا ഒരിക്കലും بِمَا قَدَّمَتْ നേരത്തെ ചെയ്തതു കാരണം اَيْدِيْهِمْ അവരുടെ കൈകൾ وَاللّٰهُ അല്ലാഹു عَلِيْمٌ നല്ലവണ്ണം അറിയുന്നവനാകുന്നു بِالظّٰلِمِيْنَ അതിക്രമകാരികളെ

*വ്യാഖ്യാനം*

അവർ മുബാഹലക്ക് ഒരിക്കലും തയ്യാറാകുന്നതല്ല. കാരണം അവരുടെ നില അവർക്കറിയാം. അവർ ദൈവകല്പന പ്രകാരം പ്രവർത്തിച്ചിട്ടില്ലെന്നും അതുകാരണം ദൈവപ്രീതി അവർക്ക് ലഭിക്കില്ലെന്നും അറിയാവുന്നതുകൊണ്ടാണ് ഈ മുബാഹലക്ക് അവർ തയ്യാറാകാത്തത്. അതുകൊണ്ട് അല്ലാഹു പറയുന്നു, അധർമ്മകാരികളെ അല്ലാഹു നല്ലതുപോലെ അറിയും. അതുമിതും പറഞ്ഞ് മുബാഹലയിൽനിന്ന് അവർ ഒഴിഞ്ഞുമാറും. എന്നാൽ, ഇവർ എത്രതന്നെ ഒഴിഞ്ഞുമാറിയാലും അവസാനം ഒരു നാൾ ഇവർ പിടിക്കപ്പെടുകയും ഇവർ തന്നെയാണ് അസത്യവാന്മാരെന്ന് ജനങ്ങൾ അറിയുകയും ചെയ്യും.

**കളഞ്ഞുപോയി**

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആറ് രസീത് ബുക്കുകൾ കളഞ്ഞുപയോരിക്കുന്നു. 2434, 35, 36 37, 38, 39. ഈ രസീത് ബുക്കിൽ ആരും ചന്ദ കൊടുക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. (*മുഅ്ത്തമിദ്, ഖാദിയാൻ*)

وَلَتَجِدَنَّهُمْ أَحْرَصَ النَّاسِ عَلَىٰ حَيَاةٍ وَمِنَ الَّذِينَ أَشْرَكُوا ۚ يَوَدُّ أَحَدُهُمْ لَوْ يُعَمَّرُ أَلْفَ سَنَةٍ وَمَا هُوَ بِمُزَحْزِحِهِ مِنَ الْعَذَابِ أَنْ يُعَمَّرَ ۗ وَاللَّهُ بَصِيرٌ بِمَا يَعْمَلُونَ ﴿٩٧﴾

**97. "ജനങ്ങളിൽവെച്ച് ഏറ്റവുമധികം ജീവിക്കുവാൻ ആസക്തിയുള്ളവരായി അവരേയും ബഹുദൈവ വിശ്വാസികളിൽ ചിലരേയും നിനക്കു കാണാം. ആയിരം വർഷംവരെ ജീവിച്ചാൽ കൊള്ളാമെന്ന് അവരിൽ ഓരോരുത്തരും ആഗ്രഹിക്കുന്നു. എന്നാൽ, അവന് ദീർഘായുസ്സ് ലഭിക്കുക എന്നത് അവനെ ശിക്ഷയിൽനിന്ന് ഒരുവിധത്തിലും ഒഴിവാക്കുന്നതല്ല. അവർ പ്രവർത്തിക്കുന്നത് അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നു."**

*പദാർത്ഥം*

നീ അവരെ കാണുന്നതാണ് ജനങ്ങളിൽനിന്ന് കൂടുതൽ ആസക്തിയുള്ളവർ ജീവിക്കുന്നതിൽ ബഹുദൈവവിശ്വാസികളിൽനിന്നും അവൻ ആഗ്രഹിക്കുന്നു അവരിൽ ഓരോരുത്തരും ആയുസ്സ് നീട്ടിക്കൊടുത്തിരുന്നെങ്കിൽ ആയിരംവർഷം എന്നാൽ അതല്ല അതിൽനിന്നും അവനെ ഒഴിവാക്കപ്പെടുന്നതല്ല. ശിക്ഷയിൽനിന്ന് ആയുസ്സ് നീട്ടിക്കൊടുക്കുന്നത് അല്ലാഹു നല്ലവണ്ണം കണ്ടുകൊണ്ടിരിക്കുന്നവനാണ് അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച്

*വ്യാഖ്യാനം*

ഇവർക്ക് ഈ ലോകത്ത് ജീവിക്കുവാനാണ് ഏറ്റവും കൂടുതൽ ആഗ്രഹം. ബഹുദൈവ വിശ്വാസികൾ പൊതുവിൽ പരലോകത്തിൽ വിശ്വാസമില്ലാത്തവരാണ്. അവർ ഈ ജീവിതം മാത്രമേയുള്ളൂ എന്ന കണക്കുകൂട്ടലിലാണിരിക്കുന്നത്. അതുകൊണ്ട് ഇവിടെ എത്ര ജീവിക്കുന്നുവോ അതാണ് ജീവിതം. എന്നാൽ, അല്ലാഹു പറയുന്നു, ഇവിടെ ജീവിതം അവസാനിക്കുന്നില്ല. ഒരാൾക്ക് എത്ര തന്നെ ആയുസ്സ് നീട്ടിക്കൊടുത്താലും അവസാനം അവൻ പിടിക്കപ്പെടുകതന്നെ ചെയ്യും. ദൈവികപിടിയിൽനിന്ന് എത്രയായാലും അവന് രക്ഷയില്ല.

ബഹുദൈവവിശ്വാസികളിൽ ചിലർ ഇവിടെ സുഖമായി ജീവിക്കുന്നവരാണ്. അവർ ഇവിടെ ദീർഘകാലം ജീവിക്കാൻ ആഗ്രഹിക്കുന്നു. പരലോക വിശ്വാസം അവർക്കില്ല. എന്നാൽ, മറ്റൊരുകൂട്ടരുണ്ട്. അവർക്ക് പരലോക വിശ്വാസമില്ലെങ്കിലും ഇവിടെയുള്ള കഷ്ടതകളും അരിഷ്ടതകളും കാരണം അവർ ആഗ്രഹിക്കുന്നത് മരിച്ചുകിട്ടിയാൽ മതി, ഇതോടെ ജീവിതം അവസാനിക്കുമല്ലോ എന്നാണ്. അതുകൊണ്ട് ബഹുദൈവ വിശ്വാസികളിൽനിന്ന് ചിലരാണ് ദീർഘായുസ്സ് ആഗ്രഹിക്കുന്നത്. അതായത് യഹൂദികളും അതോടൊപ്പം ബഹുദൈവ വിശ്വാസികളിൽപെട്ട ചിലരും ദീർഘായുസ്സ് ആഗ്രഹിക്കുന്നു. എന്നാൽ, അല്ലാഹു പറയുന്നു. എത്രകാലം ഒരാൾ സന്തോഷത്തോടെ ജീവിച്ചാലും അൽപം നേരത്തേക്ക് പ്രയാസംവന്നാൽ അതവന്ന് സഹിക്കാൻ കഴിയില്ല. പ്രയാസത്തിന്റെ നിമിഷങ്ങൾ അവന് വർഷങ്ങളായിത്തോന്നും. അല്പമൊന്ന് പ്രയാസം വന്നാൽമതി അവന്റെ ജീവിതം ആകെ നശിക്കുന്നു. അതുകൊണ്ട് സ്ഥായിയായ സുഖം ലഭിക്കാൻ ദൈവപ്രീതി കരസ്ഥമാക്കുകയല്ലാതെ മറ്റൊരു പോംവഴിയുമില്ല.

قُلْ مَنْ كَانَ عَدُوًّا لِجِبْرِيلَ فَإِنَّهُ نَزَّلَهُ عَلَىٰ قَلْبِكَ بِإِذْنِ اللَّهِ مُصَدِّقًا لِمَا بَيْنَ يَدَيْهِ وَهُدًى وَبُشْرَىٰ لِلْمُؤْمِنِينَ ﴿٩٨﴾

**98. "പറയുക, ആരാണ് ജിബ്‌രീലിനോട് ശത്രുത വെച്ചുപുലർത്തുന്നത്. അദ്ദേഹം ഇതിനെ അല്ലാഹുവിന്റെ അനുമതി പ്രകാരം നിന്റെ ഹൃദയത്തിൽ അവതരിപ്പിച്ചതാണ്. ഇതാണെങ്കിൽ അതിനു മുമ്പിലുള്ളതിനെ സത്യപ്പെടുത്തുന്നതും സത്യവിശ്വാസികൾക്ക് സന്മാർഗ്ഗവും സുവിശേഷവും നൽകുന്നതുമാണ്.**

*പദാർത്ഥം*

നീ പറയുക. ആരാണ് ശത്രുതപുലർത്തുന്നത് ജിബ്‌രീലിനോട് നിശ്ചയമായും അവൻ അതിനെ ഇറക്കിയിരിക്കുന്നു നിന്റെ ഹൃദയത്തിൽ അല്ലാഹുവിന്റെ കല്പന പ്രകാരം സത്യപ്പെടുത്തുന്നത് അതിനു മുമ്പിലുള്ളതിനെ സന്മാർഗ്ഗവും സുവിശേഷവും വിശ്വാസികൾക്ക്

ബൈബിളിലും, വിശുദ്ധഖുർആനിലും ജിബ്‌രീലിനെ

ക്കുറിച്ച് പറയുന്നത് അദ്ദേഹം മലക്കുകളുടെ നേതാവാണെന്നാണ്. ദൈവിക വെളിപാട് സൃഷ്ടികളിലേക്ക് എത്തിക്കുകയാണ് അദ്ദേഹത്തിന്റെ ജോലി. എന്നാൽ യഹൂദികൾ പിന്നീട് ജിബ്രീലിനെ യുദ്ധത്തിന്റേയും ശിക്ഷയുടേയും മലക്കായി വിശ്വസിക്കുകയുണ്ടായി. (എൻസൈക്ലോപീഡിയ ബബ്ലിക്ക. ജിബ്രീൽ എന്ന പദത്തിന്ന് താഴെ) ഈ വിശ്വാസം കാരണം അവർ ജിബ്രീലിനെ അവരുടെ ശത്രുവായി കാണുകയുണ്ടായി. ഇതു സംബന്ധമായ ഒരു നിവേദനം ***മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ*** എന്ന ഹദീസ് ഗ്രന്ഥത്തിൽ കാണാവുന്നതാണ്. യഹൂദികൾ തിരുനബിയെക്കുറിച്ചുള്ള സത്യതക്കുള്ള തെളിവുകൾ കേൾക്കുമ്പോൾ അതിന്നെതിരിൽ ഒന്നും പറയാനില്ലാതെ വരുമ്പോൾ അവർ ചോദിക്കാറുള്ളത് ആരാണ് അദ്ദേഹത്തിന് വെളിപാട് കൊണ്ടുവരുന്നതെന്നാണ്. ജിബ്രീലാണ് വെളിപാട് കൊണ്ടുവരുന്നതെന്ന് മുസ്‌ലിംകൾ പറയുമ്പോൾ അവർ ഉടനെ പറയും. "***ജിബ്രീലു സാക്കല്ലദീ യൻസിലു ബിൽഹർബി വൽ ഖിതാലി വൽ അസാബി ഉദ്‌വാനാ***" (*തഫ്സീർ ഇബ്നു കഥീർ, വാള്യം-1 തഫ്സീർ ഫത്ഹുൽ ബയാൻ, വാള്യം-1, പേ-222*)

ജിബ്രീലോ! അദ്ദേഹം കുഴപ്പവും യുദ്ധവും ശിക്ഷയും കൊണ്ടാണ് ഇറങ്ങാറ്. അദ്ദേഹം ഞങ്ങളുടെ ശത്രുവാണ്. അതുകൊണ്ട് അദ്ദേഹം കൊണ്ടുവന്ന വചനം ഞങ്ങളെങ്ങനെ സ്വീകരിക്കാനാണ്.

എന്നാൽ ദാനിയേൽ പ്രവാചകൻവരെ ഇക്കൂട്ടർ വിശ്വസിച്ചിരുന്നത് ജിബ്രീൽ വഹ്‌യ് കൊണ്ടുവരുന്ന മലക്കാണെന്നാണ്. പിന്നീട് ഇവർ മിക്കാഈലാണ് വഹ്‌യ് കൊണ്ടുവരുന്ന മലക്കെന്ന് വിശ്വസിക്കാൻ തുടങ്ങി.

ഇവിടെ അല്ലാഹു പറയുന്നത് നിങ്ങൾ ജിബ്രീലിനോട് ശത്രുത പുലർത്തുന്നത് എന്തിന്? ജിബ്രീൽ കൊണ്ടുവന്നത് സ്വന്തം ഇഷ്ടമനുസരിച്ചല്ല, അല്ലാഹുവിന്റെ കല്പന പ്രകാരമാണ്. ഇനി മീക്കാഈൽ ആണെങ്കിലും ഇതുതന്നെയാണ് കൊണ്ടുവരിക. '***ബി ഇദ്നില്ലാഹി***' അല്ലാഹുവിന്റെ കല്പന പ്രകാരം എന്ന് പറഞ്ഞ് ഞങ്ങളുടെ ശത്രുവായ ജിബ്രീൽ കൊണ്ടുവന്നതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുകയില്ല എന്ന അവരുടെ വാദത്തെ ഇവിടെ ഖണ്ഡിക്കുകയാണ്. മാത്രമല്ല ഈ ഇറക്കപ്പെട്ട ഗ്രന്ഥം അവരുടെ കയ്യിലുള്ള ഗ്രന്ഥത്തിലെ പ്രവചനങ്ങൾ സത്യമാണെന്ന് സ്ഥാപിക്കുന്നതും കൂടിയാണ്. അവരുടെ കയ്യിലുള്ളതിനെ സത്യമാണെന്ന് പറയുകയും സത്യത്തിലേക്ക് മാർഗ്ഗദർശനവും സന്തോഷവാർത്തയും നൽകുന്നതിനെ ഇല്ലാത്ത കാരണം പറഞ്ഞ് നിഷേധിക്കുകയും ചെയ്യുന്നത് ഒരിക്കലും ശരിയല്ല.

مَنْ كَانَ عَدُوًّا لِّلّٰهِ وَمَلٰٓئِكَتِهٖ وَرُسُلِهٖ وَجِبْرِيْلَ
وَمِيْكٰلَ فَاِنَّ اللّٰهَ عَدُوٌّ لِّلْكٰفِرِيْنَ ﴿٩٩﴾

**൯൯. "ഏതൊരാൾ അല്ലാഹുവിന്റേയും അവന്റെ മലക്കുകളുടേയും അവന്റെ പ്രവാചകന്മാരുടേയും ജിബ്‌രീലിന്റെയും മീക്കാഈലിന്റേയും ശത്രുവാകുന്നുവോ (അവർ ഓർത്തിരിക്കട്ടെ) അല്ലാഹു (അത്തരം) നിഷേധികളുടെ ശത്രുവാകുന്നു.**

*പദാർത്ഥം*

ആരാണോ ശത്രുവാകുന്നത് അല്ലാഹുവിന്റെ അവന്റെ മലക്കുകളുടേയും അവന്റെ പ്രവാചകരുടേയും ജിബ്‌രീലിന്റെയും മിക്കാഈലിന്റെയും നിശ്ചയമായും അല്ലാഹു ശത്രുവാകുന്നു നിഷേധികളുടെ

മലക്കുകൾ ഒരു മാധ്യമമായി വർത്തിക്കുന്നവരാണ്. ഏതുപോലെ ശബ്ദം കേൾക്കാൻ വായു മാധ്യമമായി പ്രവർത്തിക്കുന്നുവോ അതുപോലെ. അതുകൊണ്ട് മലക്കുകളെ നിഷേധിക്കുന്നവരും അവരോട് ശത്രുത പുലർത്തുന്നവരും യഥാർത്ഥത്തിൽ ആരാണോ അവർക്ക് സന്തോഷം നൽകുന്നത് അവനെ നിഷേധിക്കുന്നവരാണ്. സന്ദേശവാഹകനായി ജിബ്‌രീലിനെ എന്തിന് തിരഞ്ഞെടുത്തു മറ്റുള്ളവരെ എന്തുകൊണ്ട് തിരഞ്ഞെടുത്തില്ല എന്നെല്ലാമുള്ള ചോദ്യം വെറും ബാലിശമാണ്. കാരണം ആരെ തിരഞ്ഞെടുത്താലും അവരുടെ പ്രവർത്തി ഈ സന്ദേശം എത്തിക്കുക എന്നതു മാത്രമാണ്. നിങ്ങൾ ഈ സന്ദേശത്തെയാണ് ഉൾക്കൊള്ളേണ്ടത്. സന്ദേശവാഹകനോട് ശത്രുത വെച്ചുപുലർത്തുക എന്നതുതന്നെ സന്ദേശം അയക്കുന്നവനോട് കാണിക്കുന്ന അപമര്യാദയാണ്. അതിന്റെ പേരിൽ സന്ദേശത്തെ നിഷേധിക്കുന്നത് വലിയ പാതകവും. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് ഈ മലക്കുകളോട് നിങ്ങൾ ശത്രുത കാണിക്കുമ്പോഴാണ് അല്ലാഹു നിങ്ങളുടെ ശത്രുവായിത്തീരുന്നത്. ജിബ്‌രീലിനെ നിഷേധിക്കുമ്പോൾ എല്ലാ മലക്കുകളേയും എല്ലാ പ്രവാചകന്മാരേയും നിഷേധിക്കേണ്ടിവരുന്ന അവസ്ഥയാണ് ഉണ്ടാവുന്നത്. അതുകൊണ്ട് ഈ ഒരു കാരണം തന്നെയാണ് അവസാനം അല്ലാഹുവിന്റെ ശത്രുതക്ക് കാരണമായിത്തീരുന്നതും.

അവലംബം: Thafseer kabeer Urdu Vol. II by The Second Head of the Ahmadiya Jamath, Hadrat Bashiruddin Mahmood Ahmad, Kahalifathul Massih II

ഹദീസ്

# ബിസ്മില്ലാഹ്
## ഉറക്കെയോ പതുക്കെയോ?

عن انس ان النبي ﷺ و ابا بكر و عمر كانوا
يفتتحون الصلوة بالحمد لله رب العلمين ★

**ഹ**സ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. നബി(സ) തിരുമേനിയും അബൂബക്കറും ഉമറും നമസ്കാരം ആരംഭിച്ചിരുന്നത് 'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ' മുതലാണ്. (*ബുഖാരി*)

ഖലീഫത്തുൽ മസീഹ് റാബിഅ് ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറയുന്നു: ബിസ്മില്ലാഹ് ചൊല്ലൽ നിർബന്ധമാണ്. എന്നാൽ ഉറക്കെ ഓതുക എന്നത് നിർബന്ധമല്ല. ഫുഖഹാഅ് അഥവാ കർമ്മശാസ്ത്ര പണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായവ്യത്യാസം മാത്രമാണിത്. ശാഫീ മദ്ഹബുകാർ ഉറക്കെ ചൊല്ലണമെന്ന് നിർബന്ധം പിടിക്കുന്നു. എന്നല്ല, അറബികളായ മിക്ക അഹ്മദികളും ഇമാമു നില്ക്കുകയാണെങ്കിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം ഉറക്കെ ഓതാറുണ്ട്. നാമൊരിക്കലും അതിനെ വിലക്കിയിട്ടില്ല. കാരണം നിർബന്ധപൂർവ്വം നടപ്പിൽവരുത്തേണ്ട ഒരു പ്രശ്നമല്ല ഇത്. രണ്ടു സാധ്യതകളുണ്ട്. രണ്ടും അഹ്മദിയ്യാ ജമാഅത്തിൽ നടന്നുവരുന്നു. പക്ഷേ, ഹനഫീ കർമ്മശാസ്ത്രത്തിന് വാഗ്ദത്ത മഹ്ദീ മസീഹ് മിർസാ ഗുലാം അഹ്മദ് (അ) മറ്റു കർമ്മശാസ്ത്രങ്ങൾക്കുമേൽ മുൻഗണന നല്കിയിരുന്നതുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ രീതി ഈ ഫിഖ്ഹ് അനുസരിച്ചാണ് നടന്നുവരുന്നത്. ഹനഫികൾ ബിസ്മില്ലാഹ് ഉറക്കെ ഓതാറില്ല. മറ്റുള്ളവർ ഓതുകയാണെങ്കിൽ അവർ ആക്ഷേപിക്കാറുമില്ല. അതായത് ഉറക്കെ ഓതിയാൽ നിന്റെ നിസ്കാരം നിഷ്ഫലമായിപ്പോകും എന്ന പിടിവാശിയൊന്നും ഇല്ല.

എന്റെ വന്ദ്യമാതുലൻ വൊലിയുല്ലാഹ് ശാഹ് സാഹിബ് ഒരുപാടുകാലം അറബികളുടെ ഇടയിൽ താമസിച്ചിരുന്നയാളാണ്. അദ്ദേഹം ബിസ്മില്ലാഹ് ഉറക്കെ ഓതുമായിരുന്നു. അതദ്ദേഹത്തിന്റെ ശീലമായിരുന്നു. ഇതറിഞ്ഞിട്ടും ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അദ്ദേഹത്തെ ഇമാമുസ്സ്വലാത്തായി നിശ്ചയിച്ചിരുന്നു. ഒരിക്കലും ഒരു സ്വഹാബിയോ ഏതെങ്കിലുമൊരു അഹ്മദിയോ ബിസ്മില്ലാഹ് ഉറക്കെ ഓതുന്നതെന്തിന് എന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിച്ചതായി എനിക്കറിയില്ല. ഇത്തരം പ്രശ്നങ്ങളെ നാം പരസ്പരം തമ്മിൽ തല്ലുന്നതിനും ഭിന്നിപ്പുണ്ടാക്കുന്നതിനും മാർഗ്ഗമാക്കാറില്ല. നബി(സ) ഇങ്ങനെ ചെയ്തിരിക്കാം എന്നൊരാൾ സത്യസന്ധമായി മനസ്സിലാക്കുന്നുവെങ്കിൽ അയാൾ അങ്ങനെ ചെയ്യട്ടെ. മറ്റൊരാൾ അങ്ങനെയല്ല ഇങ്ങനെയാണെന്ന് മനസ്സിലാക്കിയാൽ അയാൾ ഇങ്ങനെ ചെയ്യട്ടെ. രണ്ടുപേർക്കും അതനുഗ്രഹമാണ്. ജമാഅത്തിനെ തിരിച്ചറിയുക എന്ന നിലയിൽ നടപ്പിലായിക്കഴിഞ്ഞിരിക്കുന്ന കാര്യം ബിസ്മില്ലാഹ് ഉറക്കെ ഓതാറില്ല എന്നതാണ്. എന്നാൽ ആരെങ്കിലും ഉറക്കെ ഓതിയാൽ നമുക്കതിൽ ആക്ഷേപമില്ല.

---

4-ാം പേജിൽനിന്ന്

"പ്രസിഡന്റ് സിയാ ഉൽ ഹഖ് വിമാനാപകടത്തിൽ മരിക്കുന്നതിന് ഏതാനും ദിവസങ്ങൾ മാത്രം മുമ്പ് അദ്ദേഹത്തിന്റെ പേരെടുത്തുപറഞ്ഞ് ഗുരുതരമായ ഭവിഷ്യത്തിനെക്കുറിച്ച് താക്കീത് നല്കിക്കൊണ്ട് ഖാദിയാനി നേതാവ് മിർസാ താഹിർ അഹ്മദ് ചെയ്ത പ്രസംഗം അപകടത്തെക്കുറിച്ച അന്വേഷണത്തിൽ ഉൾപ്പെടുത്തണമെന്ന് ലോകപ്രവാചകത്വ പരിസമാപ്തി മിഷ്യണറി മൗലാനാ മൻസൂർ അഹ്മദ് ആവശ്യപ്പെട്ടു." (*മാധ്യമം, പേജ്-2, 1988 സപ്തംബർ 25 ഞായർ, കോഴിക്കോട്*)

അപകടങ്ങളും ദുരന്തങ്ങളും നാശങ്ങളും സാധാരണമാണ്. എന്നാൽ ഇവിടെ അതല്ല. ഒരുഭാഗത്ത് അല്ലാഹുവിനെ ആരാധിക്കുകയും അവനെ മാത്രം ആശ്രയിക്കുകയും അവനുമാത്രമേ തങ്ങളെ രക്ഷിക്കാൻ കഴിയൂ എന്ന് ഉറച്ചു വിശ്വസിക്കുകയും ചെയ്യുന്ന വിഭാഗം. ഭൗതികമായ ഒരായുധവും അവരുടെ പക്കലില്ല. അവരാരോടും ഏറ്റുമുട്ടുന്നില്ല. മറുഭാഗത്ത് ആ വിഭാഗത്തെ നിരോധിക്കുകയും സമാധാനത്തോടെ ദൈവസവിധത്തിൽ തലകുനിച്ച് പ്രാർത്ഥിക്കാൻപോലും അനുവദിക്കാതെ അവരുടെമേൽ കുതിരകയറുകയം ചെയ്യുന്ന വിഭാഗം. അല്ലാഹുവിനുവേണ്ടി ഇതൊക്കെ ചെയ്യുന്നുവെന്നാണ് ഇക്കൂട്ടരുടെ ഭാവം. വിശ്വാസവും അവിശ്വാസവും തമ്മിലുള്ള പോരാട്ടം. അവിശ്വാസത്തിന്റെ നായകൻ നശിച്ചൊടുങ്ങുമെന്ന് വിശ്വാസികളുടെ നേതാവ് ദൈവിക അറിയിപ്പനുസരിച്ച് കാലേക്കൂട്ടി പ്രവചിക്കുന്നു. അത് പേരെടുത്തു പറയുന്നു. അഞ്ച് ദിവസത്തിന്നുള്ളിൽ അത് പറഞ്ഞതുപോലെ സംഭവിക്കുന്നു. ഇത് മുഅ്ജിസത്ത് അഥവാ അത്ഭുതദൃഷ്ടാന്തമല്ലെങ്കിൽ പിന്നെ മുഅ്ജിസത്ത് എന്ന് പറയുന്നത് എന്തിനെയാണ്?

# നബിയെ സ്നേഹിക്കുന്നവർ ഇത് ചെയ്യില്ല

"ഇന്നലെ ഇവിടെ ലണ്ടനിൽ വിവിധ തീവണ്ടികളിലും ബസ്സുകളിലും ഉണ്ടായ സംഭവം. അത് അക്രമത്തിന്റേയും മൃഗീയതയുടേയും ഒരുദാഹരണമാണ്. ഇത് ഇസ്ലാമിക അദ്ധ്യാപനമനുസരിച്ചാണോ? നബി (സ) തിരുമേനിയെ സ്നേഹിക്കുന്ന ഒരാൾക്ക് ഇത്തരം പ്രവൃത്തി ചെയ്യാൻ കഴിയുമെന്ന് ഞാനൊരിക്കലും കരുതുന്നില്ല. എന്തായാലും ഏത് സംഘടനയാണ്, ഏത് ഗ്രൂപ്പാണ് ഇത് ചെയ്തതെങ്കിലും ഇവർ മുസ്ലിംകളെന്ന് പറയുന്ന കക്ഷിയാണെങ്കിൽ അവർ ഇസ്ലാമിനും നബി(സ) തിരുമേനിക്കും ദുഷ്പേരുണ്ടാക്കാൻ ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. നമ്മൾ അഹ്മദികൾ ഭാഗ്യവാന്മാരാണ്. നാം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഈ നിരർത്ഥവും അക്രമപരവുമായ പ്രവൃത്തികളിൽ നിന്ന് നമ്മെ സംരക്ഷിച്ചിരിക്കുന്നു. ഇത്തരം അക്രമങ്ങൾ ഉണ്ടായിട്ടുള്ളപ്പോഴെല്ലാം അഹ്മദിയ്യാ ജമാഅത്ത് എപ്പോഴും അതിനെ ശക്തമായി അപലപിക്കുകയും വെറുപ്പ് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാരണം ഇസ്ലാം ലോകത്ത് വന്നത് മനുഷ്യത്വം സ്ഥാപിക്കാനാണ്. അല്ലാതെ നിരപരാധികളുടെ ജീവൻ അപഹരിച്ചെടുക്കാനല്ല. അല്ലാഹു കരുണ ചെയ്യുകയും ലോകത്തെ ഈ അക്രമങ്ങളിൽനിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ. ഇത്തരം സന്ദർഭങ്ങളിൽ സ്വയം പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കുന്നതോടൊപ്പം ഇസ്ലാമിന്റെ അതിമനോഹരമായ അദ്ധ്യാപനത്തെക്കുറിച്ച് ലോകത്തിന് പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഏത് സ്ഥലത്തും ഏത് രാജ്യത്തും ആരിൽനിന്ന് ഇത്തരം അക്രമപ്രവർത്തനങ്ങൾ ഉണ്ടായാലും അല്ലാഹുതന്നെ അതിനെ അടിച്ചമർത്തുമാറാകട്ടെ. നമ്മെ എപ്പോഴും നേരായ പന്ഥാവിലൂടെ നയിക്കുമാറാകട്ടെ.

*(8.7.2005)*

### ശക്തമായ മുന്നേറ്റമുണ്ടാകുമ്പോൾ......

"മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ അഹ്മദികൾക്കെതിരെ എതിർപ്പ് ശക്തമായിരിക്കുകയാണ്. ഭൗതികമായ ശക്തിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും രാജാവുവരേയോ പ്രസിഡന്റുവരേയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിവരേയോ എത്താൻ നമുക്ക് കഴിവില്ല. അവരെ നാം ആശ്രയിക്കുന്നുമില്ല. നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരും അവനിൽനിന്ന് സഹായം തേടുന്നവരുമാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രത്യേകമായി അധികമധികം പ്രാർത്ഥിക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും എല്ലാ ആക്രമണങ്ങളിൽനിന്നും സുരക്ഷിതരാക്കി തീർക്കുമാറാകട്ടെ. പ്രത്യേകിച്ച് ഇൻഡോനേഷ്യയിൽ കുഴപ്പങ്ങൾ വ്യാപകമായിരിക്കുകയാണ്. കഴിഞ്ഞ ദിനങ്ങളിൽ നമ്മുടെ ജൽസ നടക്കുമ്പോൾ ശത്രുക്കൾ ആക്രമണം നടത്തിയിരുന്നു. ചിലർക്ക് പരിക്കുപറ്റി. ഇതിനുശേഷം ഇന്ന് അവിടെത്തെ ഒരു നഗരത്തിൽ ആക്രമണം നടത്താൻ അവർ പരിപാടിയിട്ടിരുന്നു. ആ വാർത്ത അവിടെയൊക്കെ പരക്കുകയും ചെയ്തു. അതനുസരിച്ച് ഇന്ന് അവർ ജുമുഅ നമസ്കാരനേരത്ത് വീണ്ടും ആക്രമണം നടത്തി. കുറച്ച് അഹ്മദികൾക്ക് പരിക്കേറ്റിട്ടുണ്ട്. സുരക്ഷാപാലകരുടെ സഹായം ഇല്ലാത്തതിനു തുല്യമാണ്. അവർ നമ്മുടെ പള്ളി ഒഴിപ്പിച്ചിരിക്കുകയാണ്. അല്ലാഹു അവൻതന്നെ ഈ ശത്രുക്കളെ നേരിടുമാറാകട്ടെ. ജമാഅത്തിനെ എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. നമുക്ക് അറിയാം, എന്നല്ല ഓരോ അഹ്മദിയും അറിഞ്ഞിരിക്കേണ്ടതാണ്, ജമാഅത്തിന് മുന്നേറ്റമുണ്ടാകുമ്പോഴെല്ലാം ഇത്തരം പരീക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. ശത്രുവിന്റെ അസൂയയുടെ അഗ്നി ജ്വലിച്ചുയരുന്നു. പക്ഷേ, ശത്രുവിന്റെ അസൂയയുടെ അഗ്നി ജ്വലിച്ചുയരുമ്പോൾ അഹ്മദികളുടെ ജോലി കൂടുതൽ കൂടുതൽ അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുകയും ദുആ ഇരക്കുകയും ചെയ്യുക എന്നതാണ്. നിങ്ങൾക്കും നിങ്ങളുടെ ഈമാൻ വർദ്ധിക്കുന്നതിനും ചെയ്ത പ്രതിജ്ഞ പാലിക്കാൻ തൗഫീഖ് കിട്ടുന്നതിനും ജമാഅത്തിന്റെ സംരക്ഷണത്തിനും പരിക്കേറ്റ അഹ്മദികളുടെ ആവേശം ഉയരുന്നതിനും അവർക്ക് ക്ഷമയും ഇസ്തിഖാമത്തും അഭയവും ലഭിക്കുന്നതിനും എല്ലാ ഉപദ്രവങ്ങളിൽനിന്നും രക്ഷകിട്ടുന്നതിനും വേണ്ടി ദുആ ഇരക്കുക. അല്ലാഹു സഹായിക്കുമാറാകട്ടെ."

*(15.7.2005)*

### അപകർഷതാബോധം എന്തിന്?

'പർദ്ദ' ഉപേക്ഷിക്കുന്നവരിൽ ഒരുതരം അപകർഷതാബോധമാണുള്ളത്. അഹ്മദീ സ്ത്രീകൾ എല്ലാത്തരം അപകർഷതാബോധത്തിൽനിന്ന് മോചനം നേടേണ്ടതാണ്. ഒരുതരത്തിലുള്ള കോംപ്ലക്സും അവർക്കുണ്ടാകാൻ പാടില്ല. ആരെങ്കിലും ചോദിച്ചാൽ പർദ്ദ ധരിക്കുകയും നഗ്നത പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്യുക എന്നത് മതപരമായ അടിസ്ഥാന കല്പനയാണെന്ന് തുറന്നുപറയുക. കോംപ്ലക്സൊന്നുമില്ലാത്ത പർദ്ദ ധരിക്കുന്ന സ്ത്രീകളുടെ നല്ല സ്വാധീനം ഈ പാശ്ചാത്യ സമൂഹത്തിലും ഉണ്ടാകുന്നതായി ഞാൻ കണ്ടിട്ടുണ്ട്. അവരെ സച്ചരിതരായിട്ട് ആളുകൾ

ചരിത്രം

# കാരുണ്യത്തിന്റെ പ്രവാചകൻ മുഹമ്മദ്(സ)

ഇസ്ലാമിന്റെ പരിശുദ്ധ സ്ഥാപകൻ ഹസ്റത്ത് മുഹമ്മദ് നബി(സ) ഇന്നേക്ക് 1400 വർഷം മുമ്പ് AD 571 ഏപ്രിൽ 20 റബീഉൽ അവ്വൽ 9 തിങ്കളാഴ്ച്ച മക്കയിൽ ജനിച്ചു. തിരുനബി (സ) ഖുറൈശിഗോത്രത്തിലെ പ്രസിദ്ധമായ ബനു ഹാശിമിലെ ഓമനപുത്രനായിരുന്നു. പിതാവിന്റെ പേർ അബ്ദുല്ലാഹ് എന്നും മാതാവിന്റെ പേർ ആമിന എന്നുമായിരുന്നു. നബി(സ) യുടെ ജനനത്തിന് മുമ്പുതന്നെ പിതാവ് ഇഹലോക വാസം വെടിഞ്ഞു. നബി(സ) അനാഥനായി. നബി (സ) യുടെ സംരക്ഷണത്തിന്റെ മഹത്തായ ഉത്തരവാദിത്വം മക്കയിലെ നേതാവും അവിടത്തെ പിതാമഹനുമായ അബ്ദുൽ മുത്തലിബ് ഏറ്റെടുത്തു.

ആറുമാസം ആയപ്പോൾ നബി(സ)യെ മക്കയിലെ സമ്പ്രദായപ്രകാരം വളർത്തുവാൻവേണ്ടി ഹസ്റത്ത് ഹലീമയെ ഏൽപിച്ചു. അങ്ങനെ നബി(സ) അവരുടെ വീട്ടിൽ നാലഞ്ച് വർഷംവരെ താമസിച്ചു. ആറേകാൽ വയസ് പ്രായമായപ്പോൾ മാതവിന്റെ തണലും തലക്ക് മീതെനിന്നും ഉയർന്നുപോയി. പിന്നീട് നബി(സ) വീണ്ടും തന്റെ പിതാമഹന്റെ സംരക്ഷണത്തിലായി. അദ്ദേഹം തിരുനബി(സ)യെ വളരെയധികം സ്നേഹത്തോടുകൂടി വളർത്തി. എന്നാൽ, രണ്ട് വർഷം കഴിയുന്നതിന് മുമ്പുതന്നെ പിതാമഹനും ഇഹലോകവാസം വെടിഞ്ഞു. തുടർന്ന് പിതാമഹന്റെ ആഗ്രഹപ്രകാരം പിതൃസഹോദരൻ അബൂതാലിബ്, നബി (സ)യുടെ സംരക്ഷണച്ചുമതല ഏറ്റെടുക്കുകയും സ്നേഹത്തോടും ശ്രദ്ധയോടുംകൂടി വളർത്തുകുയും ചെയ്തു.

നബി(സ) പന്ത്രണ്ടാമത്തെ വയസിൽ തന്റെ പിതൃവ്യനോടൊപ്പം ആദ്യമായി ശാമിലേക്ക് യാത്ര ചെയ്തു. തിരുനബി(സ)ക്ക് എഴുത്തും വായനയും വശമില്ലായിരുന്നെങ്കിലും കച്ചവടരീതികളുമായി വളരെയധികം ബന്ധമുണ്ടായിരുന്നു. കുട്ടിക്കാലം മുതൽത്തന്നെ തിരുനബി(സ)യുടെ സ്വഭാവത്തിൽ നന്മ, പരിശുദ്ധി, വിശ്വസ്തത, സൽസ്വഭാവം മുതലായ സൽഗുണങ്ങൾ ഉണ്ടായിരുന്നു. കൊടുക്കൽ വാങ്ങലിൽ കളങ്കമില്ലാത്ത ആളും സത്യത്തിൽ അടിയുറച്ച ആളുമായ കാരണത്താൽ സത്യസന്ധൻ എന്നും വിശ്വസ്തൻ എന്നും അറിയപ്പെട്ടു. ഈ പരിശുദ്ധസ്വഭാവം കാരണം മക്കയിലെ ധനാഢ്യയും വിധവയുമായ ഹസ്റത്ത് ഖദീജ (റ) തിരുനബിയെ വിവാഹം കഴിച്ചു. അന്ന് നബി (സ) യക്ക് 25 വയസും ഹസ്റത്ത് ഖദീജ(റ)ക്ക് നാൽപത് വയസും പ്രായമുണ്ടായിരുന്നു. ഹസ്റത്ത് ഖദീജ(റ) യുടെ മക്കളിൽ ഹസ്റത്ത് ഫാത്തിമ(റ) പ്രസിദ്ധയാണ്.

**നബി (സ)യുടെ ആഗമനം**

ഹസ്റത്ത് ഖദീജ(റ)യുമായുള്ള നിക്കാഹിന് ശേഷം തിരുനബി(സ) സമ്പന്നനായെങ്കിലും തന്റെ മുതലുകൾ ദരിദ്രർക്കും അഗതികൾക്കും ആവശ്യക്കാർക്കും വേണ്ടി ചെലവഴിക്കുകയും ഒഴിവ്സമയ

---

മനസ്സിലാക്കുന്നു. അതുകൊണ്ട് പർദ്ദ ധരിക്കുന്ന കാരണത്താൽ നിങ്ങളെ പരിഹസിക്കും എന്ന അപകർഷതാബോധം നിങ്ങളുടെ മനസ്സിൽനിന്ന് നീക്കിക്കളയുക. മറ്റുള്ളവരിൽനിന്ന് ഒരു പ്രത്യേക വ്യത്യാസം നിങ്ങൾ ഉണ്ടാക്കിയെടുക്കുക. ആഫ്രിക്കയിൽ എനിക്ക് കാണാനിടയായി. നഗ്നതയോടെ നടന്നവർ തുണിയുടുക്കാൻ തുടങ്ങി. പിന്നീടവർ ശരീരം മുഴുവൻ മൂടുന്ന രീതിയിലുള്ള വസ്ത്രം ധരിച്ചു. ചിലർ നിക്കാബോടുകൂടിയ പർദ്ദയും അണിയാൻ തുടങ്ങി.

ഇവിടെയും അമേരിക്കയിൽനിന്നു വന്നിട്ടുള്ള ഒരുപാട് നമ്മുടെ ആഫ്രോ-അമേരിക്കൻ സഹോദരിമാരിൽ ചിലരുടെ പർദ്ദ അസൂയ ഉണ്ടാകുംവിധം ഉന്നതക്കിടയിലുള്ളതായിരുന്നു. അത് മറ്റുള്ളവർക്ക് മാതൃകയാണ്. പർദ്ദയുടെ കാര്യത്തിൽ പാക്കിസ്ഥാനികൾക്ക് നിങ്ങൾ മാതൃകയായിത്തീരുന്നു എന്ന് തോന്നുന്നതായി ഞാൻ ഇന്നലെ അവരോട് പറയുകയും ചെയ്തു. അപ്പോൾ തീർച്ചയായും അങ്ങനെതന്നെ ഉണ്ടാകുമെന്ന് അവർ പറഞ്ഞു. അതുകേട്ടപ്പോൾ എനിക്ക് ആശങ്കയായി. പഴക്കവും തഴക്കവുമുള്ള അഹ്മദികളുടെ പർദ്ദയില്ലായ്മ അവർ തീർച്ചയായും വീക്ഷിക്കുന്നുണ്ട്. അതായത് പുതിയതായി വരുന്നവർ. അതിൽ പ്രായംചെന്ന ഒരു സ്ത്രീയുമുണ്ടായിരുന്നു. അവർ വലിയ ചാതുർ നല്ലവണ്ണം മൂടിപ്പുതച്ചിരുന്നു. അവർ മറ്റൊരു കാര്യംകൂടി പറഞ്ഞപ്പോൾ എന്റെ ആശങ്ക കൂടി. അവർ ചോദിച്ചു. ഞാൻ താങ്കളുടെ മുമ്പിൽ വരുമ്പോൾ പർദ്ദ ധരിച്ചുകൊണ്ട് വരേണ്ടതുണ്ടോ? ഞാൻ അവരോട് പറഞ്ഞു. എന്റെ മുമ്പിൽ വരികയെന്നല്ല പർദ്ദയുടെ ഉദ്ദേശ്യം. എപ്പോഴും പർദ്ദ ധരിക്കാനാണ് കല്പന. എപ്പോഴും ധരിക്കേണ്ടതുമാണ്. പക്ഷെ, നിങ്ങൾ അങ്ങേയറ്റം പ്രായംചെന്നിരിക്കുന്നു. പ്രായം ചെന്നവർക്ക് ചില ഇളവുകളുണ്ട്. എന്നാൽ, മറ്റുള്ളവർക്ക് ആക്ഷേപമുന്നയിക്കാൻ ഇടം നല്കരുത്. എന്നെ കാണാൻ വരുമ്പോൾ പർദ്ദ അണിയുകയും, ചാതുർ പുതക്കുകയും, ബുർഖ ധരിക്കുകയും നല്ലവണ്ണം സ്കാർഫ് കെട്ടുകയും ചെയ്യുന്നത് നിങ്ങൾക്ക് ശീലമുണ്ടാകാനാണെങ്കിൽ അതനുവദനീയമാണ്. എന്നാൽ, ഞാൻ എന്തെങ്കിലും പറഞ്ഞാലോ എന്ന് കരുതിയാണ് ഇങ്ങനെ വരുന്നതെങ്കിൽ നിങ്ങൾ എന്നെ ഭയപ്പെടുന്നതിനു പകരം അല്ലാഹുവിനെ ഭയപ്പെടുക. അവസാനം മറുപടി പറയേണ്ടത് അല്ലാഹുവിനോടാണ്. എന്നോടല്ല." (*മഹിളകളോട് ചെയ്ത പ്രഭാഷണം, കാനഡ, 25.6.2005*)

ങ്ങൾ ആരാധനയിലും ദൈവസ്മരണയിലും മുഴുകുകയുമാണ് ചെയ്തത്. മക്കാനഗരത്തിനടുത്തുള്ള ഒരു മലയിലെ ഹിറാ ഗുഹയിൽ ഏകാഗ്രനായിക്കൊണ്ട് ആരാധന നടത്തുകയും ദിവസങ്ങളോളം അവിടെ ദൈവസ്മരണയിലും ദുആയിലും മുഴുകിയിരിക്കുകയും ചെയ്തിരുന്നു.

നാൽപത് വയസ്സ് പ്രായമായപ്പോൾ പ്രവാചകത്വത്തിന്റെ കിരീടം അണിയിക്കപ്പെട്ടു. പരിശുദ്ധ റമദാൻ മാസത്തിൽ നബി(സ) ദിവ്യവെളിപാടിനാൽ അനുഗൃഹീതനായി. ആദ്യമായി ഇറങ്ങിയ വെളിപാട് ഇപ്രകാരമാണ് "***ഇഖ്റഅ് ബിസ്മി റബ്ബിക്കല്ലദീ ഖലഖ്***"

കുടുംബത്തെയും സമൂഹത്തെയും വിഗ്രഹാരാധനയിൽനിന്നും തടയുക എന്ന കൽപന കിട്ടിയപ്പോൾ നബി (സ) നിശബ്ദനായി തബ്ലീഗ് ആരംഭിച്ചു. മൂന്ന് വർഷത്തിന് ശേഷം തുറന്ന രീതിയിൽ തബ്ലീഗ് നടത്താൻ തുടങ്ങി! ആദ്യം മക്കാനിവാസികൾക്ക് തൗഹീദിന്റെ സന്ദേശം എത്തിച്ചു. അതിന്റെ ഫലമായി ഇസ്ലാം സ്വീകരിച്ചവരുടെമേൽ അവിശ്വാസികൾ അക്രമം അഴിച്ചുവിടാൻ തുടങ്ങി. നബി (സ)യക്ക് തന്നെയും വിഷമതകൾ ഉണ്ടാക്കി. ഏതുവരെയെന്നാൽ മൂന്ന് വർഷത്തോളം കുടുംബസഹിതം ശിഅ്ബ് അബീത്വാലിബ് എന്നറിയപ്പെടുന്ന സ്ഥലത്ത് ബന്ദിയായി കഴിച്ചുകൂട്ടേണ്ടിവന്നു. അവിടെ പരിപൂർണമായും ഭ്രഷ്ട് കൽപിക്കപ്പെട്ടു. പിതൃവ്യൻ അബൂത്വലിബ് ജീവിച്ചിരുന്ന കാലമത്രയും സഹായം ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ നുബുവ്വത്തിന്റെ പത്താം വർഷം അബൂത്വാലിബിന്റെ മരണത്തോടെ ഈ സഹായവും അവസാനിച്ചു. അതോടെ ഖുറൈശികളുടെ ദുഷ്കൃത്യങ്ങൾ വീണ്ടും പെരുകി.

**മദീനയിലേക്ക് ഹിജ്റത്ത്**

മക്കയിലെ ഉപദ്രവങ്ങൾ അതിരുകവിയുകയും ഖുറൈശികൾ ഒന്നിച്ച് നബി(സ)യെ വധിക്കുവാൻ തീരുമാനിക്കുകയും ചെയ്തപ്പോൾ നബി(സ) നുബുവ്വത്തിന്റെ 13-ാം വർഷം ദൈവകൽപന പ്രകാരം ഹസ്റത്ത് അബൂബക്കർ(റ) നോടൊപ്പം രാത്രി നേരം മക്കയിൽനിന്നും മദീനയിലേക്ക് യാത്രയായി. മക്കയിൽനിന്നും നാലഞ്ച് മൈൽ ദൂരത്ത് സൗർ ഗുഹയിൽ നബി (സ) മൂന്ന് ദിവസം താമസിച്ചു. പിന്നീട് മദീനയിലേക്ക് പോയി. ഇസ്ലാം സ്വീകരിച്ച മദീനവാസികൾ അൻസാർ എന്ന പേരിലറിയപ്പെടുന്നു. ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി മദീനയിൽ വന്ന് താമസമാക്കിയ മുസ്ലിംകൾ മുഹാജിർ എന്ന പേരിലറിയപ്പെടുന്നു. അൻസാറുകൾ മുഹാജിറുകൾക്ക് തങ്ങളുടെ വീട്ടിൽ അഭയം നൽകി. നബി (സ) അവരെ സാഹോദരന്മാരാക്കി.

നബി(സ) തിരുമേനി ഹിജറയ്ക്ക് ശേഷം പത്ത് വർഷം ജീവിച്ചു. മക്കയിലെ ഖുറൈശികൾ, മുസ്ലിംകൾക്ക് മദീനയിൽ അഭയം ലഭിച്ചതായി കണ്ടപ്പോൾ പലതവണ മുസ്ലിംകളുടെമേൽ ആക്രമണം അഴിച്ചുവിടുകയും സൈനിക ശക്തികൊണ്ട് ഇസ്ലാമിനെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. മുസ്ലിംകളും ആത്മസംരക്ഷണാർത്ഥം അവരെ നേരിട്ടു. അതിനാൽ മുസ്ലിംകളുടെയും നിഷേധികളുടേയും ഇടയിൽ വളരെയധികം രക്തരൂക്ഷിത യുദ്ധങ്ങൾ നടന്നു. ബദർയുദ്ധം, ഉഹദ് യുദ്ധം, അഹ്സാബ്യുദ്ധം എന്നിവ അവയിൽ പ്രസിദ്ധമാണ്. ബദ്ർ യുദ്ധത്തിൽ മുസ്ലിംകളുടെ എണ്ണം 313 ഉം അവിശ്വാസികളുടെ എണ്ണം ആയിരത്തിലധികവും ആയിരുന്നു. ബദ്ർ യുദ്ധത്തിന് മൂന്ന് വർഷം കഴിഞ്ഞ് നടന്ന ഉഹ്ദ് യുദ്ധത്തിൽ മുസ്ലിംകളുടെ എണ്ണം 700ഉം ശത്രുക്കളുടെ എണ്ണം 3000 ഉം ആയിരുന്നു. അല്ലാഹുതആല മുസ്ലിംകൾക്ക് വിജയം നൽകി. ഹിജ്റ അഞ്ചാംവർഷത്തിൽ തങ്ങളുടെ അകൃത്യങ്ങളുടെയും കരാർ ലംഘനങ്ങളുടെയും കാരണത്താൽ മദീനയിൽനിന്നും പുറത്താക്കപ്പെട്ട യഹൂദികൾ മക്കയിലെ ഖുറൈശികളെ വീണ്ടും യുദ്ധത്തിനായിഇളക്കിവിട്ടു. കൂടാതെ മറ്റുഗോത്രങ്ങളേയും യുദ്ധത്തിനായ് പ്രേരിപ്പിച്ചു. ഈ ശ്രമങ്ങളുടെ ഫലമായി പതിനായിരത്തോളം വരുന്ന ശക്തരായ സൈന്യം മദീന ആക്രമിച്ചു. നബി(സ) നഗരത്തിന്റെ സംരക്ഷണത്തിനായി ചുറ്റും കിടങ്ങ് കുഴിപ്പിച്ചു. ഏകദേശം ഒരുമാസംവരെ ശത്രുസൈന്യം മദീനയെ വളഞ്ഞു. പിന്നെ അല്ലാഹുവിന്റെ സഹായം രാത്രിയിൽ ശക്തമായ കാറ്റിന്റെ രൂപത്തിൽ വന്നു. മദീനക്ക് ചുറ്റും താവളമുറപ്പിച്ച ശത്രുസമൂഹങ്ങളുടെ കൂടാരങ്ങളിൽ വിളക്കുകൾ അണഞ്ഞുപോയതോടെ അവരുടെ ഹൃദയങ്ങളിൽ ഭയമുണ്ടായി. അതേ തുടർന്ന് ഓരോ കൂട്ടങ്ങളും ഓരോന്നായി ഓടിപ്പോയി. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ പരാജിതരായി. ഈ യുദ്ധം അഹ്സാബ് യുദ്ധം എന്ന പേരിലും ഖന്തക്ക് (കിടങ്ങ്) യുദ്ധം എന്ന പേരിലും അറിയപ്പെടുന്നു.

**ഹുദൈബിയ സന്ധി**

ഹിജ്റ ആറാം വർഷം നബി(സ) തിരുമേനി ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ കഅ്ബ ദേവാലയത്തെ പ്രദക്ഷിണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ മക്കയിലേക്ക് യാത്രതിരിച്ചു. 1400 പേരടങ്ങുന്ന സ്വഹാബാക്കളുടെ ഒരു സംഘം നബി(സ)യെ അനുഗമിച്ചിരുന്നു. ഹുദൈബിയ എന്ന സ്ഥലത്ത്വെച്ച് ഖുറൈശികൾ തിരുമേനി(സ)യുടെ വഴിതടഞ്ഞു. അവസാനം മുസ്ലിംകൾക്കും ഖുറൈശികൾക്കുമിടയിൽ ഹുദൈബിയ സന്ധി എന്ന പേരിൽ വിഖ്യാതമായ ഒരു കരാർ തയ്യാറാക്കപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഹുസൂർ (സ)ന് മദീനയിലേക്ക് തിരിച്ച് പോരേണ്ടിവന്നു. ബാഹ്യമായ രീതിയിൽ നോക്കുകയാണങ്കിൽ നബി(സ) സമ്മർദ്ദങ്ങൾക്ക് വഴങ്ങിയാണ് ഉടമ്പടി ചെയ്തത് എന്ന് തോന്നുമെങ്കിലും യാഥാർത്ഥത്തിൽ അതിന്റെ ഫലമായി മക്കാവിജയത്തിനുള്ള വഴി തെളിയുകയാണ് ഉണ്ടായത്. കൂടാതെ രാഷ്ട്രീയമായ രീതിയിൽ മുസ്ലിംകൾ ഒരു പ്രത്യേക സമൂഹമായി അംഗീകരിക്കപ്പെടുകയും ചെയ്തു.

**രാജാക്കൻമാർക്ക് തബ്ലീഗ് കത്തുകൾ**

ഹുദൈബിയ സന്ധിയുടെ ഫലമായി പത്ത് വർഷത്തോളം സമാധാനപൂർവ്വം കഴിയാൻ ഉടമ്പടി ആയപ്പോൾ ഹുസൂർ (സ) ലോകത്തിലെ പല ഭാഗങ്ങളി

37-ാം പേജിൽ

# യേശുവിന്റെ കബറിടം കശ്മീരിലെ ശ്രീനഗറിൽ

**ജ**ർമ്മനിയുടെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ഗോട്ടിൻജൻ പട്ടണത്തിലെ സുപ്രസിദ്ധ യൂനിവേഴ്സിറ്റിയായ ഗോട്ടിൻജൻ യൂനിവേഴ്സിറ്റിയിലെ മതവിജ്ഞാനത്തിൽ വിദഗ്ദ്ധനായ തിയോളജി പ്രൊഫസർ മിസ്റ്റർ ജേഡ് ലൂഡ്മാന്റെ ഗവേഷണ റിപ്പോർട്ട്, ജർമ്മൻ ടെലിവിഷൻ (2-RTL) 2005 മാർച്ച് 31-ന് രാത്രി 11.55-ന് സംപ്രേഷണം ചെയ്യുകയുണ്ടായി. സംക്ഷിപ്തമായ ആ റിപ്പോർട്ടിങ്ങനെയാണ്. യേശു ദൈവപുത്രനാണെന്നും അദ്ദേഹം ആകാശത്തിലേക്ക് കയറിപ്പോയെന്നും ബൈബിൾ പറയുന്നു. ഇതിനെക്കുറിച്ചുള്ള ഗവേഷണഫലം ആ വിവരണത്തെ നിഷേധിക്കുന്നതാണ്. യേശു കുരിശിൽനിന്ന് രക്ഷപ്പെട്ടതിനുശേഷം ഇന്ത്യയിലേക്ക് പോവുകയും അവിടെവെച്ച് മരിക്കുകയും ചെയ്തു.

ഇന്നേക്ക് രണ്ടായിരം വർഷം മുമ്പേ യൂറോപ്പ് മുതൽ ഫലസ്തീൻവരെ റോമൻ ഭരണമായിരുന്നു നിലനിന്നിരുന്നത്. (ഫിലിമിൽ ഫലസ്തീൻകാരുടെ അക്കാലത്തെ ജീവിതം കാണിച്ചിരുന്നു. അതായത് കൃഷിപ്പണി, കൽപ്പണി തുടങ്ങിയവ) അക്കാലത്തെ കബറുകൾ കുഴിച്ചുനോക്കിയപ്പോൾ ഫലസ്തീനിലെ ആളുകളുടെ തലമുടി നീളംകുറച്ച് വെട്ടിയിരുന്നതായി കാണാൻ കഴിഞ്ഞു. യേശുവിന്റെ തലമുടിയും നീളം കുറഞ്ഞതായിരുന്നു. ഒരു ജഡം കാണിച്ചുകൊണ്ട് യേശുവിന്റെ തലമുടി ചുരുണ്ടതും ചെറുതുമായിരുന്നുവെന്ന് വ്യക്തമാക്കുകയുണ്ടായി. ഇക്കാലത്ത് ക്രിസ്ത്യൻ പള്ളികളിൽ തലമുടിനീണ്ട ആളായി യേശുവിനെ ചിത്രീകരിക്കാറുണ്ട്. ഇത് തെറ്റാണ്.

യേശു യഹൂദികളുടെ ആരാധനാലയങ്ങളിൽ പോയി അപമര്യാദയോടെ പ്രവർത്തിച്ചിരുന്നുവെന്നും ആരാധനാസ്ഥലത്തെ വസ്തുക്കളെടുത്ത് പുറത്തേക്കെറിഞ്ഞു എന്നുമുള്ള ധാരണയും ശരിയല്ല. യേശു ജനങ്ങളുടെയിടയിൽ ചുറ്റിക്കറങ്ങി അവർക്ക് പ്രബോധനം നടത്തുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്തിരുന്നു. യേശുവിന്റെ കാലത്ത് റോമൻസർക്കാരിന്റെ ഫലസ്തീനിലെ ഭരണാധികാരിയായിരുന്നു പിലാത്തോസ്. യേശു രാജ്യദ്രോഹിയാണെന്ന് യഹൂദികൾ പിലാത്തോസിനോട് പരാതിപ്പെട്ടു. യേശുവിന്റെ മതപ്രബോധനം യഹൂദികളെ ചൊടിപ്പിച്ചു. യഹൂദാ അസ്കരിയോത്തി ഒറ്റിക്കൊടുത്തതനുസരിച്ച് യേശുവിനെ അറസ്റ്റ് ചെയ്തു. റോമൻസർക്കാരിന്റെ കല്പനപ്രകാരം അദ്ദേഹത്തെ കുരിശിൽ തറച്ചു. എന്നാൽ കുരിശുസംഭവത്തിനുശേഷം ക്രിസ്ത്വാബ്ദം 1968 മുതൽ നടന്നുവരുന്ന ഗവേഷണങ്ങളിൽ തെളിഞ്ഞുവരുന്നത് യേശു കുരിശിൽ മരിക്കാതെ രക്ഷപ്പെട്ടു എന്നാണ്.

ഒരു അമേരിക്കൻ ഗവേഷകൻ കുരിശു സംഭവത്തിന്റെ രീതിയിൽ ഒരു സന്നദ്ധസേവകനെ (കൃത്രിമമായി) കുരിശിൽ തറച്ചുനോക്കി. കുരിശിൽതറച്ച ആ വ്യക്തിയുടെ ഹൃദയമിടിപ്പ് ഈസിജിയിലൂടെ പരിശോധിച്ചു. ഹൃദയമിടിപ്പ് അല്പം വേഗത്തിലായിരുന്നുവെങ്കിലും ഒരുപാട് ദിവസം തൃപ്തികരമായി നിലനിന്നതായിട്ട് കാണാൻ കഴിഞ്ഞു. കാരണം കുരിശിൽ തറക്കപ്പെട്ട ആളുടെ കാലുകളിൽ ആണിയടിച്ച് കയറുകൊണ്ട് കെട്ടാറുണ്ടായിരുന്നു. ഇതുമുഖേന കുരിശിൽ തറക്കപ്പെട്ട വ്യക്തിക്ക് വിഷമമുണ്ടാകുമെങ്കിലും നിവർന്നുനില്ക്കാൻ സഹായം ലഭിക്കുന്നു. കുരിശിൽ കിടക്കുന്ന വ്യക്തിക്ക് സുഗമമായ നിലയിൽ ശ്വസിക്കാനും കഴിയുന്നു. കയ്യിൽ മാത്രം ആണിയടിക്കുകയും കാലുകൾ സ്വതന്ത്രമായി വിടുകയും ചെയ്താൽ ശരീരത്തിന്റെ മുഴുവൻ ഭാരവും ഇരുതോളുകളിലാവുകയും ശ്വാസകോശങ്ങളിൽ വലിവുണ്ടാവുകയും ശ്വാസം തടസ്സപ്പെടുകയും കുരിശിൽ കിടക്കുന്ന വ്യക്തിക്ക് ക്ഷണത്തിൽ മരണം സംഭവിക്കുകയും ചെയ്യും. എന്നാൽ അക്കാലത്ത് അങ്ങനെ ചെയ്യുന്ന പതിവില്ല. കുരിശിൽ തറച്ചവനെ അങ്ങേയറ്റം പീഡിപ്പിച്ചുകൊല്ലുകയാണ് അവർ ചെയ്തിരുന്നത്. കുരിശിൽതറക്കപ്പെട്ട വ്യക്തിക്ക് ശ്വാസം ലഭിക്കുന്നതിനുവേണ്ടി കാലിൽ ആണിയടിച്ച് താഴെനിന്ന് ഊന്നുകൊടുത്ത് നിവർത്തി നിർത്തുമായിരുന്നു. യേശുവിനേയും ഇങ്ങനെതന്നെയാണ് ചെയ്തത്. ഇപ്രകാരം കുരിശിൽ തറക്കപ്പെട്ട വ്യക്തി ഒരുപാട് നാളുകൾ പീഡനങ്ങളുമായി കുരിശിൽ നില്ക്കുകയും തൂങ്ങികിടന്ന് ജീവൻ വെടിയുകയും ചെയ്യും. എന്നാൽ ബൈബിളിൽനിന്ന് തെളിയുന്നത് യേശു മൂന്നാംമണി നേരം മുതൽ ആറാംമണിവരെ കുരിശിൽ കിടന്നുവെന്നാണ്. കുരിശിൽ മരിക്കാൻ ഈ സമയം പോരാ. റോമൻപട്ടാളക്കാരൻ സ്പോഞ്ചെടുത്ത് പുളിച്ച വീഞ്ഞ് നിറച്ച് ഓടത്തണ്ടിന്മേൽ യേശുവിനെ കുടിപ്പിച്ചുകൊണ്ടിരുന്നതായും ബൈബിളിൽ പറയുന്നുണ്ട്. കുരിശിൽനിന്ന് യേശുവിനെ ജീവനോടെ ഇറക്കി. പിന്നീട് യേശുവിന്റെ രഹസ്യശിഷ്യ

നായ അരിമഥ്യക്കാരനായ യോസേഫിനെ ഏല്പിച്ചു. അരിമഥ്യക്കാരനായ യോസേഫ് ഒരു കല്ലറയിൽവെച്ച് യേശുവിനെ ചികിത്സിച്ചു. ഒരു തൈലം അദ്ദേഹത്തിന്റെ ശരീരത്തിൽ പുരട്ടി. ആ തൈലത്തിൽ മൂറും അകിലും ഉണ്ടായിരുന്നു. (അത് ഈ ഫിലിമിൽ കാണിച്ചിരുന്നു) റോമൻ ഭരണമായിരുന്നതുകൊണ്ട് കുരിശിൽനിന്ന് ജീവനോടെ രക്ഷപ്പെട്ടതിനുശേഷം പശ്ചിമദിക്കിലേക്ക് പോകാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. അതുകൊണ്ട് അവിടെ പോകാൻ യേശു ഭയപ്പെട്ടു. പൂർവ്വദിക്കിലെ ഇന്ത്യയെ ലക്ഷ്യമാക്കി അദ്ദേഹം നടന്നു. യേശു ഫലസ്തീനിൽനിന്ന് കശ്മീരിൽ (ഇന്ത്യ) എത്തി. കശ്മീരിൽ 'ബെനിഇസ്രായേൽ' എന്നു പറയപ്പെടുന്ന ഒരു കൂട്ടരുണ്ട്. (ഈ ഗോത്രത്തിൽപെട്ടവരെ ആ ഫിലിമിൽ കാണിച്ചിരുന്നു.) തങ്ങളുടെ പൂർവ്വപിതാവ് ഇന്നേക്ക് രണ്ടായിരം വർഷംമുമ്പേ ഫലസ്തീനിൽനിന്ന് ഈ സ്ഥലത്തുവന്ന് താമസിച്ച ആളാണെന്ന് ഇക്കൂട്ടർ പറയുന്നു. അദ്ദേഹത്തിന്റെ പേര് യൂസ് ആസഫ് (സുഖപ്പെടുത്തുന്നവൻ) എന്നായിരുന്നു. യേശു ഇതുതന്നെ എന്ന കാര്യത്തിൽ കശ്മീരിലെ ഈ ജനതയ്ക്ക് ഒരു സംശയവുമില്ല.

ഇന്ത്യയിൽ കശ്മീരിലെ ശ്രീനഗറിൽ യേശുവിന്റെ കബർ യൂസ് ആസഫ് എന്ന പേരിൽ സുപ്രസിദ്ധമാണ്. ഈ കബർ ഇന്നേക്ക് രണ്ടായിരം വർഷം മുമ്പേ കുരിശുസംഭവത്തിന് 80 വർഷം ശേഷമുള്ളതാണ്. അതുകൊണ്ടുതന്നെ ഇത് യേശുവിന്റെ കബർ ആണ്.

ഈ കബറിൽ യേശുവിനെ മറയടക്കിയിരിക്കുന്നത് യഹൂദമത സമ്പ്രദായപ്രകാരം കിഴക്കുപടിഞ്ഞാറായിട്ടാണ്. ഇതിനോടൊപ്പംതന്നെ ഒരു മുസൽമാന്റെ കബറും കാണാം. അത് വടക്കുതെക്കായിട്ടാണ് അടക്കിയിട്ടുള്ളത്.

കശ്മീരിലെ ശ്രീനഗറിൽ കാണുന്ന ഈ കബർ യേശു അഥവാ ഈസാനബിയുടെ കബർ ആണെന്ന് ഫിലിമിൽ വ്യക്തമായും എടുത്തുപറയുന്നു. ഇതിനടുത്തുതന്നെ യേശുവിന്റെ കാല്പാദങ്ങളുടെ അടയാളവും ഉണ്ട്. ഒരു മണ്ണിന്റെ തളികയിൽ അത് കൊത്തി സുരക്ഷിതമാക്കിവെച്ചിരിക്കുന്നു. പാദത്തിന്റെ ഈ അടയാളങ്ങളിൽ ആണികൊണ്ടുള്ള മുറിപ്പാടുകൾ വ്യക്തമായും കാണാം. ഇതും ഈ കബർ യേശുവിന്റേതു തന്നെയെന്ന് തെളിയിക്കുന്നു.

യേശുവിനെ കുറിച്ചുള്ള ഈ ചിത്രത്തിന്റെ പകർപ്പാവകാശം ജർമ്മൻ ടെലിവിഷനുള്ളതാണ്. (2-RTL) അവരുടെ ഇന്റർനെറ്റ് വിലാസം (www.weltderwunder.de)

## ഓരോ ഇജ്തിമാഉം ആത്മപരിശോധനയ്ക്കുള്ള വേദിയാകണം

*മൗലാനാ മുഹമ്മദ് ഉമർ എച്ച്.എ.*

കോഴിക്കോട്: മജ്ലിസ് ഖുദ്ദാം-അത്ഫാൽ ഇജ്തിമാകളുടെ ആത്യന്തികമായ ലക്ഷ്യം ആത്മപരിശോധനയായിരിക്കണമെന്ന് സംസ്ഥാന ഇൻചാർജ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അഭിപ്രായപ്പെട്ടു. മുൻവർഷങ്ങളിൽ നാം എവിടെയായിരുന്നു, ഇപ്പോൾ എവിടെ നില്ക്കുന്നു എന്ന തിരിച്ചറിവുണ്ടാകുമ്പോഴാണ് തുടർന്നുള്ള പ്രവർത്തനം ഊർജ്ജസ്വലമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട്-മാത്തോട്ടം സംയുക്ത ഇജ്തിമാ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജർമ്മനി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാവേളയിൽ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹു ചെയ്ത പ്രഭാഷണത്തിന്റെ പ്രസക്തഭാഗങ്ങൾ കേൾപ്പിച്ചുകൊണ്ട് നമസ്കാരത്തിന്റെ ആവശ്യകതയെക്കുറിച്ചും വിശുദ്ധഖുർആൻ പാരായണത്തിന്റെ പ്രസക്തിയെക്കുറിച്ചും ധനത്യാഗമനസ്ഥിതി ആർജ്ജിക്കേണ്ടതിന്റെ അനാവാര്യതയെക്കുറിച്ചും അദ്ദേഹം ഓർമ്മിപ്പിച്ചു. ഇലാഖ ഖായിദ് ഡാക്ടർ സ്വലാഹുദ്ദീൻ സാഹിബ് അദ്ധ്യക്ഷതവഹിച്ചു. മുസഫ്ഫർ അഹ്മദിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെയാണ് ഏകദിന ഇജ്തിമായുടെ ഉദ്ഘാടനയോഗ പരിപാടികൾ ആരംഭിച്ചത്. കോഴിക്കോട് ജമാഅത്ത് നായിബ് അമീർ എം.എ. മുഹമ്മദ്, മൗലവി മുഹമ്മദ് ഇസ്മായിൽ, സഈദ് അഹ്മദ്, മൗലവി സഫ്ർ അഹ്മദ്, എം.കെ.അശ്റഫ് എന്നിവർ ആശംസകൾ നേർന്നു. ശൗക്കത്ത് സ്വാഗതം പറഞ്ഞു. എസ്സ്. താഹിർ പദ്യം ആലപിച്ചു. മൗലവി ശഫീഖ് അഹ്മദ്, മൗലവി ജംശാദ് അഹ്മദ്, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായിൽ 'അഹ്മദിയ്യാ യുവാക്കളും ധാർമ്മികതയും' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

ഉദ്ഘാടന പരിപാടികൾക്കുശേഷം വൈജ്ഞാനിക മത്സരങ്ങൾ നടന്നു. ജേതാക്കൾക്ക് സമ്മാനവിതരണം നടത്തി. അതിവെളുപ്പിന് 4.15-ന് നടന്ന തഹജ്ജുദ് നമസ്കാരത്തിന് മൗലവി ശഫീഖ് അഹ്മദ് മുബല്ലിഗ് കണ്ണൂർസിറ്റി നേതൃത്വം നല്കി. മൗലവി ജംശാദ് അഹ്മദ് ഖുർആൻ ദർസ് നടത്തി.

മജ്ലിസ് അൻസാറുല്ലാ സയീം സയീദ് അഹ്മദ് സാഹിബിന്റെ പ്രാർത്ഥനയോടെ രാത്രി 8.30ന് ഇജ്തിമാക്ക് തിരശ്ശീല വീണു.

### പ്രധാന അറിയിപ്പ്

ഖലീഫത്തുൽ മസീഹ് റാബിഅ് മിർസാ ത്വാഹിർ അഹ്മദ്(റഹ്) 1991-ൽ ഇന്ത്യ സന്ദർശിച്ച വേളയിലെടുത്തതും പ്രസിദ്ധീകരണയോഗ്യവുമായ ഫോട്ടോകൾ ഉണ്ടെങ്കിൽ, ഖിലാഫത്തു ജൂബിലിയോടനുബന്ധിച്ച് പ്രിസിദ്ധീകരിക്കുന്ന സോവനീറിലേക്ക് അയച്ചുകൊടുക്കാൻ നാസിർ സാഹിബ് ഇസ്ലാഹോ ഇർശാദ് അഭ്യർത്ഥിക്കുന്നു.

ചരിത്രം

# സത്യസന്ധതയുടെ പ്രതീകം

## അബൂബക്കർ(റ)

നബി(സ) തിരുമേനിയുടെ വഫാത്തിനു ശേഷം ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) നബി (സ) യുടെ പ്രഥമ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. യുവത്വ കാലം മുതലേ നബി(സ)യുമായി വളരെ അടുത്ത സുഹൃദ് ബന്ധം ഉണ്ടായിരുന്നു അബൂബക്കറിന്. അദ്ദേഹം തിരുനബി(സ) നുബുവ്വത്ത് വാദിച്ചപ്പോൾ പുരുഷന്മാരിൽനിന്നും ആദ്യമായി ഇസ്ലാം സ്വീകരിച്ച് നബി(സ)യെ സത്യപ്പെടുത്തിക്കൊണ്ട് സിദ്ദീഖ് എന്ന ബഹുമതിക്കർഹനായി.

**ആദ്യകാല ജീവിതം**

ഹസ്റത്ത് അബൂബക്കർ(റ)ന്റെ പേര് അബ്ദുല്ലാഹ് എന്നും സ്ഥാനപ്പേര് സിദ്ദീഖ് എന്നും വിളിപ്പേര് അബൂബക്കർ എന്നുമായിരുന്നു. പിതാവ് അബൂഖുഹാഫ മാതാവ് ഉമ്മുൽ ഖൈർ സൽമ – അദ്ദേഹത്തിന്റെ ആറാം പൂർവ്വികപരമ്പര നബി(സ)യുടെ കുടുംബ പരമ്പരയുമായി ചേരുന്നുണ്ട്.

AD 572 ൽ മക്കയിൽ ജനിച്ചു. കുട്ടിക്കാലം മക്കയിൽ തന്നെ കഴിച്ചുകൂട്ടി. യുവാവായപ്പോൾ തുണിക്കച്ചവടം ചെയ്യാൻ തുടങ്ങി. നബി(സ) യുടെ പരിശുദ്ധസ്വഭാവവും സ്തുത്യർഹമായ ഗുണങ്ങളും അദ്ദേഹത്തിന്റെ ഹൃദയത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. തിരുമേനി (സ) നുബുവ്വത്ത് വാദിച്ചതായി അറിഞ്ഞപ്പോൾ തന്നെ നബി(സ)യെ സത്യപ്പെടുത്തിക്കൊണ്ട് ഇസ്ലാം സ്വീകരിക്കുന്നതിൽ പ്രഥമഗണനീയനാവാൻ സൗഭാഗ്യം ലഭിച്ചു.

ഇസ്ലാം സ്വീകരിച്ച ശേഷം ദീനി സേവനം തന്റെ മുഖമുദ്രയാക്കിയ ഹസ്റത്ത് അബൂബക്കർ(റ)ന്റെ പരിശ്രമഫലമായിട്ടാണ്, ഹസ്റത്ത് ഉസ്മാൻ(റ), ഹ. സുബൈർ (റ), ഹ. അബ്ദുർറഹ്മാൻബിൻ ഔഫ് (റ), ഹ. ത്വൽഹ (റ), ഹ. അബു ഉബൈദാബിൻ ജർറാഹ് (റ), ഹ. സഅദ്ബിൻ വഖാസ് (റ), എന്നീ മഹാൻമാർ ഇസ്ലാം സ്വീകരിച്ചത്. അവർ മുഖേന മുസ്ലിംകൾക്ക് വളരെയധികം ശക്തി ലഭിക്കുകയും ചെയ്തു. ഹ. അബൂബക്കർ (റ) യാത്രയിലും അല്ലാത്തപ്പോഴും സന്ധി സമയത്തും യുദ്ധത്തിലും തുടങ്ങി എല്ലായിപ്പോഴും നബി (സ)യുടെ കൂടെയുണ്ടായിരുന്നു. തിരുമേനി (സ)യുടെ കൂടെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. നബി(സ) എല്ലാ കാര്യങ്ങളിലും അദ്ദേഹത്തോട് അഭിപ്രായം ആരാഞ്ഞിരുന്നു. ഹിജ്റ വേളയിൽ തിരുനബി(സ)യെ അനുഗമിച്ചു. സൗർ ഗുഹയിൽ നബി(സ) അഭയം പ്രാപിച്ചപ്പോൾ ഹ. അബൂബക്കർ(റ)ഉം കൂടെ ഉണ്ടായിരുന്നു. ഹജ്ജത്തുൽ വിദാക്ക് ശേഷം നബി(സ) രോഗാതുരനായപ്പോൾ മസ്ജിദ് നബ്വിയിൽ ഇമാമത്ത് നിർവ്വഹിക്കാൻ നബി കരിം (സ), ഹ. അബൂബക്കർ(റ)നെയാണ് നിർദ്ദേശിച്ചത്.

**ആത്മത്യാഗവും അർപ്പണവും**

ഇസ്ലാം സ്വീകരിച്ചതിന് ശേഷം ഹ. അബൂബക്കർ (റ) മനസാ വാചാ കർമ്മണാ ഇസ്ലാമിക സേവനത്തിൽ മുഴുകി. കച്ചവടത്തെക്കുറിച്ചോ വിശ്രമത്തെക്കുറിച്ചോ യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. ഇസ്ലാമിന്ന് സാമ്പത്തിക ആവശ്യം നേരിടുമ്പോൾ അദ്ദേഹം ധന ത്യാഗത്തിലും മുന്നിട്ടു നിന്നിരുന്നു. ദീനീകാര്യങ്ങൾക്കായി വളരെയധികം പണം ആവശ്യമായി വന്ന ഒരു സന്ദർഭത്തിൽ ഹ. ഉമർ (റ) തന്റെ വീട്ടിലെ പകുതി മുതൽ നബി (സ) യുടെ സന്നിധിൽ സമർപിച്ചു. അദ്ദഹം വിചാരിച്ചത് ഇന്ന് ഞാൻ ഹ. അബൂബക്കറിനെ മുൻകടന്നുവെന്നാണ്. എന്നാൽ ഹ. അബൂബക്കർ (റ) സന്ദർഭത്തിന്റെ അനിവാര്യത മനസ്സിലാക്കിക്കൊണ്ട് വീട്ടിലെ മുഴുവൻ മുതലും സമർപ്പിച്ചിട്ടുണ്ടായിരുന്നു. വീട്ടിൽ വല്ലതും ബാക്കി വെച്ചിട്ടുണ്ടോ എന്ന് നബി(സ) ചോദിച്ചപ്പോൾ ഹ. അബൂബക്കർ (റ) അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും നാമങ്ങൾ വീട്ടിൽ ബാക്കിവച്ചിരിക്കുന്നു എന്ന് പ്രതിവചിച്ചു. ഈ നിഷ്കളങ്കതയും കൂറും ജീവൽ ത്യാഗവും കാരണം നബി (സ) തിരുമേനി, അദ്ദേഹത്തിന്റെ പുത്രി ഹ. ആയിശാ (റ)യെ വിവാഹം ചെയ്തു.

**ഖിലാഫത്ത് കാലം (632-634 ഏ.ഡി)**

നബി(സ)യുടെ മരണ ശേഷം ഹസ്റത്ത് അബൂബക്കർ (റ) പ്രഥമഖലീഫയായി തിരഞ്ഞടുക്കപ്പെട്ടു. തഖ്വയും അറിവും ജ്ഞാനവും ബുദ്ധി സാമർത്ഥ്യവും കാര്യങ്ങൾഗ്രഹിക്കുവാനുള്ള കഴിവും ത്യാഗവും ആത്മാർപ്പണവും കാരണത്താൽ അദ്ദേഹം സഹാബക്കളിൽ ഏറ്റവും കൂടുതൽ മഹനീയ വ്യക്തിത്വവും ഖിലാഫത്തിന് ഏറ്റവും കൂടുതൽ അർഹനുമായിരുന്നു. സ്വഭാവത്തിൽ വളരെ സഹിഷ്ണുവും നിർമ്മല ഹൃദയനും ആയിരുന്നുവെങ്കിൽ തന്നെയും ദീനീഅന്തസിന്റെ കാര്യത്തിൽ അദ്ദേഹം യാതൊരുവിധ വിട്ടുവീഴ്ചയും ഒത്തുതീർപ്പുംകാണിച്ചിരുന്നില്ല. ഖിലാഫത്തിന്റെ തുടക്കത്തിൽ തന്നെ ചില വിഷമതകളെ നേരിടേണ്ടിവന്നപ്പോൾ ഉറച്ച സ്ഥിരചിത്തതയോടെയും ധൈര്യത്തോടെയും അവയെ നേരിട്ടു. ഇസ്ലാമിക വിശ്വാസം ശരിയായ നിലയിൽ ഹൃദയങ്ങളിൽ അടിയുറയ്ക്കാത്ത ചിലഗോത്രങ്ങൾ, നബിയുടെ വിയോഗത്തോടെ മുർത്തദ്ദാവുകയുണ്ടായി. പഴയകാല സ്വഭാവങ്ങൾ വീണ്ടും അവരിൽ മുളപൊട്ടാൻ തുടങ്ങി. അവർ സ്വതന്ത്രാധികാരം ഇഷ്ടപ്പെടുകയും സക്കാത്ത് നിഷേധിക്കുകയും ചെയ്തതിന് പുറമെ മദീനയെ ആക്രമിക്കുന്നതിനെ സംബന്ധിച്ച് ചിന്തിക്കുവാനും തുടങ്ങി. അപകടം കണ്ടറിഞ്ഞ ഹസ്റത്ത് അബൂബക്കർ(റ) അനുയോജ്യമായ ഏർപ്പാടുകൾ

ചെയ്തു കൊണ്ട് സക്കാത്ത് നിഷേധികളെ നല്ലപോലെ കൈകാര്യം ചെയ്തു.

നബി (സ) തിരുമേനിയുടെ കാലത്ത് ചിലയാളുകൾ കള്ളനുബുവത്ത് വാദം പുറപ്പെടുവിച്ചിരുന്നു. അസവദുൽ അൻസി, മുസൈലിമത്തുൽ കദ്ദാബ്, തുലൈഹിബിൻ ഖുവൈലിദ് എന്നിവരും സജ്ജാഹ് എന്ന ഒരു സ്ത്രീയും ഇക്കൂട്ടരിൽ കുപ്രസിദ്ധരാണ്. അസ്‌വദുൽ അൻസി നബി(സ)യുടെ ജീവിതകാലത്ത് തന്നെ കൊല്ലപ്പെട്ടു. മറ്റുള്ളവർ, മുർത്തദ്ദാവുന്ന ആളുകളെ രാജ്യദ്രോഹത്തിന് പ്രേരിപ്പിച്ചു. ഹസ്റത്ത് അബൂബക്കർ(റ) എല്ലാവരേയും കീഴ്പ്പെടുത്തി. മുസൈലിമത്തുൽ കദ്ദാബ് വധിക്കപ്പെട്ടു. തുലൈഹ ഒളിച്ചോടി. ഹ. അബൂബക്കർ(റ)ന്റെ ധൈര്യവും സ്ഥൈര്യവും തന്നെയാണ് ദൂരദിക്കിലെ മുർത്തദ്ദുകളെപ്പോലും അടിച്ചമർത്തുകയും മുഴുവൻ അറേബ്യൻ ദ്വീപുകളേയും ഇസ്‌ലാമിക സാമ്രാജ്യത്തിൻ കീഴിൽ അണിനിരത്തുകയും ചെയ്തത്.

ഹ. അബൂബക്കർ(റ) ആന്തരിക പ്രശ്നങ്ങളെ ദൂരീകരിക്കുക മാത്രമല്ല, പുറത്തുനിന്നുള്ള ശത്രുക്കളെ നിതാന്ത ജാഗ്രതയോടെ വീക്ഷിച്ചുകൊണ്ടുമിരുന്നു. അക്കാലത്ത് രണ്ട് മഹാശക്തികളായ ഇറാനിലെ കിസ്റയോടും റോമിലെ കൈസറിനോടും ഏറ്റുമുട്ടി. ഇറാഖിന്റെയും ശാമിന്റെയും വിജയത്തിലേക്ക് ശ്രദ്ധ തിരിച്ചു. യർമൂക്കിൽ വച്ച് റോമൻ സാമ്രാജ്യവുമായി നടന്ന നിർണ്ണായകയുദ്ധത്തിൽ റോമൻ സാമ്രാജ്യത്തിന്റെ അധപതനത്തിന്റെ കവാടം തുറക്കപ്പെട്ടതോടെ അവരുടെ ആവേശം മരവിച്ചുപോയി. ഹ. അബൂബക്കർ (റ)ന്റെ കാലഘട്ടത്തിൽ ആരംഭംകുറിച്ച വിജയങ്ങൾ അദ്ദേഹത്തിന്റെ കാലത്തുതന്നെ അതിന്റെ ഉച്ചസ്ഥായിലെത്തി. വിശുദ്ധഖുർആൻ സംരക്ഷണത്തിന് ചെയ്ത സംവിധാനം ഹ. അബൂബക്കർ (റ)ന്റെ ഖിലാഫത്ത് കാലത്തെ ഒരു മഹത്കൃത്യമാണ്. വിശുദ്ധഖുർആൻ ഇറങ്ങുന്നമുറയ്ക്ക് നബി (സ) എഴുതിപ്പിച്ചിരുന്നു. വിശുദ്ധഖുർആന്റെ എല്ലാ സൂറത്തുകളും അതിന്റെ പേരും അതിന്റെ ക്രമവും, കൂടാതെ മുഴുവൻ ഖുർആന്റെ അനുക്രമവും നബി (സ)യുടെ കാലത്ത് തന്നെ ദൈവകൽപന പ്രകാരം തയ്യാറാക്കപ്പെട്ടിരുന്നു. പക്ഷെ ഈ ഖുർആൻ, തോലിൻ കഷണങ്ങൾ, കല്ലിൻ പാളികൾ, ഈന്തപ്പനയുടെ തൊലി മുതലായവയിൽ എഴുതിയവയായിരുന്നു. വിശുദ്ധഖുർആന്റെ വാചകങ്ങളിൽ പിൽക്കാലത്ത് ഭിന്നത ഉണ്ടായേക്കാം എന്ന ഭയം കാരണം ഹ. അബൂബക്കർ (റ) മുഴുവൻ ലിഖിതങ്ങളും ശേഖരിപ്പിച്ച് ഖുർആൻ ഹൃദിസ്ഥമാക്കിയവരുടെ സഹായത്താൽ മുഴുവൻ ഖുർആനും ഒന്നിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്തു.

**വഫാത്ത്**

ഒരു ദിവസം തണുപ്പ് നേരത്ത് കുളിച്ച കാരണത്താൽ ഹ. അബൂബക്കർ (റ)ന് പനിപിടിപെടുകയും പതിനഞ്ച് ദിവസത്തോളം രോഗശയ്യയിൽ കിടക്കുകയും ചെയ്തു. ഇക്കാലമത്രയും ഇമാമത്തിന്റെ ഉത്തരവാദിത്ത്വം ഹ ഉമർ(റ) ലാണ് അർപ്പിതമായിരുന്നത്. തനിക്കുശേഷം ഹസ്റത്ത് ഉമർ(റ)നെ ഖലീഫയായി അദ്ദേഹം പ്രഖ്യാപിച്ചു. ഹസ്റത്ത് അബൂബക്കർ(റ) 2 വർഷം 3 മാസം 11 ദിവസം ഖിലാഫത്ത് പദവിയിൽ ഉപവിഷ്ഠനായിരുന്നു. AD 634 ആഗസ്റ്റ് 22 ഹിജ്റ 13 ജമാദിൽ ആഖിർ 21ന് തിങ്കളാഴ്ച 63ാംമത്തെ വയസിൽ വഫാത്തായി. നബി (സ)യുടെ ഖബറിന്നരികിൽ മറയടക്കപ്പെട്ടു.

# മാതൃകായോഗ്യനായ ഭരണാധികാരി

## ഉമർ(റ)

ഹസ്റത്ത് ഉമർ(റ) നബി(സ)യുടെ രണ്ടാമത്തെ ഖലീഫയായിരുന്നു. അദ്ദേഹത്തിന്റെ പേര് ഉമർ, സ്ഥാനപേര് ഫാറൂഖ്, കുടുംബപ്പേര് ഇബ്നുൽഖത്താബ് എന്നും പിതാവിന്റെ പേര് അൽഖത്താബ് ഇബ്നു നസ്വിൽ എന്നുമായിരുന്നു. AD 581 ൽ മക്കയിൽ ജനിച്ചു. കുട്ടിക്കാലത്ത് തന്റെ പിതാവിന്റ ഒട്ടകങ്ങളെയും മറ്റും മേയ്ക്കുമായിരുന്നു. ബുദ്ധിപക്വമായതോടെ എഴുത്തും വായനയും പഠിച്ചു. യുവാവായപ്പോൾ കച്ചവടം ഉപജീവനമാർഗ്ഗമാക്കി. മിസ്റിലേക്കും ഇറാഖിലേക്കും വളരെയധികം യാത്രകൾ ചെയ്തിട്ടുണ്ട്.

**ഇസ്ലാം ആശ്ലേഷം**

ഹസ്റത്ത് ഉമർ(റ) ആദ്യകാലങ്ങളിൽ ഇസ്‌ലാമിനോട് ശക്തമായ ഏതിർപ്പുള്ള ആളായിരുന്നു. ഒരു ദിവസം നബി(സ)യെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ വീട്ടിൽനിന്നും ഇറങ്ങി. വഴിമദ്ധ്യേ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു നിന്റെ സഹോദരി മുസ്‌ലിമായിരിക്കുന്നു. ആദ്യം അക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുക. ഇതുകേട്ട മാത്രയിൽ പെങ്ങളുടെ വീടിനെ ലക്ഷ്യമാക്കി അദ്ദേഹം നീങ്ങി, അവിടെ അപ്പോൾ വിശുദ്ധ ഖുർആൻ പാരായണം നടക്കുകയായിരുന്നു. ഖുർആനിക വചനങ്ങൾ ഹ. ഉമറിന്റെ ഹൃദയത്തെ നിർമ്മലമാക്കി. തുടർന്ന് നബി(സ)യുടെ സവിധത്തിലെത്തി ഇസ്‌ലാം സ്വീകരിച്ചു. ഹസ്റത്ത് ഉമർ (റ) ഇസ്ലാം സ്വീകരിച്ചതോടെ മുസ്‌ലിംങ്ങൾക്ക് വളരെയധികം ശക്തി ലഭിച്ചു. റസുലുല്ലാഹി (സ) തിരുമേനി "അല്ലാഹുവേ ഉമറിനെ ഇസ്‌ലാമിലേക്ക് പ്രവേശിപ്പിച്ച് മുസ്‌ലിംങ്ങൾക്ക് ശക്തി നൽകേണമേ എന്ന് ദുആ ചെയ്യാറുണ്ടായിരുന്നു." ഹസ്റത്ത് ഉമർ(റ) വലിയ പ്രൗഢിയുടേയും പ്രതാപത്തിന്റേയും ഉടമയായിരുന്നു. അധിക യുദ്ധങ്ങളിലും നബി(സ)യോട് ഒന്നിച്ചുണ്ടായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് കാരണത്താൽ നബി(സ) തിരുമേനി അദ്ദേഹത്തോട് അധിക കാര്യങ്ങളിലും അഭിപ്രായം ആരാഞ്ഞിരുന്നു.

**ഖിലാഫത്ത് കാലം (634-644 എ.ഡി)**

ഹസ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്ത് കാലത്ത്

ഇറാൻ, റോം എന്നീ സാമ്രാജ്യങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. വളരെയധികം പ്രയാസകരമായ അവസ്ഥയിൽ അല്ലാഹു മുസ്ലിംങ്ങൾക്ക് വിജയം നൽകി. ഇറാനും, ഇറാഖും കീഴടക്കി, പിന്നീട് ശാമും, മിസ്റും ജയിച്ചടക്കി. ഹിജ്റ 17-ൽ ബൈത്തുൽ മുഖദ്ദസ് കീഴടക്കിയപ്പോൾ റോമക്കാരുടെ അപേക്ഷ പ്രകാരം ഹ. ഉമർ (റ) സ്വയം അവിടെ ചെല്ലുകയും സന്ധിയുടെ കരാറിൽ ഒപ്പുവെച്ച്കൊണ്ട് എല്ലാവർക്കും സമാധാന സംരക്ഷണം നൽകുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലത്ത് ഇസ്ലാമിക സാമ്രാജ്യത്തിന്റെ അതിരുകൾ വളരെയധികം വിശാലമായിട്ടുണ്ടായിരുന്നു. മുസ്ലിം സൈന്യങ്ങൾ കിഴക്ക് അഫ്ഗാനിസ്ഥാന്റേയും ചൈനയുടേയും അതിർത്തികൾ വരെ എത്തി, പടിഞ്ഞാറ് തൊറാബിൽസും വടക്കെ ആഫ്രിക്ക വരേയും, വടക്ക് ഖസ്ദൈൻ സമുദ്രം വരേയും, തെക്ക് ഇത്യോപ്യ വരേയും എത്തിയിരുന്നു. യാതൊരു സാധന സാമഗ്രികളും ഇല്ലാത്ത ഒരു സമൂഹം പത്ത് പന്ത്രണ്ട് വർഷത്തെ ചുരുങ്ങിയ കാലയളവിനുള്ളിൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന സാമ്രാജ്യങ്ങൾക്കുമേൽ നേടിയ വിജയം ഇന്നും ലോകത്തെ അത്ഭുതപെടുത്തുന്നു.

ഹസ്റത്ത് ഉമർ(റ) ഭരണകൂടത്തെ വിശാലമാക്കുകയും വിജയങ്ങൾ കൈവരിക്കുകയും ചെയ്തതോടൊപ്പം രാജ്യത്തെ സുസ്ഥിരമാക്കുന്നതിലും അതീവ ശ്രദ്ധാലുവായിരുന്നു. രാജ്യത്തെ വ്യത്യസ്ത സംസ്ഥാനങ്ങളായി തിരിച്ചുകൊണ്ട് ഓരോ സംസ്ഥാനത്തിനും ഭരണാധികാരികളേയും, പട്ടാളനായകന്മാരേയും, ധനകാര്യം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളേയും നിയമിച്ചു. നീതിന്യായം, ആഭ്യന്തരം എന്നിവക്ക് വ്യത്യസ്ത വകുപ്പുകൾ സ്ഥാപിച്ചു. തപാലിനുള്ള സംവിധാനവും ഉണ്ടായിരുന്നു. ജയിലുകൾ നിർമ്മിച്ചു, വെള്ളി നാണയം നടപ്പിൽ വരുത്തി, മദീനയിലും മുഴുവൻ ജില്ലാ ആസ്ഥാനങ്ങളിലും ബൈത്തുൽമാൽ സംവിധാനം ആരംഭിച്ചു. സൈന്യത്തിന് ശമ്പളവും അർഹരായവർക്ക് ധനസഹായവും നിശ്ചയിച്ചു. ഓഫീസ് സംവിധാനത്തിന് അടിത്തറയിട്ടു. പൊതുജന സേവനത്തിന്റെ ഭാഗമായി വലിയ വലിയ നഗരങ്ങളിൽ സത്രങ്ങൾ നിർമ്മിച്ചു. മക്കയുടേയും, മദീനയുടേയും ഇടയിൽ കാവൽ കേന്ദ്രങ്ങളും, സത്രങ്ങളും, കുളങ്ങളും നിർമ്മിച്ചു. വളരെയധികം കനാലുകൾ നിർമ്മിച്ചു. ഹ. ഉമർ (റ) 99 മൈൽ നീളം വരുന്ന കനാൽ വെട്ടി നൈൽ നദിയേയും, ചെങ്കടലിനേയും യോജിപ്പിച്ചതുകൊണ്ട് കച്ചവടങ്ങൾ വിപുലീകരിക്കപ്പെടുകയും മിസറിന്റെ കപ്പൽ നേരിട്ട് മദീന തുറമുഖത്തേക്ക് വരാനുള്ള സൗകര്യം ഉണ്ടാവുകയും ചെയ്തു. ഹസ്റത്ത് ഉമർ (റ) ആണ് ഹിജറാബ്ദത്തിന് തുടക്കം കുറിച്ചത്. നബി (സ)ന്റെ ഹിജ്റത്തിന്റെ അടിസ്ഥാനത്തിലാണ് ഹിജ്റ വർഷം ആരംഭിക്കുന്നത്. അതിനായി പ്രത്യേകം ഹിജ്റാ വർഷ കലണ്ടറും ഉണ്ടാക്കി.

ഹസ്റത്ത് ഉമർ (റ) വളരെ എളിയ ജീവിതമാണ് നയിച്ചിരുന്നത്. വിശാലമായ സാമ്രാജ്യത്തിന്റെ ഭരണാധികാരി ആയിരുന്നിട്ടുകൂടി അദ്ദേഹം കണ്ടംവെച്ച വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. ലൗകിക സുഖാഢംബരങ്ങളുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഖലീഫയായതിനു ശേഷം കച്ചവടമുപേക്ഷിക്കുകയും ബൈത്തുൽമാലിൽ നിന്നും ദിവസം രണ്ട് ദിർഹം ശമ്പളം സ്വീകരിക്കുകയും ചെയ്തു. ഭരണ നിർവ്വഹണത്തിൽ ഒരാൾക്കും പ്രത്യേക പരിഗണന ഉണ്ടായിരുന്നില്ല. നീതിന്യായം, പ്രജകളുടെ ക്ഷേമൈശ്വര്യം എന്നിവ അവിടത്തെ ചരിത്രത്തിന്റെ പ്രത്യേകതകളാണ്. രാത്രിയിൽ വേഷപ്രഛന്നനായി നടന്നുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും ദരിദ്രർക്കും, ആശ്രിതർക്കും, അനാഥർക്കും ഉടൻ സഹായം എത്തിക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ആരോരുമില്ലാത്ത ഒരു സ്ത്രീ പ്രസവാസന്നയാണെന്ന് മനസ്സിലാക്കിയ ഹ. ഉമർ (റ) തന്റെ ഭാര്യയെ അവരുടെ ശുശ്രൂഷക്കായി എത്തിക്കുകയുണ്ടായി.

**ശഹാദത്ത്**

ഒരു ദിവസം അബൂ ലുഅ്ലൂഅ് എന്ന് പേരുള്ള ഒരു കൃസ്ത്യൻ അടിമ ഹ. ഉമർ(റ) വിനോട് തന്റെ ഉടമസ്ഥൻ അയാളിൽനിന്നും ദിനേന രണ്ട് ദിർഹം വസൂലാക്കുന്നതായി പരാതിപ്പെട്ടു. അയാൾ കൊത്തുപ്പണിയിലും നിപുണനായിരുന്നു. ഉമർ (റ) അയാളുടെ ജോലിയും വരുമാനവും കണക്കിലെടുത്ത്കൊണ്ട് ഈ സംഖ്യ ഉചിതമാണെന്ന് വിധിച്ചു. ഈ തീരുമാനത്തിൽ അതൃപ്തനായ അയാൾ അടുത്ത ദിവസം ഫജ്ർ നമസ്ക്കാര സമയത്ത് ഉമർ (റ)നെ കഠാരകൊണ്ട് ആക്രമിച്ചു. അതിന്റെ മുറിവുകൾ കാരണം ഹ. ഉമർ (റ) ശഹീദാവുകയാണ് ഉണ്ടായത്. ഹിജ്റ 33 ദുൽഹജ്ജ് 26ന് ബുധനാഴ്ച്ച 63 ാമത്തെ വയസ്സിലായിരുന്നു ഇത് നടന്നത്. ഹസ്റത്ത് ആയിശ (റ)യുടെ മുറിയിൽ, നബികരീം (സ)യുടെ ഖബറിന്നരികിൽ മറയടക്കപ്പെട്ടു.

# അതുല്യമായ വിനയത്തിന്റെ പ്രതിഭ

## ഉസ്മാൻ(റ)

ഹസ്റത്ത് ഉസ്മാൻ(റ) ഖുറൈശികളിലെ പ്രസിദ്ധകുടുംബമായ ബനൂ ഉമയ്യയുമായി ബന്ധമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ അഞ്ചാം പൂർവ്വിക പരമ്പര നബി(സ)യുടെ കുടുംബവുമായി ബന്ധമുള്ളതാണ്. ഹസ്റത്ത് ഉസ്മാൻ(റ), നബി (സ)യെക്കാൾ ആറ് വയസിന് ചെറുതായിരുന്നു. അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം കച്ചവടമായിരുന്നു. സമ്പത്തിന്റെ ആധിക്യം കാരണം 'ഗനി' (പരാശ്രയരഹിതൻ) എന്ന പേരിൽ പ്രസിദ്ധനായിരുന്നു. ലജ്ജാശീലം, ദാനശീലം, ബുദ്ധികൂർമ്മത, മാന്യത എന്നീ ഗുണങ്ങളാലും സമ്പന്നനായിരുന്നു. സ്വഭാവത്തിൽ നന്മയും വിനയവും നിറഞ്ഞ അദ്ദേഹം എല്ലാവരോടും വളരെ നല്ല രീതിയൽ പെരുമാറിയിരുന്നു.

ഇസ്ലാം സ്വീകരിച്ചപ്പോൾ നബി (സ) തിരുമേനി

തന്റെ പുത്രി ഹ. റുഖിയ (റ)യെ അദ്ദേഹത്തിന് നിക്കാഹ് ചെയ്ത്കൊടുത്തു. മക്കയിലെ ഖുറൈശികൾ മുസ്ലിം കളുടെ ജീവിതം ദുരിത പൂർണ്ണമാക്കിയപ്പോൾ അദ്ദേഹം ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്തു. കുറച്ച് കാലങ്ങൾക്ക് ശേഷം മക്കയിലേക്ക് തന്നെ തിരിച്ച് വരികയും പിന്നീട് മദീനയിലേക്ക് ഹിജ്റ പോവുകയും ചെയ്തു. ബദർയുദ്ധാവസരത്തിൽ ഹ. റുഖിയ്യ (റ) വഫാത്തായപ്പോൾ നബി (സ) തിരുമേനി തന്റെ രണ്ടാമത്തെ മകൾ ഉമ്മുകുൽസും(റ)നെ അദ്ദേഹത്തിന് വിവാഹം ചെയ്തുകൊടുത്തു. ഇക്കാരണത്താൽ അദ്ദേഹം ദുന്നൂറയ്ൻ (രണ്ട് പ്രകാശങ്ങളുടെ ഉടമ) എന്ന ബഹുമതിക്ക് അർഹനായി.

**അർപ്പണവും ആത്മത്യാഗവും**

ഹസ്റത്ത് ഉസ്മാൻ(റ) വലിയ ദാനശീലനും ധന ത്യാഗത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ആളുമായിരുന്നു. അദ്ദേഹത്തിന്റെ ധനത്തിൽ നിന്നും മുസ്ലിം കൾക്ക് വളരെയധികം പ്രയോജനം ലഭിച്ചിട്ടുണ്ട്. വെള്ളക്ഷാമം കാരണം മുസ്ലിംകൾ ബുദ്ധിമുട്ടുന്നത് കണ്ടപ്പോൾ മദീനയിൽ ഒരു യഹൂദിയുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ശുദ്ധജല കിണർ ഇരുപതിനായിരം ദർഹമിന് വാങ്ങി മുസ്ലിംങ്ങൾക്കായി വഖഫ് ചെയ്തു. തബൂക്ക് യുദ്ധാവസരത്തിൽ പതിനായിരം റിയാൽ റൊക്കമായി നൽകിയത് കൂടാതെ സാധന സാമഗ്രി കളടക്കം ആയിരം ഒട്ടകങ്ങളും എഴുപത് കുതിരകളും സമർപ്പിക്കുകയുണ്ടായി. ബദ്ർ യുദ്ധത്തിലൊഴികെ മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം ഉണ്ടായിരുന്നു. ബദ്റിൽ പങ്കെടുക്കാതിരുന്നത് നബി (സ)യുടെ നിർദ്ദേശപ്രകാരമായിരുന്നു. ഹുദൈബിയാ സന്ധിയുടെ അവസരത്തിൽ ഉസ്മാൻ(റ) ആണ് സന്ദേശവാഹകനെന്ന നിലയിൽ മക്കയിലെ ഖുറൈശികളുടെ അടുക്കലേക്ക് നിയോഗിക്കപ്പെട്ടത്. അദ്ദേഹം ശഹീദായി എന്ന കിംവദന്തി പരന്നപ്പോൾ നബി(സ) തന്റെ കൈ ഉസ്മാന്റെ കയ്യാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ബൈഅത്ത് സ്വീകരിച്ചു. മറ്റ് സഹാബാക്കളും കൂറ് കാണിക്കാമെന്ന് വീണ്ടും കരാർ ചെയ്യുക ഉണ്ടായി. ഇത് ***ബൈഅത്ത് രിസ്വാൻ*** എന്ന പേരിലറിയപ്പെടുന്നു.

നബി(സ) തിരുമേനി തന്റെ ജീവിതകാലത്ത് തന്നെ സ്വർഗ്ഗത്തെകുറിച്ച് സുവാർത്ത നൽകിയ ***അശ്റ മുബശ്ശിറ*** എന്ന പേരിലറിയപ്പെടുന്ന പത്തു സഹാബിമാരിൽ ഒരാളായിരുന്നു ഹസ്റത്ത് ഉസ്മാൻ(റ).

**ഖിലാഫത്ത് കാലം (644 – 656 എ.ഡി)**

ഹസ്റത്ത് ഉമർ(റ) തന്റെ മരണത്തിന് മുൻപ് ഖിലാഫത്ത് സ്ഥാനത്തേക്ക് ആറ് സഹാബിമാരുടെ പേരുകൾ നിർദ്ദേശിക്കുകയും തന്റെ മരണശേഷം ഇവർ പരസ്പരം കൂടിയാലോചനയിലൂടെ തങ്ങളിൽ നിന്നും ഒരാളെ അമീറുൽ മുഅ്മിനീൻ ആയി തിരഞ്ഞടുക്കണമെന്നും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഹ. ഉസ്മാൻ(റ), ഹസ്റത്ത് അലി(റ), ഹ. സുബൈറിബ്നുൽ അവാം(റ), ഹ. ത്വൽഹ(റ), ഹ. അബ്ദുർറഹ്മാൻബിൻ ഔഫ്(റ), ഹ. സഅദ്ബിന് അബീവഖാസ്(റ) എന്നിവരായിരുന്നു അവർ. സഹാബാക്കളിൽ ഭൂരിപക്ഷത്തിന്റേയും അഭിപ്രായപ്രകാരം ഹ. ഉസ്മാൻ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു..

ഹ. ഉസ്മാൻ (റ)ന്റെ ഖിലാഫത്ത് കാലത്ത് വിജയങ്ങളുടെ പരമ്പര തുടർന്നുകൊണ്ടിരുന്നു. അർമേനിയ, ആഫ്രിക്ക, ഖബ്റസ് എന്നീ നാടുകൾ ഇസ്ലാമിക സാമ്രാജ്യത്തിനു കീഴിൽ അണി ചേരുകയും മദ്ധ്യേഷ്യയിലെ വളരെയധികം പ്രദേശങ്ങൾ ജയിച്ചടക്കുകയും ചെയ്തു. അങ്ങനെ ഇസ്ലാമിക സാമ്രാജ്യത്തിന്റെ അതിരുകൾ മദ്ധ്യേഷ്യ തൊട്ട് വടക്കൻ ആഫ്രിക്കവരെ വ്യാപിച്ചു. വിജയങ്ങളോടൊപ്പം തന്നെ ഇസ്ലാമിക സാമ്രാജ്യത്തിനെ സുസ്ഥിരമാക്കുവാനുള്ള പ്രവർത്തനങ്ങളും നടന്നുകൊണ്ടിരുന്നു. നാവികസേനയ്ക്ക് ആരംഭം കുറിച്ചത് ഹ. ഉസ്മാൻ (റ)ന്റെ വലിയ പ്രവർത്തനങ്ങളിലൊന്നാണ്. ചില സ്ഥലങ്ങളിൽ വിശുദ്ധഖുർആന്റെ പാരായണത്തിൽ വ്യത്യാസങ്ങൾ കണ്ടപ്പോൾ ഹസ്റത്ത് അബൂബക്കർ(റ) ശേഖരിച്ച് സൂക്ഷിച്ച ഖുർആന്റെ പ്രതികൾ തയ്യാറാക്കി, മുഴുവൻ ഇസ്ലാമിക രാജ്യങ്ങളിലും പ്രചരിപ്പിച്ചു എന്നത് (ഹ) ഉസ്മാൻ(റ)ന്റെ ഏറ്റവും മഹത്തായ പ്രവർത്തനമാണ്. ബസറ, കൂഫ, ഹമസ് എന്നിവിടങ്ങളിലുള്ളവർ ഖുർആൻ സൂക്തങ്ങൾ വ്യതസ്ത രീതിയിലായിരുന്നു പാരായണം ചെയ്തിരുന്നത്. ഹ. ഉസ്മാൻ മക്കക്കാരുടെ ഖിറാഅത്തിനെ നല്ലതെന്ന് വിധിക്കുകയും അതുപ്രകാരം ഖുറൈശികളുടെ ലിപിയനുസരിച്ച് ഖുർആൻ എഴുതി തയ്യാറാക്കുകയും ചെയ്തു.

അറേബ്യയിലെ വ്യത്യസ്ത നാടുകളും അനറബി സമൂഹങ്ങളുമായുള്ള ഇടപഴകലും കാരണം ശൈലിയിലും പാരായണത്തിലുമുള്ള വ്യത്യാസം ഖുർആനിന് മാറ്റത്തിരുത്തലുകൾക്കുള്ള വഴിതുറക്കുമോ എന്ന ഭയപ്പാടുണ്ടായിരുന്നു. ഹ. ഉസ്മാൻ (റ) എന്നന്നേക്കുമായി ഈ വഴി കൊട്ടിയടക്കുകയും ചെയ്തു.

**ശഹാദത്ത്**

ഹ. ഉസ്മാൻ (റ) എഴുപതാമത്തെ വയസ്സിലാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത്. ഖിലാഫത്തിന്റെ ആദ്യ ആറുവർഷം സമാധാനപൂർണ്ണമായി കഴിഞ്ഞു പോയെങ്കിലും അവസാന ആറുവർഷം ഹ. ഉസ്മാൻ (റ)ന്റെ നിർമ്മലസ്വഭാവം കാരണവും മറ്റുള്ള ചില കാരണങ്ങൾകൊണ്ടും ഫിത്നകൾ തലപൊക്കാൻ തുടങ്ങി. അവസാനം ഈ പ്രശ്നങ്ങൾ അതിന്റെ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. ഹിജ്റ വർഷം 35ൽ പന്ത്രണ്ട് വർഷത്തെ ഖിലാഫത്തിന് ശേഷം ഹ. ഉസ്മാൻ (റ) ശഹീദാക്കപ്പെട്ടു. മരണ സമയം 82 വയസ് പ്രായമുണ്ടായിരുന്നു.

**ദുആക്ക് അപേക്ഷ**

പാക്കിസ്ഥാനിലെ തടവറകളിൽ വർഷങ്ങളായി കഴിയുന്ന നിരപരാധികളായ അഹ്മദീസഹോദരങ്ങളുടെ ആദരവോടുകൂടിയുള്ള മോചനത്തിനായി ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. അല്ലാഹു അവരെ എല്ലാവിധ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. ***അല്ലഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നൗദുബിക്ക മിൻശുറൂരിഹിം.***

എസ്.വി. സൈനുദ്ദീൻ

# ദൈവവിധി

അതാപതിച്ചൂ ഗഗനത്തിൽനിന്നും
ദേഹാസ്ഥിഭസ്മം വിതറും വിമാനം!
മനുഷ്യനെത്രക്കുയരാം, പതിക്കാം
മായാത്തചിത്രം നിതരാം വിചിത്രം

കരുത്തനൗന്നത്യ പദത്തിലെന്നും
ഇരുത്തമാണെന്നു ധരിച്ചുപാവം!
ഉരുക്കുമുഷ്ടിക്കടിമപ്പെടുത്തി
ഭരിക്കുവാനും കൊതിയാർന്നുപോയി!

തുണക്കു, വൻശക്തിയൊരുക്കമെന്ന
കണക്കുമൊക്കെത്തകിടം മറിഞ്ഞു
ലോകത്തിലെങ്ങും വിലയാർന്നജാലം!
ശോകാന്തകാലം വിഫലം വിലോലം!

മികച്ചയന്ത്രം, തെളിവാർന്ന വാനം,
കനത്തകാവൽ, നവമാം വിമാനം,
റെഡാറുവ്യൂഹം പരിവീക്ഷണാർത്ഥം
പട്ടാളനേതാക്കളകമ്പടിക്കും!

കൂറ്റൻ വിമാനപ്പട, ബോംബനേകം,
ആറ്റം വെടിക്കോപ്പു, മതുല്യടാങ്കും
സർവ്വം സുഭദ്രം, പരിരക്ഷിതം ഹാ!
സർവ്വേശതന്ത്രം പരമം പരോക്ഷം!

മതാന്ധതക്കോട്ടപടുത്തുയർത്തി
മർത്ത്യാസ്ഥികൂടം മതിലാക്കിനിർത്തി
സിംഹാസനത്തിങ്കലമർന്നിരിപ്പാൻ
കൊതിച്ചു പണ്ടേറെ മഹാരഥന്മാർ

മക്കത്തുദിച്ചുള്ള വിഭാകരൻ തൻ
തത്വങ്ങൾ ലോകോത്തരമെന്നുസിദ്ധം!
ഏകത്വമന്ത്രധ്വനിയാൽ നരന്മാർ
ലോകത്തിലെങ്ങും സഹജാതരായി.

മനുഷ്യരെല്ലാമൊരുജാതി, ദൈവം
ഏകൻ, സമന്മാ, രവരെൻ സമക്ഷം
മതസ്ഥരെന്നും തുടരട്ടെ തങ്ങൾ
മാനിച്ചിടും വേദനിദേശസാരം

വിശ്വാസസ്വാതന്ത്ര്യമവർക്കുനൽകി
ആരാധനക്കില്ലവിഘാതമേതും
വേദപ്രമാണം ചിരമാചരിപ്പാൻ
സൗകര്യമേകീ വിമതർക്കുതുല്യം!

ധാർമ്മീകനേതൃത്വമൊഴിഞ്ഞിടുംനാൾ
ദുർമ്മാർഗ്ഗി വർഗ്ഗം ഭരണത്തിലേറും

ഏകാധിപത്യത്തിലമർന്നുലോകം
ശോകാധിമൂകം വിലപിച്ചു വാഴും

മതം പഠിപ്പിച്ച മഹൽപ്രമാണം
മറഞ്ഞുഘോരാന്ധതമൂടുമെങ്ങും
രാജ്യാധികാരം സ്വകരത്തിൽനിർത്താൻ
വ്യാജപ്രചാരം മതമാക്കിമാറ്റും!

അക്കാലമാത്മീയത തൻപ്രകാശം
ദിക്കാകെ വീശും സകലേശദാസൻ
മഹ്ദീമസീഹിൻ മഹിതാത്ഭുതത്താൽ
മതാന്ധവാദാഗ്നിജ്വലിക്കുമെങ്ങും!

പ്രവാചകന്മാർ ഭൂവിവന്നനാളിൽ
പ്രഭുപ്രവീരർ പ്രതികാര ശൂരർ!
ആദം മുതല്ക്കുള്ളൊരു സമ്പ്രദായം
ഭേദം വരാനിന്നതിലെന്തുകാര്യം!

ഇസ്ലാംമതത്തിൻ മഹിതപ്രഭാവം
സോത്സാഹമെങ്ങും തെളിയിച്ചുകാട്ടാൻ
ത്യാഗം സഹിക്കും പരിശുദ്ധദാസർ
മുസ്ലിംകളല്ലെന്നു വിധിച്ചൊരുത്തൻ!!

വിദ്വേഷപാശത്തിലണച്ചുചേർത്തു
വൻഭൂരിപക്ഷം സ്ഥിരമാക്കിമാറ്റി
സ്വേച്ഛാധികാരം തുടരാൻ കൊതിച്ചു
ഇച്ഛാനുസാരിക്കധികാരമേകി!

പെട്ടെന്നു കിട്ടി പ്രഹരം കഠോരം
നട്ടെല്ലുപൊട്ടിത്തടവിൽകുടുങ്ങി!
കൊലക്കയർ വീണു ഗളം ഞെരിഞ്ഞു
വിതച്ചതെല്ലാം വിധിപോലെ കൊയ്തു!!

ഞാനെന്നുമെന്നും വിജയിക്കുമെന്റെ
ദൗത്യം വഹിക്കും പ്രിയദാസരൊപ്പം!
പ്രവാചകന്മാർക്കെതിരായപോരിൽ
വേരറ്റുവീഴും പടുകൂറ്റർപോലും!!

സ്വാർത്ഥം വരുത്തും വിനകണ്ടു കഷ്ടം!
പാഠം പഠിച്ചില്ല കഠോരചിത്തർ
നേതാവുതൻ പാതതുടർന്നധീര-
ജേതാവിനേയും പിടികൂടിനീതി!!

അറിഞ്ഞതില്ലേതു കരം, രഹസ്യം,
തൊടുത്തുപോലും ത്വരിതം തുരങ്കം!
മറഞ്ഞുനില്ക്കും മഹിതപ്രതാപൻ
വിധിച്ചതല്ലാതെ നടപ്പതില്ല!!

ലേഖനം

# മസീഹ് മൗഊദ് (അ)ന്റെ സത്യസാക്ഷ്യം

## ഹദീസുകളുടെ വീക്ഷണത്തിൽ

إن لمهد ينا آيتين لم تكونا منذ خلق السمٰوٰت والارض ينكسف القمر لاوّل ليلة من رمضان وتنكسف الشمس في النصف منه.

നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളമുണ്ട്. ആകാശ ഭൂമികൾ ഉണ്ടായതു മുതൽ ഈ ദൃഷ്ടാന്തങ്ങൾ മറ്റൊരു ദൈവനിയോഗിതന്റെ കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത് ചന്ദ്രന് റമസാൻ മാസത്തിൽ അതിന്റെ ആദ്യ രാത്രിയിലും സൂര്യന് അതിന്റെ മദ്ധ്യദിനത്തിലും ഗ്രഹണമുണ്ടാവുന്നതാണ്. (ചന്ദ്രന് അതിന്റെ ഗ്രഹണ രാത്രികളായ 13,14,15 ലെ, ആദ്യത്തെ രാത്രിയിൽ ഗ്രഹണം സംഭവിക്കും, സൂര്യഗ്രഹണത്തിന്റെ തിയ്യതികളിൽ അതായത് 27,28,29 ന് മദ്ധ്യ ദിനത്തിൽ (28 നു) സൂര്യനു ഗ്രഹണം സംഭവിക്കും)

ഹദീസിലെ അവ്വല ലൈലത്തിൻ എന്ന പ്രയോഗം കൊണ്ട് റമസാന്റെ ആദ്യത്തെ ദിവസം ഗ്രഹണം സംഭവിക്കും എന്ന് അർത്ഥം കൊടുക്കാവതല്ല. എന്തുകൊണ്ടെന്നാൽ ഖഗോളശാസ്ത്ര നിയമപ്രകാരം ഒന്നാമത്തെ രാത്രിയിൽ ഗ്രഹണം സംഭവിക്കുകയേയില്ല. മറ്റൊന്ന് പ്രഥമരാത്രിയിലെ ചന്ദ്രന് ഹിലാൽ എന്നാണ് അറബിയിൽ പറയുക. എന്നാൽ, ഹദീസിൽ ഖമർ എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. മൂന്ന് രാത്രികൾക്ക് ശേഷമുള്ള ചന്ദ്രനാണ് ഖമർ എന്ന് പറയപ്പെടുന്നത്. (*അവലംബം:-അൽമുൻജിദ്*)

നബി (സ) തിരുമേനിയുടെ ഈ പ്രവചനത്തിന് നാല് ഭാഗങ്ങളാണുള്ളത്.

(1) ചന്ദ്രഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ട തിയ്യതികളിൽ ഒന്നാമത്തെ രാത്രിയിൽ അതായത് 13 ന് ഗ്രഹണം സംഭവിക്കൽ.

(2) സൂര്യഗ്രഹണത്തിന്റെ നിശ്ചിത ദിനങ്ങളിൽ മദ്ധ്യദിനത്തിൽ അതായത് 28 നു ഗ്രഹണം സംഭവിക്കൽ.

(3) രണ്ട് ഗ്രഹണങ്ങളും ഒരേ റമസാനിൽ സംഭവിക്കൽ.

(4) മഹ്ദിവാദം പുറപ്പെടുവിച്ച ഒരാൾ ഉണ്ടായിരിക്കൽ. അദ്ദേഹത്തിന്റെ സാക്ഷ്യത്തിന്വേണ്ടി ഈ അടയാളങ്ങൾ വെളിപ്പെടൽ. (*വിശദീകരണത്തിന്: തുഹ്ഫയേ ഗോൾഡവിയ്യ*)

ഖഗോളശാസ്ത്ര പഠനത്തിൽനിന്നും ഗ്രഹണങ്ങളുടെ ചരിത്രത്തിൽനിന്നും മനസ്സിലാവുന്നത് ഒരു ദൈവനിയോഗിതനുള്ള അടയാളമായി ആകാശഭൂമികൾ സൃഷ്ടിക്കപ്പെട്ടത് മുതൽ 1894 വരെയും ഒരിക്കലും തന്നെ ഒരേ റമസാനിൽ ഈ നിശ്ചിത തിയ്യതികളിൽ സൂര്യ-ചന്ദ്രഗ്രഹണം സംഭവിച്ചിട്ടില്ല എന്നാണ്. ഇത് ആദ്യമായി സംഭവിച്ചത് 1894 ൽ ആണ്. അതേസമയത്ത് തന്നെയാണ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മഹ്ദിയായി നിയോഗിതനായതും.

അക്കാലത്ത് അദ്ദേഹത്തെ കൂടാതെ മഹ്ദിവാദവുമായി ആരുംതന്നെ വന്നിട്ടില്ല. ഈ അടയാളം 1894 ൽ പൂർവ്വാർദ്ധഗോളത്തിൽ പ്രകടമായി. (ആസാദ് പത്രം, 1894 ഡിസംബർ 4, സിവിൽ ആന്റ് മിലിട്ടറി ഗസറ്റ് 1894 ഡിസംബർ 6) പിന്നീട് ഇതേ നിബന്ധനകളോടുകൂടിതന്നെ അടുത്തവർഷം റമസാൻ മാസത്തിൽ സൂര്യനും ചന്ദ്രനും വീണ്ടും ഗ്രഹണം സംഭവിച്ചു. ഈ ഗ്രഹണം ലോകത്തിന്റെ പശ്ചിമാർദ്ധഗോളത്തിൽ കാണപ്പെട്ടു.

സൂര്യനും ചന്ദ്രനും നിശ്ചയിക്കപ്പെട്ട തിയ്യതികളിൽ ഗ്രഹണം നടത്തിക്കൊണ്ട് അല്ലാഹുതആല തന്റെ കർമ്മ സാക്ഷ്യത്തിലൂടെ സ്ഥാപിച്ചിരിക്കുന്നത്, (1) ഹ. മുഹമ്മദ് മുസ്തഫാ(സ)യുടെ ഈ പ്രവചനം സത്യമാണെന്നും 1400 വർഷങ്ങൾക്ക്മുമ്പ് ഒരു നിരക്ഷരന് ഒരിക്കലുംതന്നെ ഇങ്ങനെയുള്ള അദൃശ്യവാർത്ത സ്വന്തമായി പടച്ചുണ്ടാക്കി അവതരിപ്പിക്കുക സാദ്ധ്യമല്ലായിരിന്നുവെന്നും, ഇത് നബി(സ) യുടെ സത്യസാക്ഷ്യത്തിനുള്ള വ്യക്തമായ ഒരടയാളമാണെന്നുമത്രെ.

(2) ഇതിന്റെ അടിസ്ഥാനത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദങ്ങളിൽ സത്യവാനും ഹസ്റത്ത് നബി കരീം(സ) പ്രവചിച്ച മഹ്ദിയും തന്നെയാണ്. കാരണം ഒരു കള്ളവാദിക്കും സൂര്യചന്ദ്രഗ്രഹണം ഉണ്ടാക്കുവാൻ സാധ്യമല്ല.

***ഇന്നല്ലാഹ യബ്അസു ലിഹാദിഹിൽ ഉമ്മത്തി അലാ റഅ്സികുല്ലി മിഅത്ത സനത്തിൻ മൻയ്യുജദ്ദിദു ലഹാദീനഹാ.***

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു" അല്ലാഹു ഈ ഉമ്മത്തിൽ എല്ലാ നൂറ്റാണ്ടിന്റെ തലക്കലും ഒരു പരിഷ്കർത്താവിനെ നിയോഗിക്കുന്നതാണ്. അദ്ദേഹം ദീനിനെ പുനരുജ്ജീവിപ്പിക്കുന്നതാണ്.

എല്ലാ ഹദീസ് പണ്ഡിതൻമാരും ഈ ഹദീസിന്റെ വിശ്വാസ്യതയിൽ അഭിപ്രായ ഐക്യം ഉള്ളവരാണ്. കൂടാതെ അല്ലാഹുവിന്റെ കർമ്മസാക്ഷ്യം ഇതിന്റെ സത്യതയെ സ്ഥാപിക്കുകയും ചെയ്യുന്നു. ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നൂറ്റാണ്ടിന്റെ തലക്കലും മുജദ്ദിദ്മാർ വന്നുകൊണ്ടിരിന്നു. മുജദ്ദിദുമാരുടെ പട്ടിക നവാബ് സിദ്ധീഖ് ഹസ്സൻഖാൻ സാഹിബ് തന്റെ ഹുജജുൽ കിറാമ എന്ന ഗ്രന്ഥത്തിന്റെ 136 മുതൽ 139 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

*ശേഷം 31-ാം പേജിൽ*

# അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

യഥാർത്ഥ തൗഹീദ് ലോകത്തുനിന്നും മറഞ്ഞ് പോവുകയും ശിർക്കിലധിഷ്ഠിതമായ ആചാരങ്ങൾ മതത്തിന്റെ സ്ഥാനം കരസ്ഥമാക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് ദൈവത്തിന്റെ പ്രവാചകന്മാർ വരുന്നത്. ശരീഅത്ത് അഥവാ സത്യദീനിനെ ലോകത്ത് നിലനാട്ടുകയും, ജനങ്ങൾ സ്വന്തമായി ദീനിൽ കൂട്ടിചേർത്ത കാര്യങ്ങളേയും, ആചാരങ്ങളേയും ഇല്ലാതാക്കുകയും ചെയ്യുക എന്നതാണ് അവരുടേയും, അവരുടെ ഖലീഫമാരുടേയും ദൗത്യം. ഈ ദൗത്യം തന്നെയാണ് ഈ കാലഘട്ടത്തിൽ ഹസ്റത്ത് മഹ്ദീ മസീഹ്(അ)നും ചെയ്യാനുള്ളത്. അദ്ദേഹം ഹക്കമും അദ്‌ലും (നീതിമാനായ വിധികർത്താവ്) ആയി ആഗതനായിരിക്കുന്നു. ഇസ്‌ലാമിന്റെ രണ്ടാം പർവ്വത്തിന് തുടക്കം കുറിച്ച ആ മഹാത്മാവ് യഥാർത്ഥ ഇസ്‌ലാമിക ശരീഅത്തിനെ പുനരുദ്ധരിക്കുകയും എല്ലാ അനാചാരങ്ങൾക്കെതിരിലും ജിഹാദ് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ മുസ്‌ലിം ഉമ്മത്തിനെ നേർവഴിയിലേക്ക് നയിച്ചു. ഇതേ പ്രവൃത്തി അവിടത്തെ ഖലീഫമാരും ചെയ്തുപോരുന്നു. അവരും തങ്ങളുടെ കാലഘട്ടത്തിൽ നിലവിലിരുന്ന അനാചാരങ്ങളെ ഉൻമൂലനം ചെയ്യുന്നതിൽ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഒരു ജുമുഅ ഖുത്ബയിലൂടെ അനാചാരങ്ങൾക്കെതിരെ ജിഹാദ് പ്രഖ്യാപിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു.

“യഥാർത്ഥ തൗഹീദിനെ തങ്ങളുടെ ആത്മാവുകളിലും, തങ്ങളുടെ ചുറ്റുപാടിലും നിലനിർത്തുകയും ശിർക്കിന്റെ എല്ലാ ജനാലകളും അടച്ചിടുകയും ചെയ്യേണ്ടത് നമ്മുടെ ജമാഅത്തിന്റെ ആദ്യത്തെയും അവസാനത്തെയും നിർബന്ധകടമയാണ്.... തൗഹീദിനെ നിലനിർത്തുന്നതിൽ ഏറ്റവും വലിയ തടസ്സം ബിദ്അത്തും അനാചാരങ്ങളുമാണ്. എല്ലാ ബിദ്അത്തുകളും അനാചാരങ്ങളും ശിർക്കിന്റെ പാതയാണെന്ന കാര്യം അനിഷേധ്യമായ യാഥാർഥ്യമാണ്. പരിശുദ്ധതൗഹീദിൽ നിലനിൽക്കാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഏതുവരെ എല്ലാതരം ബിദ്അത്തുകളേയും അനാചാരങ്ങളേയും മായ്ക്കുന്നില്ലയോ അതുവരെ പരിശുദ്ധതൗഹീദിൽ നിലകൊള്ളാൻ സാദ്ധ്യമല്ല......... ലോകത്ത് അനാചാരങ്ങൾ വളരെയധികം പെരുകിയിരിക്കുന്നു...........ഇപ്പോൾ അടിസ്ഥാനപരമായി ഞാൻ ഓരോ വീട്ടുകാരോടും പറയാനാഗ്രഹിക്കുന്നത്, ഞാൻ ഓരോ വീടിന്റെയും വാതിൽക്കൽ നിന്നുകൊണ്ട് ഓരോ വീട്ടുകാരെയും സംബോധനചെയ്തുകൊണ്ട് പറയാനാഗ്രഹിക്കുന്നത് അനാചാരങ്ങൾക്കെതിരിൽ ജിഹാദ് ചെയ്യുക എന്നാണ്. നമ്മുടെ പരിഷ്കരണ ശ്രമങ്ങൾ ഉണ്ടായിട്ടുകൂടി അതിലേക്ക് ശ്രദ്ധ തിരിക്കാതെ ഇത്തരം കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാത്ത അഹ്മദീ കുടുംബക്കാർ ഓർമ്മിച്ചുകൊള്ളട്ടെ, അല്ലാഹുവും അവന്റെ റസൂലും അവന്റെ ജമാഅത്തും അത്തരക്കാർക്ക് ഒരു പരിഗണനയും നല്കുന്നില്ല. പാലിൽനിന്നും ഈച്ചയെ എടുത്തെറിയുന്നത് പോലെ അയാൾ ജമാഅത്തിൽ നിന്നും വലിച്ചെറിയപ്പെടുന്നതാണ്. ആകയാൽ ദൈവത്തിന്റെ ശിക്ഷ നാശരൂപത്തിൽ നിങ്ങളുടെമേൽ ഇറങ്ങുന്നതിന് മുമ്പേ അല്ലെങ്കിൽ അവന്റെ ശിക്ഷ ജമാഅത്ത് വ്യവസ്ഥിതിയുടെ ശിക്ഷാരൂപത്തിൽ വന്നു ഭവിക്കുന്നതിന് മുമ്പേ തങ്ങളുടെ സംസ്കരണത്തെകുറിച്ച് ചിന്തിച്ചുകൊള്ളുക. അല്ലാഹുവിനെ ഭയപ്പെടുക. മുഴു ആയുസ്സിന്റേയും ആനന്ദങ്ങളും ആയുസ്സുകളും ബലിയർപ്പിച്ചാൽപോലും പകരമാവാത്ത ഒരു നിമിഷത്തിന്റെ ശിക്ഷയുള്ള ദിനത്തിൽനിന്നും രക്ഷപ്പെടുവിൻ. *(ജുമുഅ ഖുത്ബ 1967 ജൂൺ 23)*

അനാചാരങ്ങളിൽ അധികവും ഇപ്പോൾ നടപ്പിൽ വന്നിരിക്കുന്നത് വിവാഹവേളകൾ പോലുള്ള സന്തോഷാവസരങ്ങളുമായി ബന്ധപ്പെട്ടോ, അല്ലെങ്കിൽ മരണംപോലുള്ള ദുഖാവസരങ്ങളുമായി ബന്ധപ്പെട്ടോ ആണ്. ഇവയെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഉം, ഖലീഫമാരും നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

**ജനനം**

മാതാപിതാക്കളുടെ സന്തോഷങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കുട്ടികളുടെ ജനനം. ഈ അവസരത്തിൽ അനുയോജ്യമായ രീതിയിൽ സന്തോഷപ്രകടനം നടത്തുന്നതിനെ ഇസ്‌ലാം വിലക്കുന്നില്ല. എന്തെന്നാൽ ഇത് പ്രകൃതിസഹജമാണ്. നന്ദിസൂചകമായി ചീരണി വിതരണം ചെയ്യുകയോ മറ്റോ ചെയ്യുന്നതിൽ വിരോധമില്ല. പക്ഷെ, കൊട്ടും കുരവയും പാട്ടും കൂത്തും ഒന്നും അനുവദനീയമല്ല. ഇസ്‌ലാമികരീതിയനുസരിച്ച് ഏഴാം ദിവസം അഖീഖ നടത്തേണ്ടതാണ്. അതായത് ആൺകുട്ടിയാണെങ്കിൽ രണ്ട് ആടിനേയും പെൺകുട്ടിയാണെങ്കിൽ ഒരാടിനേയും അറുക്കേണ്ടതാണ്. കുട്ടിയുടെ തല മുണ്ഡനം ചെയ്യേണ്ടതുമാണ്. അഖീഖ നടത്താൻ കഴിവില്ലാത്തവർക്ക് ഇത് നിർബന്ധമല്ല. കുട്ടികൾ പ്രായപൂർത്തിയായാൽ അവർക്കുതന്നേയും തങ്ങളുടെ ഖുർബാനി ചെയ്യാവുന്നതാണ്. അഖീഖയുടെ മാംസം ദരിദ്രരിലും കുടുംബക്കാരിലും വിതരണം ചെയ്യാം. സ്വന്തമായും അത് ഉപയോഗിക്കാം. ആൺകുട്ടിയാണെങ്കിൽ അഖീഖയോ

ടൊപ്പം ചേലാകർമ്മവും നടത്തുന്നതാണ് ഉത്തമം.

**ജന്മദിനാഘോഷം**

ജന്മദിനാഘോഷമാണ് മറ്റൊരു അനാചാരം. ഇതിൽ വൻസദ്യകൾ ഒരുക്കുകയും സമ്മാനങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ വളരെയധികം പണം ദുർവിനിയോഗം ചെയ്യപ്പെടുന്നു. ഇത് ബിദ്അത്തും അനാചാരവുമാണ് ഇതിൽനിന്നും രക്ഷപ്പെടേണ്ടതാണ്.

**മൂക്കും കാതും കുത്തൽ**

ചിലർ കുട്ടികളുടെ മൂക്ക് കുത്തുകയും കാത് കുത്തുകയും ചെയ്യാറുണ്ട്. കാലിൽ ശബ്ദമുണ്ടാക്കുന്ന പാദസ്വരം അണിയുകയും തലയിൽ കുടുമ വയ്ക്കുകയും ചെയ്യുന്നു. ഇതെല്ലാം അന്യസമുദായങ്ങളിൽനിന്നും മുസ്‌ലിംകളിലേക്ക് കുടിയേറിയ അനാചാരങ്ങളാകുന്നു. നേർച്ചനേർന്ന് കുട്ടികളുടെ തലയിൽ കുടുമ വയ്ക്കുന്നതിനെകുറിച്ച് ചോദിച്ചപ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു.

''അത് അനുവദനീയമല്ല, അങ്ങനെ ചെയ്യാൻ പാടില്ല'' (*മൽഫൂസാത്ത്* )

**വിവാഹം**

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. "അശുദ്ധമായ ഏതൊരു കാര്യവും ഹറാമാകുന്നു, ശുദ്ധമായത് ഹലാലാകുന്നു. അല്ലാഹുതആല ശുദ്ധമായ ഒന്നിനേയും ഹറാമായി വിധിച്ചിട്ടില്ല. മറിച്ച് എല്ലാ ശുദ്ധവസ്തുക്കളേയും ഹാലാലാക്കിയിരിക്കുകയാണ്. പക്ഷേ, ശുദ്ധമായ വസ്തുക്കളിൽ മലിനവും അശുദ്ധവുമായ വസ്തുക്കൾ കൂട്ടിക്കലർത്തിയാൽ അത് ഹറാമാണ്. വിവാഹം ദഫ്മുട്ടി വിളംബരപ്പെടുത്തുന്നത് അനുവദനീയമാണ്. എന്നാൽ, അതിൽ നൃത്തങ്ങളും കുരവയും മറ്റും കൂട്ടിച്ചേർത്താൽ അത് അനുവദനീയമല്ല. നബി(സ) തിരുമേനി പറഞ്ഞത് പോലെ ചെയ്താൽ ഒന്നും ഹറാമാവുകയില്ല.

**നൃത്തം, സംഗീതം,ബാൻഡ് വാദ്യം, വെടിമരുന്ന് പ്രയോഗം**

വിവാഹ വേളകളിലെ അനാചാരങ്ങളെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "വിവാഹാവസരങ്ങളിൽ നൂറുകണക്കിന് രൂപ അനാവശ്യമായി ചെലവഴിക്കുന്നു എന്നതും നമ്മുടെ സമൂഹത്തിലെ ഒരനാചാരമാണ്. ഓർത്തുകൊള്ളുക! തൻപ്രമാണിത്തവും പൊങ്ങച്ചവും പ്രകടിപ്പിക്കുന്നതിന് വേണ്ടി കുടുംബങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്നതും, അത് കൊടുക്കുന്നതും തിന്നുന്നതും ശരീഅത്ത് വിധിപ്രകാരം നിഷിദ്ധമാകുന്നു. കൂടാതെ കരിമരുന്ന് പ്രയോഗവും അനുവദനീയമല്ല. ഇതെല്ലാം അനാവശ്യമായി ധനം നഷ്ടപ്പെടുത്തുന്നു എന്ന് മാത്രമല്ല പാപം തലയിലേറ്റുകയും ചെയ്യുന്നു. എന്നാൽ പരിശുദ്ധ ശരീഅത്ത് നൽകുന്ന പാഠം കല്ല്യാണം കഴിക്കുന്നവൻ അതിനു ശേഷം വലീമ കൊടുക്കുക എന്നതാണ്. അതായത് കുറച്ച് സുഹൃത്തുക്കൾക്ക് ഭക്ഷണം നൽകുക. (മൽഫൂസാത്ത് Vol - 9 Pg 46-47)

**ചെണ്ടവാദ്യം**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: " നബി (സ) തിരുമേനിയുടെ കാലത്ത് ചെണ്ടവാദ്യ സമ്പ്രദായം ഉണ്ടായിരുന്നില്ല. അനാവശ്യകാര്യങ്ങളൊന്നുമില്ലാത്ത നിക്കാഹ് വിളംമ്പരമാണ് അനുവദനീയമായിട്ടുള്ളത് (മൽഫൂസാത്ത് Vol -5, pg 312)

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ്(റ) പറയുന്നു.

"വിവാഹ വേളകളിൽ സ്ത്രീകൾക്ക് നല്ല കവിതകൾ ചൊല്ലാവുന്നതാണ്. കാശ് കൊടുത്ത് ആളെ വിളിച്ച് പാടിക്കുന്നത് ശരിയല്ല."

" സ്ത്രീകൾക്കിടയിൽ സ്ത്രീകൾ ദഫ് മുട്ടി നല്ല കവിതകൾ ചൊല്ലുന്നത് അനുവദനീയമാണ്. (*അൽഫസ്ൽ 1938 ജൂൺ 14*)

"വിവാഹ വേളകളിലെ മൈലാഞ്ചിക്കല്ല്യാണവും അതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനാചാരങ്ങളും നമ്മുടെ വീക്ഷണത്തിൽ അനിസ്ലാമികമാണ്. നമ്മുടെ ജമാഅത്ത് ഇതിൽനിന്നും വിട്ടുനിൽക്കേണ്ടത് അനിവാര്യവുമാണ്. (*റിപ്പോർട്ട് മജ്‌ലിസ് മുശാവറത്ത് 1942, Pg 24*)

**സ്ത്രീധനപ്രദർശനം**

''പെൺകുട്ടികൾ തങ്ങളുടെ കൂട്ടുകാരികളുടെ സ്ത്രീധനം മതുലായവ കാണുമ്പോൾ അവരും അവരുടെ മാതാപിതാക്കളിൽനിന്ന് അതുപോലുള്ള സാധനങ്ങൾ ആവശ്യപ്പെടാനിടയുണ്ട്. ഇത്തരം പ്രദർശനം ഒരു വിധത്തിൽ വികാരങ്ങളെ മുറിവേൽപിക്കുകയും ചെയ്യും. എന്തൊന്നാണോ മാതാപിതാക്കൾ തങ്ങളുടെ പെൺമക്കൾക്ക് സ്വേഷ്ടപ്രകാരം നൽകുന്നത് അത് പെട്ടിയിലാക്കി നൽകേണ്ടതാണ്. ഞങ്ങളുടെ വീടുകളിലെ രീതി ഇതാണ്. പെട്ടി ആരേയാണോ ഏൽപ്പിക്കുന്നത് അയാളെ ഇതിൽ ഇന്ന സാധനങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെടുത്തിയിരിക്കണം. ഇത് പ്രദർശനമല്ല മറിച്ച് രസീത് ആകുന്നു." (*റിപ്പോർട്ട് മജ്‌ലിസ് മുശാവറത്ത് 1942 pg 24*)

**പുഷ്പമകുടം** (വിവാഹ സമയത്ത് വധൂവരന്മാർ അണിയുന്നത്. ഇത് സാധാരണ ഉത്തരേന്ത്യയിലാണ് കാണുന്നത്)

ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു.

"ഇത് മനുഷ്യനെ കുതിരയാക്കുന്ന ഏർപ്പാടാണ്. യഥാർത്ഥത്തിൽ ഈ ആചാരം ഹിന്ദുക്കളിൽനിന്നും മുസ്‌ലിംകളിലേക്ക് കുടിയേറിയതാണ്. (*അൽഫസ്ൽ 1946 ജനുവരി 4*)

"പുഷ്പമകുടം അണിയുന്നത് ബിദ്അത്താകുന്നു"

**മഹ്ർ**

കഴിവിന്നതീതമായി മഹ്ർ പറയുന്നത് ഒരുതരം അനാചരമാണ്. അല്ലാഹുവിന്റെ വ്യക്തമായ അരുളപ്പാടാണ് ***ലായുക്കല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** എന്നത്. അതായത് അല്ലാഹു ഒരാത്മാവിന്റെ മേലും അതിന്റെ കഴിവിന്നതീതമായ ഭാരം ചുമത്തുന്നില്ല. പേരിന്നും പെരുമയ്ക്കും വേണ്ടി മഹ്ർ പറയാവതല്ല. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) നിർദ്ദേശിച്ചത് ആറുമാസം മുതൽ ഒരു വർഷം വരെയുള്ള വരുമാനത്തിന് തുല്യമായി മഹ്ർ കൊടുക്കാമെന്നാണ്.

**മഹ്ർ പൊരുത്തപെടീക്കൽ**

നമ്മുടെ രാജ്യത്ത് സ്ത്രീ വളരെയധികം ആക്രമി

ക്കപ്പെടുന്നു. ഹഖ് മഹർ അവൾക്ക് നൽകപ്പെടുന്നില്ല. എന്ന് മാത്രമല്ല, പലപ്പോഴും മരണ സമയത്ത് സ്ത്രീകളെക്കൊണ്ട് പൊരുത്തപ്പെടീക്കലാണ് പതിവ്. മഹർ കിട്ടുകയില്ലന്ന് സ്ത്രീക്കറിയാവുന്നത്കൊണ്ട് അവൾ ഭാർത്താവിന് വേണ്ടി ഓശാരമായി മഹർ പൊരുത്തപ്പെടുന്നു. ഒരിക്കൽ ഒരു സഹോദരൻ സ്ത്രീകൾ മഹർ പൊരുത്തപ്പെടാത്തതിനെ കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചപ്പോൾ പറഞ്ഞു. "ഇത് സ്ത്രിയുടെ അവകാശമാണ്. അത് അവൾക്ക് നൽകേണ്ടതാണ്. നിക്കാഹിന്റെ സമയത്തോ അതിനുശേഷമോ നൽകേണ്ടതാണ്.'' (*മൽഫൂസാത്ത്* )

**സ്ത്രീധനം ചോദിച്ചുവാങ്ങൽ**

പെൺവീട്ടുകാരോട് കാർ, സ്കൂട്ടർ മുതലായവ ആവശ്യപ്പെടുകയോ അവരിൽനിന്നും വലിയ സ്ത്രീധനം ആഗ്രഹിക്കുകയോ ചെയ്യുന്നത് ഇക്കാലത്ത് വിദ്യാസമ്പന്നരുടെ ഇടയിൽപോലും കാണുന്ന അനാചാരങ്ങളാണ്. പെൺവീട്ടുകാരുടെമേൽ അനാവശ്യമായി ഭാരം ചുമത്തുന്നത് അനിസ്ലാമികമാണ്. ഇത് ഒരുതരത്തിൽ വിവാഹത്തെ കച്ചവടച്ചരക്കാക്കി മാറ്റലാണ്. അത് തികച്ചും അഹിതവും അനിഷ്ടകരവുമാണ്.

**മരണം**

ജനങ്ങൾ അലമുറയിട്ട് കരയുകയും നിലവിളിക്കുകയും ചെയ്യുന്നു എന്നതാണ് മരണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനാചാരങ്ങളിൽ ഒന്ന്. പ്രധാനമായും സ്ത്രീകൾ ഗുണഗണങ്ങൾ എണ്ണിയെണ്ണിപ്പറയുന്നു. കുടുംബക്കാരോ അയൽവാസികളോ അനുശോചനത്തിന് വരുമ്പോൾ സ്ത്രീകൾ ഓരോരുത്തരുടേയും തോളിൽ കൈയിട്ടുകൊണ്ട് അലമുറയിടുന്നു. ചിലയാളുകൾ മാസത്തിലും വർഷത്തിലും ദുഖാചരണം നടത്തുന്നു. ഈ കാര്യങ്ങളല്ലാം വിരോധിക്കപ്പെട്ടതാണ്. ഇതേകുറിച്ച് ഹ. മസീഹ് മൗഊദ് (അ) പറയുന്നു.

" മരണാവസരത്തിൽ കരഞ്ഞ് വിലപിക്കുന്നതും അലമുറയിടുന്നതും അക്ഷമയുടെ വാക്കുകൾ പറയുന്നതും എല്ലാം ഈമാൻ നഷ്ടപ്പെടുന്ന കാര്യങ്ങളാണ്. ഈ എല്ലാ അനാചാരങ്ങളും ഹിന്ദുക്കളിൽനിന്നും കയറിക്കൂടിയതാണ്. കരയണമെങ്കിൽ കണ്ണീരൊഴുക്കിക്കരയാം. ഇതല്ലാതെ മറ്റുള്ളതെല്ലാം ശൈത്വാനിൽ നിന്നുള്ളതാണ്.

തുടർന്ന് പറയുന്നു:-

'' തൻപ്രമാണിത്തവും വലിപ്പത്തവും കാണിക്കുന്നതിന്ന് നൂറുകണക്കിന് രൂപ ചെലവഴിച്ച് ബിരിയാണിയും മധുരച്ചോറും വച്ച് സുഹൃത്തുക്കൾക്കിടയിൽ വിളമ്പുന്നു. ഇതിന്റെ ഉദ്ദേശ്യം ജനങ്ങൾ അഭിനന്ദിക്കണമെന്നാണ്.. ഇതെല്ലാം സാത്താനിക മാർഗ്ഗങ്ങളാകുന്നു. അവയിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങേണ്ടത് അനിവാര്യമാണ്.

**ഖുൽ (അവസാനത്തെ മൂന്ന് അദ്ധ്യായങ്ങൾ ഓതിയുള്ള പ്രാർത്ഥന)**

ഇതിനെക്കുറിച്ച് ഹ. മസീഹ് മൗഊദ്(അ) പറയുന്നു

" ഖുൽ പാരായണത്തിന് (മരണത്തിന്റെ മൂന്നാം നാൾ നടത്തുന്നത്) ഒരടിസ്ഥാനവും ശരീഅത്തിലില്ല.......... സഹാബികളും മരണപ്പെട്ടിട്ടുണ്ട്. അവരുടെ മരണത്തിൽ ആരെങ്കിലും ഖുൽ പാരായണം ചെയ്തിട്ടുണ്ടോ? നൂറുകണക്കിന് വർഷങ്ങൾക്ക് ശേഷം മറ്റ് ബിദ്അത്തുകളെപ്പോലെ നിലവിൽ വന്ന ഒരു ബിദ്അത്താണ് ഇതും" (*ബദർ പത്രം 1904*)

**ഫാത്തിഹ പാരായണം**

ആരുടെയെങ്കിലും മരണശേഷം അയാളുടെ പാപപ്പൊറുതിക്കായി കുറച്ച് ദിവസത്തേക്ക് ആളുകൾ ഒരിടത്ത് ഒരുമിച്ചുകൂടി ഫാത്തിഹ പാരായണം ചെയ്യുന്നു. ഇതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

" ഇനിയൊരു പ്രശ്നമുള്ളത് നബി (സ) തിരുമേനിയോ തിരുസഹാബാക്കളോ മഹാന്മാരായ ഇമാമീങ്ങളോ ഇങ്ങനെ ചെയ്തിട്ടുണ്ടോ? എന്നതാണ്. ചെയ്തിട്ടില്ലങ്കിൽ പിന്നെ അനാവശ്യമായി ബിദ്അത്തുകളുടെ വാതിൽ തുറന്നു വയക്കേണ്ട ആവശ്യമെന്ത്? നമ്മുടെ അഭിപ്രായം ഈ ആചാരത്തിന്റെ ഒരാവശ്യവുമില്ലെന്നും അനുവദനീയമല്ലെന്നുമാണ്. ജനാസയിൽ പങ്കെടുക്കുവാൻ കഴിയുന്നവർ സ്വന്തം രീതിയിൽ ദുആചെയ്യുക. അല്ലെങ്കിൽ ജനാസ ഗായിബ് നമസ്ക്കരിക്കുക" (*മൽഫൂസാത്ത്, വാള്യം 9, പേ.177)*

**നാൽപതാം അടിയന്തിരം**

നാൽപതാം അടിയന്തിരവും കണ്ടുവരുന്നു. അതായത് ആരെങ്കിലും മരണപ്പെട്ടാൽ അതിന്റെ നാൽപതാം ദിവസം ബന്ധുക്കൾ എല്ലാം ഒരുമിച്ചുകൂടി ഭക്ഷണം പാകംചെയ്ത് മരിച്ചയാളുടെ പേരിൽ ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നു. ഇത് സംബന്ധമായി ഹുസൂർ(അ) പറയുന്നു "ഈ ആചാരം നബി (സ) തിരുമേനിയുടേയും സഹാബത്തിന്റേയും സുന്നത്തിൽനിന്നും പുറത്താണ്'' (*ബദർ പത്രം - 1907 ഫെബ്രുവരി 14*)

**ഖത്തം**

ഖുർആൻ ഖത്തംകൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും മരണപ്പെട്ടയാൾക്ക് പ്രതിഫലമെത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വീടുകളിലോ കബർസ്ഥാനിലോ ഇരുന്ന് ഖുർആൻ പാരായണം ചെയ്യുന്ന ആചാരമാണ്. ഇതിനെകുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"മരിച്ചയാൾക്കുവേണ്ടി ഖുർആൻ ഓതി പൂർത്തിയാക്കുന്നതിനുള്ള ഒരു തെളിവുമില്ല. ദുആയും ദാനധർമ്മങ്ങളും മാത്രമാണ് മയ്യിത്തിന് എത്തുന്നത്." (*ബദർ പത്രം 1904 മാർച്ച് 14*)

വീണ്ടും പറയുന്നു:-

"ഇത്തരത്തിൽ കൂടിയിരുന്ന് ഖുർആൻ ശരീഫ് പാരായണം ചെയ്യുന്നതിന് സുന്നത്തിൽ ഒരു തെളിവുമില്ല. മുല്ലാക്കമാർ തങ്ങളുടെ വരുമാനത്തിന്വേണ്ടി ഉണ്ടാക്കിയ ആചാരങ്ങളാണ് ഇവ". (*അൽഹകം 1907 നവംബർ 10, അവലംബം അൽഫസൽ-1940 മെയ് 12*)

**അന്നദാനം**

ചിലയാളുകൾ മരിച്ചുപോയവരുടെ ആത്മാവിന് പ്രതിഫലമെത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു

പ്രത്യേക ദിവസം നിശ്ചയിക്കുകയും ജനങ്ങൾക്ക് ഭക്ഷണം നൽകുകയും ചെയ്യുന്നു. ചിലർ തുടർച്ചയായി 40 ദിവസം വരെ അന്നദാനം നടത്തുന്നു. ഇതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത്:-

''സാധുക്കൾക്ക് ആഹാരം കൊടുക്കുന്നതിന്റെ പ്രതിഫലം മരണപ്പെട്ടവർക്ക് എത്തുന്നതാണ്. കഴിഞ്ഞ്കടന്നുപോയ പുണ്യാത്മാക്കൾക്ക് പ്രതിഫലം കിട്ടുന്നതിന്വേണ്ടി ഭക്ഷണം നൽകിയാൽ അതിന് കുറ്റമൊന്നുമില്ല. പക്ഷെ, എല്ലാ കാര്യങ്ങളും നിയ്യത്തിൽ അധിഷ്ഠിതമാണ്. ആരെങ്കിലും ഇതുപോലെ അന്നദാനം നടത്തുന്നതിന് പ്രത്യേക ദിവസം നിശ്ചയിക്കുകയും, അങ്ങനെ അന്നദാനം നടത്തുന്നത് നിർബന്ധിത സംഗതിയാണെന്ന് മനസ്സിലാക്കുകുയും ചെയ്യുകയാണെങ്കിൽ അതൊരു വിഗ്രഹമാണ്. അങ്ങനെയുള്ള ആഹാരം വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതെല്ലാം ഹറാമും, ശിർക്കിൽപ്പെട്ടതുമാണ്." (ബദർ പത്രം 1907 ആഗസ്റ്റ് 18)

**ഉറൂസ്**

മഹാന്മാരുടെ മഖ്ബറകളിൽ ഉറൂസ് ആചരിക്കുന്ന സമ്പ്രദായം ഇക്കാലത്ത് വളരെയധികമാണ്. ഖബറുകൾക്ക് ചുറ്റും ത്വവാഫ് ചെയ്യുകയും ഖബ്റുകൾക്ക്മേൽ പുതപ്പ് വിരിക്കുകുയം, ഖബറുകളെ ചുംബിക്കുകയും, സ്ത്രീ പുരുഷന്മാർ നൃത്തം ചെയ്യുകയും, ഖബ്റുകളെ അലങ്കരിക്കുകയും, ആട്ടക്കാരികളുടെ സംഗീതം ആസ്വദിക്കുകയും ചെയ്യുന്നു. ഇതിനെ സംബന്ധിച്ച് ഹ. മസീഹ് മൗഊദ് (അ) പറയുന്നു:-

"നബി(സ) നൽകിയത് എടുക്കുകയും വിരോധിച്ച കാര്യങ്ങളിൽനിന്ന് മാറിനിൽക്കുകയും ചെയ്യുന്നതിന്റെ പേരാണ് ശരീഅത്ത്. ഇക്കാലത്ത് ജനങ്ങൾ ഖബ്റുകളെ വലംവെക്കുകയും അവയെ മസ്ജിദുകളാക്കുകയും ചെയ്തിരിക്കുന്നു. ഉറൂസ് മുതലായവയും അതുപോലുള്ള സമ്മേളനങ്ങളും നുബുവത്തിന്റെ മാർഗ്ഗത്തിലുള്ളതോ സുന്നത്തിന്റെ മാർഗ്ഗത്തിലുള്ളതോ അല്ല". (*മൽഫൂസാത്ത്, വാള്യം-5, പേ-165*)

**പന്ത്രണ്ടാം അടിയന്തിരം**

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു:-

"ഇങ്ങനെയുള്ള ഉറൂസുകൾ, അത് നബി (സ) യുടെ പേരിലാണെങ്കിലും ബിദ്അത്താകുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വീട്ടിലൊരിക്കലും പന്ത്രണ്ടടിയന്തിരത്തിന്റെ സദസ്സ് സംഘടിപ്പിച്ചിട്ടില്ല. എന്റെ ജീവിതത്തിൽ അൽപദിനംപോലും ബിദ്അത്ത് ഉണ്ടാകുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. ഇത്തരം കാര്യങ്ങളിൽ, ബിദ്അത്തുകളുടെ അപകടകാരിയായ വിഷത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്'' (*1913 ഫെബ്രുവരി 21/28*)

**മൗലൂദ്**

മൗലൂദ് പാരായണത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചപ്പോൾ ഹുസൂർ പറഞ്ഞു:

"നബി (സ) യുടെ സ്മരണ വളരെ നല്ലതാണ്. പ്രവാചകന്മാരേയും ഔലിയാക്കന്മാരേയും സ്മരിക്കുന്നതുകൊണ്ട് റഹ്മത്ത് (കാരുണ്യം) ഇറങ്ങുന്നു എന്ന് ഹദീസിൽനിന്നും സ്ഥാപിതമാണ്. അല്ലാഹു നബിമാരെ സ്മരിക്കുന്നതിനാണ് പ്രേരിപ്പിക്കുന്നത്. പക്ഷെ അതൊടൊപ്പം തൗഹീദിൽ വിള്ളലുണ്ടാകുന്ന തരത്തിലുള്ള ബിദ്അത്തുകൾ കൂടുകയാണെങ്കിൽ അത് അനുവദനീയമല്ല." തുടർന്ന് പറയുന്നു :-

"മൗലൂദിന്റെ സമയത്ത് എഴുന്നേറ്റ് നിൽക്കുന്നത് അനുവദനീയമല്ല. അവിടെ നബി(സ)യുടെ റൂഹ് വന്നിരിക്കുന്നു എന്ന അറിവ് ഈ കുരുടൻമാർക്ക് എപ്പോഴാണ് ഉണ്ടായത്. മറിച്ച് ആ മജ്‌ലിസുകളിൽ ഇരിക്കുന്നത് തന്നെ പലതരത്തിലുള്ള ദുസ്വഭാവികളും ദുർനടപ്പുകാരും ആയിരിക്കും. അവിടെ നബി(സ)യുടെ ആത്മാവ് എങ്ങനെ വരാനാണ്? എവിടെയാണ് ആത്മാവ് വരുമെന്ന് എഴുതിയിരിക്കുന്നത്." (*മൽഫൂസാത്ത്, വാള്യം-5, പേ-211-212*)

**പൂവിടൽ**

ചിലയാളുകൾ ഖബറുകളിൽ പൂവിതറുന്നു. ഇതിനെ സംബന്ധിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു:-

''ഇതുകൊണ്ട് മയ്യിത്തിന്റെ ആത്മാവിന് ഒരു സന്തോഷവും ഉണ്ടാകുന്നില്ല, ഇതനുവദനീയമല്ല. ഇതിന്റെ ഒരടയാളംപോലും ഖുർആനിൽനിന്നോ ഹദീസിൽനിന്നോ സ്ഥാപിതമല്ല. ഇതു ബിദ്അത്തും അനാവശ്യവുമാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല." (*ബദർ പത്രം 1909 ആഗസ്റ്റ് 12*)

**ഖബർ സന്ദർശനം, ഖബർ കെട്ടിപ്പൊന്തിക്കൽ**

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:-

"നേർച്ചക്കുവേണ്ടി മഖ്ബറകളിൽ പോകുന്നതും അവിടെചെന്ന് ഉദ്ദേശ്യപൂർത്തീകരണത്തിനായി നേർച്ചയിടുന്നതും ശരിയല്ല. പാഠം ഉൾക്കൊള്ളുന്നതിനും മരണത്തെക്കുറിച്ച് ഓർമ്മിക്കുന്നതിനും അവിടെ പോവുന്നത് അനുവദനീയമാണ്. ഖബറുകൾ കെട്ടിപ്പൊന്തിക്കുന്നത് അനുവദനീയമല്ല. വെള്ളപൊക്കം മുതലായവ ഉണ്ടാവാൻ സാധ്യതയുള്ള സ്ഥലമാണെങ്കിൽ മയ്യിത്തിന്റെ സംരക്ഷണാർത്ഥം അങ്ങനെ ചെയ്യുന്നതിൽ പ്രശ്നമൊന്നുമില്ല. എന്നാൽ, അതിലും ഉപചാരങ്ങൾ അനുവദനീയമല്ല." (*മൽഫൂസാത്ത്, വാള്യം-5, പേ-433*)

**ഖബറിടങ്ങളിൽ ദീപം കൊളുത്തൽ**

ചിലയാളുകൾ മഹാത്മാക്കളുടെ ഖബറുകളിന്മേൽ രാത്രിയിൽ വിളക്ക് കൊളുത്തുന്നു, ഇതും ജഹാലത്തിന്റെ (അജ്ഞതയുടെ) ഒരാചാരമാണ്. ഇത് ഹിന്ദുക്കളുടേയും മുശ്രികീങ്ങളുടേയും ആചാരപ്രകാരമുള്ള ബിദ്അത്താകുന്നു. നബി(സ) തിരുമേനി ഇതിനെ വിരോധിച്ചിരിക്കുന്നു.

ഹസ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു നബി(സ) തിരുമേനി അരുളി "ഖബറുകളിൽ സിയാറത്ത് ചെയ്യുന്ന സ്ത്രീകളേയും ഖബറുകളിന്മേൽ പള്ളികൾ നിർമിക്കുന്നവരേയും, അതിന്മേൽ വിളക്ക് കൊളുത്തുന്നവരേയും അല്ലാഹു ശപിച്ചിരിക്കുന്നു."

ആദ്യം നബി (സ) ഖബർ സിയാറത്ത് നിരോധിച്ചി

രുന്നു. പിന്നീട് മനുഷ്യർ മരണത്തെ ഓർമ്മിച്ച് അല്ലാഹുവിലേക്കും അന്ത്യനാളിലേക്കും തിരിയുന്നതിന് വേണ്ടി അനുവാദം നൽകി. സ്ത്രീകൾ ഇക്കാര്യങ്ങളെ കുറിച്ച് പ്രത്യേകം സൂക്ഷ്മത പാലിക്കേണ്ടതാണ്. അറിവില്ലായ്മ കാരണം അവർ ഇക്കാര്യങ്ങൾ ദോഷങ്ങളാണെന്ന് മനസ്സിലാക്കുന്നില്ല.

**സഹാനുഭൂതി**

ഏതെങ്കിലും സഹോദരന്റെ വീട്ടിൽ മരണം സംഭവിച്ചാൽ മറ്റു സഹോദരന്മാർ അയാൾക്കുവേണ്ടി തങ്ങളുടെ വിട്ടിൽ ഭക്ഷണം തയ്യാറാക്കുന്നത് അനുവദനീയമാണോ എന്ന് ഹസ്റത്ത് മസീഹ് മൗഊദ് (അ)നോട് ചോദിച്ചപ്പോൾ പറഞ്ഞു: "അനുവദനീയമെന്ന് മാത്രമല്ല, സാഹോദര്യവും സഹാനുഭൂതിയും നോക്കുമ്പോൾ അങ്ങനെ ചെയ്യേണ്ടത് അനിവാര്യമാണ്." (*മൽഫൂസാത്ത്, വാള്യം-9, പേ-304*)

**ബറാത്ത്**

ശഅ്ബാൻ മാസത്തിൽ മധുരപലഹാരങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യാറുണ്ട്. ഇതും ഒരു അനാചാരമാകുന്നു. ഇതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:-

" ഈ മധുരപലഹാര വിതരണങ്ങളെല്ലാം ബിദ്അത്തുകളാണ്." (*മൽഫൂസാത്ത്, വാള്യം-9, പേ-394*)

**ആശൂറ**

മുഹർറ മാസത്തിൽ ജനങ്ങൾ താബൂത്ത് നിർമ്മിക്കുകയും, സദസ്സ് സംഘടിപ്പിക്കകയും ചെയ്യുന്നു. ഇതിൽ പങ്കെടുക്കന്നതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് ചോദിച്ചപ്പോൾ ഹുസൂർ (അ) പറഞ്ഞു:-

''പാപമാകുന്നു.'' (*മൽഫൂസാത്ത് വാള്യം-9, പേ-446*)

മുഹർറം പത്തിന് ശർബത്ത്, ചോറ് മുതലായവ വിതരണം ചെയ്യുന്നു. അല്ലാഹുവിനെ മുൻനിർത്തി സദുദ്ദേശ്യ പരമായിട്ടാണെങ്കിൽ ഇതേകുറിച്ച് ഹസൂർ (അ)ന്റെ അഭിപ്രായം എന്താണെന്ന് ഖാളി മുഹമ്മദ് സുഹുറുദ്ദീൻ സാഹിബ് അക്മൽ ചോദിച്ചപ്പോൾ ഇപ്രകാരം പ്രതിവചിച്ചു:

"ഇങ്ങനെ സ്ഥിരമായി ദിവസവും സമയവും നിശ്ചയിച്ച് ഓരോ വർഷവും ഇത് കൊണ്ടാടുന്നത് അനാചാരവും ബിദ്അത്തുമാണ്. ഇവ മെല്ലെ മെല്ലെ ശിർക്കിലേക്ക് നയിക്കുന്നു. ഇതിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. കാരണം ഇത്തരം ആചാരങ്ങളുടെ പര്യവസാനം നല്ലതല്ല. പറഞ്ഞതുപോലെ തുടക്കത്തിൽ ഈ ഉദ്ദേശ്യത്തോടെ ആയിരുന്നുവെങ്കിലും ഇപ്പോൾ അല്ലാഹുവിനെ കൂടാതെ ഇതരരുടെ പേരിലും ഇത് നടത്താൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് നാം അത് അനുവദനീയമല്ലെന്ന് പ്രഖ്യാപിക്കുന്നു. ഇത്തരം അനാചാരങ്ങൾ ഉൻമൂലനം ചെയ്യപെടാത്തിടത്തോളം തെറ്റായ വിശ്വാസങ്ങൾ ദൂരീകരിക്കപ്പെടുന്നതല്ല.'' (മൽഫൂസാത്ത്, വാള്യ-9, പേ-214)

**തസ്ബീഹ് മാല**

ചിലയാളുകൾ നടന്നും സദസ്സുകളിൽ ഇരുന്നും തസ്ബീഹ് മണികൾ എണ്ണുന്നത് സാധാരണ കണ്ടുവരാറുണ്ട്. തങ്ങൾ സദാസമയവും ദൈവസ്മരണയിൽ മുഴികിയിരിക്കുന്നവരാണെന്ന് ദ്യോതിപ്പിക്കാനാണ് അവരിങ്ങനെ ചെയ്യുന്നത്. ഇതിനെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:-

"തസ്ബീഹ് ചെയ്യുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം എണ്ണം കണക്കാക്കലാണ്. അയാൾ എണ്ണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അയാൾ എണ്ണം പൂർത്തിയാക്കുമോ, ശ്രദ്ധചെലുത്തുമോ എന്ന കാര്യം നിങ്ങൾക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. എണ്ണം പൂർത്തിയാക്കുവാനുള്ള ചിന്തയിൽ ഇരിക്കുന്നവന് യഥാർത്ഥ തൗബ ചെയ്യാൻ സാധ്യമല്ല എന്ന കാര്യം വ്യക്തമാണ്. നബിമാരും പുണ്യാത്മാക്കളും ദൈവിക സ്നേഹത്തിൽ ആമഗ്നരും ദൈവികപ്രേമത്തിൽ അർപ്പണം ചെയ്യുന്നവരുമായിരുന്നു. അവർ ഒരിക്കലും എണ്ണിയെണ്ണി ദൈവത്തെ സ്മരിച്ചിട്ടില്ല. അതിന്റെ ആവശ്യകത മനസ്സിലാക്കിയിട്ടുമില്ല. (*മൽഫൂസാത്ത്, വാള്യം-7, പേ-18*)

**മന്ത്ര തകിട്, ഏലസ്സ് അഥവാ ഉറുക്ക്**

രോഗശമനത്തിനും ബുദ്ധിമുട്ടുകൾ അകലുന്നതിനും ഐശ്വര്യമുണ്ടാകുന്നതിനും ഉദ്ദേശ്യസാഫല്യത്തിനും യാത്ര മുതലായവയിൽ സുരക്ഷിതത്വത്തിനും വേണ്ടി ഉറുക്കെഴുതി കെട്ടുകയോ മന്ത്രത്തകിട് എഴുതി നൽകുകയോ ചെയ്യുന്നത് ഫക്കീർമാരുടേയും സൂഫിമാരുടേയും രീതിയാണ്. കൂടാതെ പരിഹാസ്യമായ തരത്തിലുള്ള പലവിധ കുർബാനികളും പലതരത്തിലുള്ള കർമ്മങ്ങളും ചെയ്യാൻ പറയുകയും ചെയ്യുന്നു. ഹൃദയങ്ങളിൽ ദുർബോധനം ഉണ്ടാക്കുകയും പിന്നീട് ചികിത്സ വിധിക്കുകയും ചെയ്യുന്നു. അജ്ഞരുടെ കാര്യം പോട്ടെ, വിദ്യാസമ്പന്നരായ ആളുകൾ പോലും ഏലസ്സിൽ വിശ്വസിക്കുകയും കഴുത്തിലണിയുകയോ കൈകളിൽ കെട്ടുകയോ ചെയ്യുന്നു. ഒരു ദിവസം രാംപൂരിലുള്ള ഒരാൾ ഈ രീതിയിൽ ചില ആവശ്യങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സന്നിധിയിൽ എഴുതി അറിയിക്കുകയുണ്ടായി. ഹുസൂർ (അ) പറഞ്ഞു. "നാം ദുആ ചെയ്യുന്നതാണ്"

അയാൾ ആശ്ചര്യത്തോടുകൂടി ചോദിച്ചു താങ്കൾ എന്റെ അപേക്ഷക്ക് മറുപടി തന്നില്ല? ഹുസൂർ പ്രതിവചിച്ചു.

''നാം പറഞ്ഞല്ലോ നാം ദുആ ചെയ്യുമെന്ന്'' അപ്പോൾ അദ്ദേഹം ചോദിച്ചു, ഹുസൂർ ഏലസ്സൊന്നും എഴുതികൊടുക്കാറില്ലേ? ഹുസൂർ(അ) പ്രതിവചിച്ചു.

"ഏലസ്സ് എഴുതികൊടുക്കൽ നമ്മുടെ ജോലിയല്ല - നമ്മുടെ ജോലി അല്ലാഹുവിന്റെ സന്നിധിയിൽ ദുആചെയ്യൽ മാത്രമാണ് (*മൽഫൂസാത്ത്, വാള്യം-10, പേ-203*)

**പുകയില**

ഇക്കാലത്ത് പുകവലി സാധാരണയാണ്, ഫാഷനാണ്. അധികമായ ഉപയോഗം കാരണം അത് അവശ്യവസ്തുവായി കണക്കാക്കപ്പെടുന്നു. അതിന്റെ അപകടത്തെ പലപ്പോഴും അവഗണിക്കാറാണ് പതിവ്. ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു. ഹുസൂർ (അ)

പറയുന്നു.

" മനുഷ്യന് ദുശ്ശീലങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. പക്ഷെ അക്കാര്യത്തിൽ വിശ്വാസം ഉണ്ടായിരിക്കണം എന്നതാണ് നിബന്ധന. തങ്ങളുടെ പഴയ ശീലങ്ങൾ ഒഴിവാക്കിയ വളരെയധികം ആളുകൾ ലോകത്തുണ്ട്. എപ്പോഴും മദ്യപിച്ചിരുന്ന ചിലയാളുകൾ വാർദ്ധക്യത്തിൽ- ഈ പ്രായത്തിൽ ശീലങ്ങൾ ഒഴിവാക്കുന്നത് സ്വയം രോഗിയാവലാണ്. എന്നാൽ വർദ്ധക്യത്തിൽ യാതൊരുവിധ ചിന്തയും കൂടാതെ അതൊഴിവാക്കുകയും കുറച്ച് രോഗങ്ങൾ പിടിപെട്ട ശേഷം സുഖപ്പെടുകയും ചെയ്യാറുണ്ട്. ഞാൻ ഹുഖയെ ചില നിർബന്ധിത സാഹചര്യങ്ങളിലല്ലാതെ ഉപയോഗിക്കുന്നത് വിരോധിക്കുകയും അനുവദനീയമല്ലെന്ന് വിധിക്കുകയും ചെയ്യുന്നു. ഇത് ഒരു അനാവശ്യ വസ്തുവാണ്. ഇതിൽ നിന്നും മനുഷ്യൻ വിട്ടുനിൽക്കേണ്ടതാണ്" (*ബദർ 1907 ഫെബ്രുവിരി 28*)

"പുകയിലയെ സംബന്ധിച്ച് ശരീഅത്ത് ഒന്നും പറഞ്ഞിട്ടില്ല. പക്ഷെ നാം ഇതിനെ വെറുക്കപ്പെട്ടതായി ക്കരുതുന്നു. ഇത് നബി(സ) തിരുമേനിയുടെ കാലത്ത് ഉണ്ടായിരുന്നെങ്കിൽ ഇതിന്റെ ഉപയോഗത്തെ അവിടന്ന് വിലക്കുമായിരുന്നു. (*ബദർ പത്രം ജൂലൈ 24 - 1903*)

**സിനിമ**

പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടായിരിക്കുന്ന വഴിവിട്ട ജീവിതവും ഒരു പരിധിവരെ അവരുടെ സമൂഹത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന അശ്ലീലങ്ങളുടെയും ദൃശ്യങ്ങൾ ഇക്കാലത്ത് സിനിമ സ്ക്രീനിൽ പ്രദർശിക്കപ്പെടുന്നു. അത് പുതിയ തലമുറയെ മതത്തിൽനിന്നും അകറ്റുകയും ദുശ്ശീലങ്ങളോട് താൽപര്യം ഉണ്ടാക്കുകയും ചെയ്യുന്നു. പണത്തിന്റെയും സമയത്തിന്റെയും നഷ്ടം വേറെ. ഈ ദൂഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഹസ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് സാനി (റ) നൽകിയ നിർദ്ദേശങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

"ഇത് സംബന്ധമായി ഞാൻ ജമാഅത്തിനോട് കൽപിക്കുകയാണ് ഒരു അഹ്മദിയും സിനിമ, സർക്കസ് തുടങ്ങി ഒരുവിധ തമാശക്കും ഒരിക്കലും പോവരുത്. ഇവയിൽനിന്നും പരിപൂർണ്ണമായും വിട്ടുനിൽക്കേണ്ടതാണ്. ബൈഅത്തിന്റെ വിലയും നിലയും മനസ്സിലാക്കുന്ന ആത്മാർത്ഥരായ ഓരോ അഹ്മദിക്കും ഇതുപോലുള്ള തമാശകൾ കാണുന്നതും മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതും അനുവദനീയമല്ല."

"സിനിമയെ സംബന്ധിച്ച് ഞാൻ കരുതുന്നത് അത് ഇക്കാലത്തെ ഏറ്റവും വലിയ ശാപമാണെന്നാണ്. അത് നൂറുക്കണക്കിന് മാന്യമായ വീടുകളിലെ ആൺകുട്ടികളെ പാട്ടുകാരും, പെൺകുട്ടികളെ നർത്തകികളും ആക്കിയിരിക്കുന്നു. സിനിമ, രാജ്യത്തിന്റെ സ്വഭാവത്തിന്മേൽ ഇത്തരത്തിലുള്ള വിനാശകരമായ സ്വാധീനമാണ് ചെലുത്തുന്നത്. ഞാൻ മനസ്സിലാക്കുന്നത്, ഞാൻ നിരോധിക്കുന്നില്ലെങ്കിൽപോലും വിശ്വാസിയുടെ ആത്മാവ് സ്വയം തന്നെ അതിനെതിരിൽ രോഷം കോള്ളേണ്ടതാണ്" (*മുത്താലിബാത്ത് പേജ് 27-41*)

ഇക്കാലത്ത് ടെലിവിഷൻ ഉള്ളത് കാരണം സിനിമയ്ക്ക് വേറെങ്ങും പോവേണ്ട ആവശ്യമില്ല. വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ നാടകങ്ങൾ കാണാൻ സാധിക്കുന്നതാണ്. സിനിമയും ടെലിവിഷനും അതിന്റെ സ്ഥാനത്ത് ദോഷമല്ല. പക്ഷെ ഇക്കാലത്ത് അതുകൊണ്ടുള്ള നഷ്ടം പ്രയോജനത്തേക്കാൾ കൂടുതലാണ്. കൂടാതെ ദൂഷ്യങ്ങൾ വ്യാപിക്കാൻ നിമിത്തവുമായിരിക്കുന്നു. അതുകൊണ്ട് പൂർണ്ണമായ രീതിയിൽ നിയന്ത്രിക്കുകയും അനാവശ്യ ദൃശ്യങ്ങൾ കണ്ട് സമയം കളയാതിരിക്കുകയും ചെയ്യേണ്ടതാണ്. ഹസ്റത്ത് അമീറുൽ മുഅ്മിനീൻ സിനിമയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ടെലിവിഷൻ ഫിലിമുകൾക്കും നാടകങ്ങൾക്കും മറ്റു ദൃശ്യങ്ങൾക്കും ബാധകമാണ്.

**ഫാഷൻ ഭ്രമം**

സിനിമാ നടീനടന്മാരുടെ വേഷഭൂഷാധികളെ അതേ രീതയിൽ അനുകരിക്കുന്ന കാലമാണിത്. ഈ അനുകരണം ഒരു ഭ്രാന്തുപോലെ രാജ്യത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളിൽ നഖം വളർത്തുന്ന ഫാഷൻ പകർച്ചവ്യാധിപോലെ ആയിരിക്കുന്നു. ഇതെല്ലാംതന്നെ പാശ്ചാത്യസംസ്കാരത്തിന്റെ അനുകരണമാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഒരു മജ്‌ലിസെ മുശാവറയുടെ അവസരത്തിൽ പറഞ്ഞു.

"ഫാഷൻ" ഭ്രമത്തിനെതിരിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണുള്ളത്. നമ്മുടെ അഹ്മദീയുവാക്കളിൽ ഭൂരിപക്ഷവും ഇത് ഇഷ്ടപ്പെടാത്തവരാണ്. ഇല്ലാമാശാഅല്ലാഹ് ഈ ഭ്രമത്തിൽ ഒഴുകുന്നവരും ഉണ്ട്. അവരെ നാം സംരക്ഷിക്കേണ്ടതാണ്. ഇത് പരിഹരിക്കാൻ പറ്റാത്തവിധം സങ്കീർണ്ണമായ കാര്യമൊന്നുമല്ല. എന്നാൽ നാം ലളിതവും അനാഢംബരവുമായ ജീവിതം നയിക്കുന്ന സമൂഹമാണെന്ന ബോധം ജമാഅത്തിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. നാം ഇത്തരം ദുഷ്പ്രവണതകളെ നമ്മുടെ ചുറ്റുപാടിൽ കയറിക്കൂടാൻ അനുവദിക്കരുത്.

## ദീനിപരീക്ഷ

**ആഗസ്റ്റ് 28 ഞായറാഴ്ചയാണ് ദീനിപരീക്ഷ. ഈ പരീക്ഷയിൽ മജ്‌ലിസ് അൻസാറുല്ലായുടെ എല്ലാ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. ഈ ലക്കത്തിൽ കൊടുത്തിരിക്കുന്ന നബിചരിത്രം (പേജ്–12), മൂന്ന് ഖലീഫമാരുടെ ചരിത്രം (പേജ്–16–19), മസീഹ് മൗഊദിന്റെ സത്യസാക്ഷ്യം (പേജ്–21), അന്ധവിശ്വാസങ്ങളും അനാചാരങ്ങളും (പേജ്–22–27) തുടങ്ങിയ വിഷയങ്ങൾ 2005–ലെ പാഠ്യവിഷയമാണ്. ഇതിനെ അടിസ്ഥാനമാക്കിയായിരിക്കും ചോദ്യം വരിക. ചോദ്യങ്ങളെല്ലാം സരളമായിരിക്കുമെന്ന കാര്യം ഓർക്കുക.**

ലേഖനം



ഏ.ക്യു. മഹ്ദി

# 'എങ്ങനെ ചെയ്യാം ഒരു വിദേശയാത്ര'

**യാ**ത്രകൾ എന്നുമെനിക്ക് പ്രിയങ്കരമായിരുന്നു. ഒരിക്കലുമടങ്ങാത്ത ആവേശം അതിനോട് തോന്നിത്തുടങ്ങിയത് എന്നുമുതലാണെന്ന് ഓർമ്മയില്ല. ഒന്നറിയാം, കുട്ടിക്കാലം മുതൽക്കേ ഞാൻ സഞ്ചാരം ഇഷ്ടപ്പെട്ടിരുന്നു.

ബാല്യകാലത്ത്, ആ താൽപര്യം എന്നിലെങ്ങനെ വളർന്നുവെന്നതിനെപ്പറ്റി ഞാനോർക്കുന്ന ഒരു പഴയ സംഭവമുണ്ട്. ഹൈസ്കൂൾ ക്ലാസ്സിൽ പഠിക്കുന്ന കാലം. ഒരു മലയാളം മീഡിയം സ്കൂളിലായിരുന്നു എന്റെ വിദ്യാഭ്യാസം. അന്ന്, എന്റെ ഏതോ ക്ലാസ്സിൽ 'പുരുഷാന്തരങ്ങളിലൂടെ' എന്നൊരു മലയാള ഉപപാഠപുസ്തകം ഉണ്ടായിരുന്നു.

പ്രശസ്ത കവി ശ്രീ. വയലാർ രാമവർമ്മ എഴുതിയ ഒരു ചെറിയ പുസ്തകമായിരുന്നു അത്. മനോഹരമായ ഒരു രചന. അദ്ദേഹം എഴുതിയ പല കവിതാസമാഹാരങ്ങളേക്കാളും കാവ്യഭംഗി നിറഞ്ഞ, എന്നാൽ ഗദ്യസാഹിത്യത്തിൽ എഴുതപ്പെട്ട ഒന്ന്. 'പുരുഷാന്തരങ്ങളിലൂടെ' ഒരു യാത്രാവിവരണമായിരുന്നു, ഒരു സഞ്ചാരസാഹിത്യകൃതി. 47 വർഷങ്ങൾക്കു മുമ്പ്, ഡൽഹിയിലേക്ക് അദ്ദേഹം നടത്തിയ ഒരു തീവണ്ടിയാത്രയിലെ അനുഭവങ്ങളായിരുന്നു അതിലെ ഉള്ളടക്കം. ഈ പുസ്തകം ആദ്യമായി പ്രസിദ്ധീകരിച്ചത് 1959-ലാണ്.

വയലാർ ആ യാത്ര നടത്തിയ കാലത്ത് കേരളത്തിൽനിന്നും ഡൽഹിക്ക് നേരിട്ട് തീവണ്ടികൾ ഉണ്ടായിരുന്നില്ല. മദിരാശിയിൽനിന്നും പുറപ്പെടുന്ന ജി.ടി എക്സ്പ്രസ്സ് (ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സ്) വഴിയായിരുന്നു ശ്രീ വയലാറിന്റെ തീവണ്ടിയാത്ര. യു.പിയും ഉത്തരമധുരയും, ആഗ്രയുമൊക്കെ താണ്ടി ന്യൂഡൽഹിയിലെത്തും വരെയുള്ള യാത്രയിലെ വിചിത്രതരമായ അനുഭവങ്ങളുടെ അതീവഭംഗി നിറഞ്ഞ രേഖാചിത്രങ്ങളാണ്, കടന്നുപോയ ഈ നാടുകളുടെ പൗരാണിക സംസ്കൃതികളുമായി ലയിപ്പിച്ച് അദ്ദേഹം തന്റെ ആ പുസ്തകത്താളുകളിൽ കോറിയിട്ടത്. ഇന്ത്യൻ സംസ്കാരത്തിന്റെ പൈതൃകം ഉറങ്ങിക്കിടക്കുന്ന ഉത്തരേന്ത്യൻ സമതലങ്ങളിലൂടെ അദ്ദേഹം നടത്തിയ പര്യടനത്തിന്റെ ഹൃദ്യമായ ഒരാവിഷ്ക്കരണമായിരുന്നു തീർച്ചയായും ആ ചെറുപുസ്തകം. പ്രാചീന സാഹിത്യ കൃതികളിലെയും, ചരിത്രസംഭവങ്ങളിലേയും പശ്ചാത്തലം ആ യാത്രാവിവരണത്തിലൂടനീളം അദ്ദേഹം വിവരിക്കുമ്പോൾ ആ പ്രദേശങ്ങളിലൂടെ സഞ്ചരിക്കുന്ന ഒരനുഭവമാണ് ആ കുട്ടിക്കാലത്തുപോലും എനിക്ക് തോന്നിയത്. ജീവിതത്തിൽ ഒരിക്കലും അത്തരം ഒരു ദില്ലിയാത്രപോലും ചെയ്യാൻ എനിക്ക് അവസരം കിട്ടുമോ എന്നും ഞാനെന്റെ ബാലമനസ്സിൽ ശങ്കിച്ചിരുന്നു.

ഈ അടുത്തസമയത്ത്, നിരവധി ബുക്ക്സ്റ്റാളുകളിൽ പരതി, ഞാനാപുസ്തകത്തിന്റെ ഒരു കോപ്പി സംഘടിപ്പിച്ച്, വീണ്ടും ഒരാവർത്തികൂടി വായിക്കുകയുണ്ടായി. ഗ്രന്ഥകർത്താവ് മരിച്ചിട്ടുതന്നെ വർഷങ്ങളേറെ കഴിഞ്ഞിരിക്കുന്നു. ഞാൻ വിലയ്ക്കുവാങ്ങിയ ആ പുസ്തകത്തിന്റെ താളുകൾക്ക് കാലപ്പഴക്കം കൊണ്ട് മഞ്ഞനിറം ബാധിച്ചിരുന്നു. കേരള എക്സ്പ്രസ്സും, ജയന്തിജനതയും, രാജധാനിയുമൊക്കെ കേരളത്തിൽനിന്നും നേരിട്ടു ഡൽഹിക്കു പുറപ്പെട്ടു കഴിഞ്ഞിട്ടും നാലു പതിറ്റാണ്ടുകൾക്കപ്പുറം എഴുതപ്പെട്ട ഈ ചെറിയ പുസ്തകത്തിലെ വരികളിലൂറിനിൽക്കുന്ന, അന്നത്തെ യാത്രാനുഭവ ചിന്തകൾ ഈ വർത്തമാനകാലത്തെ ഭാവങ്ങളെക്കാളുമൊക്കെ ഊർജ്ജം ഉൾക്കൊള്ളുന്നവയാണെന്നു ഞാൻ കണ്ടു.

കുട്ടിക്കാലം മുതൽക്കേ, ഞാൻ അക്ഷരങ്ങളെ സ്നേഹിച്ചിരുന്നു. എന്റെ പിതാവായിരുന്നു അതിനൊരു കാരണക്കാരൻ. അദ്ദേഹത്തിന് സ്വന്തമായുണ്ടായിരുന്ന ചെറിയൊരു സ്വകാര്യ ലൈബ്രറിയിലെ പുസ്തകങ്ങൾ മിക്കതും ഞാനക്കാലത്തുതന്നെ വായിച്ചു തീർത്തിരുന്നു.

പിന്നീട് മലയാളസാഹിത്യത്തിൽ, എന്റെ ബാല്യകാലത്തു ഞാൻ വായിച്ചുതുടങ്ങിയത്- യാദൃശ്ചികമാണോ എന്നോർമ്മയില്ല- ശ്രീ. എസ്സ്.കെ. പൊറ്റെക്കാടിന്റെ സഞ്ചാരകൃതികളായിരുന്നു. സാഹിത്യ അക്കാദമി അവാർഡും, ജ്ഞാനപീഠം പുരസ്കാരവും നേടിയ അദ്ദേഹത്തിന്റെ 'ഒരു ദേശത്തിന്റെ കഥ' അത് പ്രസിദ്ധീകരിച്ച കാലത്തുതന്നെ ഞാൻ വായിച്ചിരുന്നു.

ഒരിക്കലും നടക്കാനിടയില്ലാത്ത ലോകയാത്രകളെപ്പറ്റിയുള്ള വൃഥാസങ്കൽപ്പങ്ങളിൽ സ്വയം ലയിച്ച്, അവ മനസ്സിൽ താലോലിച്ച്, സംതൃപ്തിയടഞ്ഞിരുന്നു ഞാനന്ന്.

വ്യാപാരസംബന്ധമായി അക്കാലത്ത് ഇടയ്ക്കിടെ മദിരാശിയിൽ പോകാറുണ്ടായിരുന്ന എന്റെ പിതാവ്, ഓരോ യാത്രയിലും എന്നെയോ ജേഷ്ഠനേയോ ഒപ്പം കൂട്ടിക്കൊണ്ടു പോകുമായിരുന്നു. അന്നെനിക്ക് പത്തു പന്ത്രണ്ട് വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. തിരുവനന്തപുരം മുതൽ എറണാകുളംവരെ മീറ്റർഗേജ് പാതയായിരുന്നു അന്ന്. കൊച്ചിൻ ഹാർബർ ടെർമിനസ് സ്റ്റേഷനിൽനിന്നും പുറപ്പെടുന്ന കൊച്ചിൻ-മദിരാശി എക്സ്പ്രസ്സ് ട്രെയിനായിരുന്നു അന്ന് ഇവിടെനിന്നും മദിരാശിക്കു നേരിട്ടുള്ള ബ്രോഡ്ഗേജ് തീവണ്ടി. മറ്റൊന്ന് മംഗലാപുരത്തുനിന്നും പുറപ്പെടുന്ന വെസ്റ്റ് കോസ്റ്റ് എക്സ്പ്രസ്സും. മദിരാശി യാത്രകൾ വിദൂരമായ ഏതോ ലോകത്തേക്കുള്ള യാത്രയ്ക്ക് തുല്യമായി എനിക്കന്നു തോന്നിയിരുന്നു.

യാത്രകളെപ്പറ്റിയുള്ള ചിന്തകൾ മനസ്സിൽ പച്ചപിടിച്ചു നിന്നതുകൊണ്ടാവാം, കോളജ് വിദ്യാഭ്യാസം കഴിഞ്ഞയുടൻ ഒരു ബിസിനസ്സ് എക്സിക്യൂട്ടീവിന്റെ മേലങ്കി ഞാനണിഞ്ഞത്. ആ തൊഴിലുമായി ബന്ധപ്പെട്ട്, ഡൽഹിയിലെ ഒരു ഹാർഡ്‌വെയർ നിർമ്മാണ കമ്പനിയ്ക്കു വേണ്ടി, കേരളമൊട്ടാകെ, തിരുവനന്തപുരം മുതൽ കാസർഗോഡുവരെ ഞാൻ സ്ഥിരമായി യാത്ര ചെയ്യാറുണ്ടായിരുന്നു. ആദ്യകാലത്ത് ഒരു ബുള്ളറ്റ് മോട്ടോർ സൈക്കിളിലായിരുന്നു എന്റെ ബിസിനസ്സ് സവാരി മുഴുവൻ.

മെല്ലെ, മെല്ലെ എന്റെ മനസ്സിൽ ഒരു വിദേശയാത്രയെക്കുറിച്ചുള്ള മോഹം മൊട്ടിടാൻ തുടങ്ങി. വിദേശയാത്ര അധികവും വിമാനത്തിലായിരിക്കുമല്ലോ. നാട്ടിൽതന്നെ അക്കാലത്ത് ഞാനൊരു ട്രയൽ വിമാനയാത്രയ്ക്ക് സന്ദർഭം ഒരുക്കി. മുപ്പത് വർഷങ്ങൾക്ക് മുമ്പായിരുന്നു അത്. കൊച്ചിയിൽനിന്നും തിരുവനന്തപുരത്തേക്ക്, അന്ന് അറുപതോ എഴുപതോ പേർക്ക് സഞ്ചരിക്കാവുന്ന ഒരു ആവ്റോ വിമാനത്തിൽ നവവധുവുമൊത്ത് ഞാൻ പറന്നു.

എന്റെ ആദ്യ വിദേശയാത്ര മാലിയിലേക്കുള്ളതായിരുന്നു. മാലി എന്ന മാലിദ്വീപിലേക്ക്. തിരുവനന്തപുരത്തുനിന്നും ഒരു സ്നേഹിതനുമൊത്ത് അരമണിക്കൂറിനുള്ളിൽ, അറബിക്കടലിനു മുകളിലൂടെ ഞാനെന്റെ ആദ്യത്തെ വിദേശരാജ്യമായ മാലിയിൽ വിമാനമിറങ്ങി.

ഏതു വിദേശരാജ്യത്തേക്കു പോകുവാനും വിമാന ടിക്കറ്റു കഴിഞ്ഞാൽ പിന്നെ അവശ്യംവേണ്ട രേഖകൾ രണ്ടാണ്. ഒന്ന് പാസ്പോർട്ട്. അടുത്തത് വിസ. വിസ ഒരു വിദേശരാജ്യത്തേക്കുള്ള അംഗീകൃത, ഔദ്യോഗിക പ്രവേശനരേഖയാണ്. വിസകൾ പലതുണ്ട്. ചുരുങ്ങിയ കാലത്തേക്കുള്ള സന്ദർശനവിസ മുതൽ ജോലിതേടി പോകുന്നവർക്കുള്ള തൊഴിൽ വിസവരെ.

മാലി ഒരു വിദേശരാജ്യമാണെങ്കിലും ഒരു സാധാരണ സന്ദർശകന് അവിടെ പോകാൻ ഇവിടെ നിന്നേ വിസ സംഘടിപ്പിക്കേണ്ടതില്ല, അതവിടെ എയർപ്പോർട്ടിലിറങ്ങുമ്പോൾതന്നെ അനായാസം ലഭിക്കുന്നതാണ്. എന്നാൽ പാസ്പോർട്ട് ആവശ്യമാണുതാനും.

എന്നാൽ, വിസയോ, പാസ്പോർട്ടോ കൂടാതെ പോകാൻ കഴിയുന്ന ഒരു അയൽരാജ്യമുണ്ട് നമുക്ക്, അത് നേപ്പാളാണ്. അവിടെ പോകാൻ നമ്മുടെ ഐഡന്റിറ്റി തെളിയിക്കാൻ പാകത്തിൽ ഒരു രേഖ മാത്രം കയ്യിൽ കരുതിയാൽ മതി. ഇലക്ടറൽ കാർഡോ, ഡ്രൈവിംഗ് ലൈസൻസോ, റേഷൻ കാർഡോ മറ്റോ.

മാലി സന്ദർശനത്തിലൂടെയാണ് വീണ്ടും വിദേശയാത്രകൾക്കു വേണ്ടിയുള്ള ദാഹം എന്നിൽ കലശലായത്. അങ്ങനെ വിവിധ കാലയളവുകളിലായി, നിരവധി വിദേശ രാജ്യങ്ങൾ സന്ദർശിക്കാനുള്ള സൗഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. അവയിൽ പലതും സകുടുംബമുള്ള യാത്രകളുമായിരുന്നു.

ആ യാത്രകളുടെ തുടർച്ചയാണ് 2003-ൽ നടത്തിയ എന്റെ യൂറോപ്പ് ട്രിപ്പ്. ആ യാത്രയിൽ എട്ട് യൂറോപ്യൻ രാജ്യങ്ങളും, യു.ഏ.ഇയും സന്ദർശിക്കാൻ എനിക്കവസരമുണ്ടായി. അതിനെ തുടർന്ന് നേപ്പാൾ, ശ്രീലങ്ക, ഈജിപ്റ്റ് തുടങ്ങിയ രാജ്യങ്ങളും ഞാൻ സന്ദർശിച്ചു. ഇവയിൽ ഈജിപ്റ്റിൽ ഒഴികെ മറ്റു രണ്ട് രാജ്യങ്ങളിലേയും നമ്മുടെ ജമാഅത്തുകളുമായി ബന്ധപ്പെടാൻ എനിക്കവസരമുണ്ടാവുകയും ചെയ്തു. എന്റെ അടുത്ത വിദേശയാത്ര ഈ വരുന്ന ജൂലൈയിലാണ്. ഒരു മാസം നീണ്ടുനിൽക്കുന്ന സകുടുംബമുള്ള ആ യാത്രയിൽ അമേരിക്ക സന്ദർശനമാണ് നിശ്ചയിച്ചിരിക്കുന്നത്. അമേരിക്കയുടെ തെക്കൻതീരമായ ന്യൂയോർക്കിൽ തുടങ്ങി വടക്കേഅറ്റമായ സാൻഫ്രാൻസിസ്കോവരെ യു.എസ്സ്.എയിലെ ഏറ്റവും പ്രധാനപ്പെട്ട 9 സ്റ്റേറ്റുകൾ സന്ദർശിക്കുകയാണ് പരിപാടി. ഈ യാത്രയിലെ രസകരമായ അനുഭവങ്ങൾ, ഞാൻ സത്യമിത്രം വായനക്കാർക്കായി പങ്കുവയ്ക്കാൻ ശ്രമിക്കുന്നതാണ്. ഒരുപക്ഷേ, എന്റെയീ വരികൾ നിങ്ങൾ വായിക്കാനിടവരുന്ന ജൂൺ-ജൂലൈ ലക്കം നിങ്ങളുടെ കയ്യിലെത്തുമ്പോൾ ഞാൻ ഏഴാംകടലിനക്കരെയാവും. എന്റെ യാത്ര സുഖകരവും സുരക്ഷിതവുമായിത്തീരാൻ സദയം പ്രാർത്ഥിക്കുവാൻ വായനക്കാരോട് അപേക്ഷിക്കുന്നു.

ഇതുവരെ ഞാൻ പറഞ്ഞതിൽ പലതും യാത്രകൾക്കു പശ്ചാത്തലമൊരുക്കിയ എന്റെ ഭൂതകാലത്തെപ്പറ്റിയാണ്. എന്നാൽ വിദേശയാത്രയെ സംബന്ധിച്ച് നാം അറിഞ്ഞിരിക്കേണ്ട ചില സാങ്കേതിക വിവരങ്ങൾ കൂടി ഞാനിവിടെ പറയുകയാണ്.

വിദേശയാത്രകൾക്ക് പാസ്പോർട്ടും, വിസയും ആവശ്യമെന്ന് സൂചിപ്പിച്ചുവല്ലോ. ക്രിമിനൽ പശ്ചാത്തലമില്ലാത്ത ആർക്കും, പ്രായവ്യത്യാസമെന്യേ പാസ്പോർട്ട് എടുക്കാം.

ഇനിവേണ്ടത് വിസയാണ്. പാസ്പോർട്ടും ഒരു വിദേശ എയർടിക്കറ്റും ഉണ്ടെങ്കിൽ, കഷ്ടിച്ച് ഒരു വിമാനത്തിൽ കയറിപ്പറ്റി ചില വിദേശരാജ്യങ്ങളിലെ

എയർപോർട്ടിൽ നമുക്ക് ചെന്നിറങ്ങാം. എന്നാൽ, 'വിസ' എന്ന പ്രവേശനരേഖയില്ലെങ്കിൽ, വിമാനത്താവളത്തിൽനിന്നും പുറത്തിറങ്ങി ആ രാജ്യത്തെ മണ്ണിൽ കാലുകുത്താൻ അനുവാദം ഉണ്ടാവില്ല.

വിസ എങ്ങനെ സംഘടിപ്പിക്കാം. തൊഴിൽ വിസയുടെ സാങ്കേതികത്വം ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ട്, സന്ദർശന വിസയെക്കുറിച്ച് മാത്രം പറയാം.

തൽക്കാലം നമുക്ക് ഇന്ത്യയിലെ കാര്യംതന്നെ എടുക്കാം. ഇവിടെനിന്നും ഏതെങ്കിലും വിദേശരാജ്യത്തേക്ക് യാത്ര പോകണമെങ്കിൽ– സന്ദർശനം മാത്രമാണ് ഉദ്ദേശ്യമെന്ന സങ്കൽപ്പത്തിലാണ് ഞാനിതെഴുന്നത്– ആ വിദേശരാജ്യത്തിന്റെ ഇവിടത്തെ എംബസി വഴിയോ, ഹൈക്കമ്മീഷൻ ഓഫീസ് മുഖേനയോ വിസയ്ക്ക് അപേക്ഷ സമർപ്പിക്കണം.

അപേക്ഷയിൽ, എന്തിനു പോകുന്നു, എത്ര ദിവസം താമസിക്കും, എന്നൊക്കെയുള്ള വിവരങ്ങൾ എഴുതേണ്ടതുണ്ട്. അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ സത്യസന്ധവും തൃപ്തികരവുമെന്നു തോന്നിയാൽ ഒരു ഫീസ് ചുമത്തി, നിശ്ചിത ദിവസങ്ങൾക്കോ മാസങ്ങൾക്കോ വിസ അനുവദിച്ചുതരും. ആ കാലയളവിനുള്ളിൽ നമുക്ക്, അവിടെ സന്ദർശനം നടത്താം; വിസയുടെ കാലാവധി തീരുംമുമ്പ് മടങ്ങിവന്നിരിക്കണമെന്ന് മാത്രം. ട്രാവൽ ഏജൻസികളാണ് സാധാരണഗതിയിൽ ഇത്തരം വിസകൾ ഏർപ്പാട് ചെയ്തുതരിക. ചില രാജ്യങ്ങൾ റിട്ടേൺ ടിക്കറ്റ് കൂടി കാണിച്ചാലേ വിസ തരികയുള്ളൂവെന്ന് ശഠിക്കാറുണ്ട്.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള– മലേഷ്യ, സിങ്കപ്പൂർ, തായ്‌ലന്റ് തുടങ്ങിയവ– വിസ ലഭിക്കാൻ താരതമ്യേന എളുപ്പമാണ്. ട്രാവൽകമ്പനികൾ തന്നെ അവ ഏർപ്പാട് ചെയ്തുതരുമ്പോൾ പാശ്ചാത്യദേശങ്ങളിലേക്കുള്ള വിസ ലഭിക്കാൻ അൽപ്പം ബുദ്ധിമുട്ടാണ്. പ്രത്യേകിച്ച് അമേരിക്ക, കാനഡ, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിലേക്ക്.

ട്രാവൽ ഏജന്റ് മുഖേന അപേക്ഷ നൽകിയാൽ പോലും ചിലപ്പോൾ ഒരു നേരിട്ടുള്ള കൂടിക്കാഴ്ച നടത്തിയതിനുശേഷമേ അമേരിക്കയും, ഇംഗ്ലണ്ടും, കാനഡയും വിസ തരികയുള്ളൂ. കൂടിക്കാഴ്ചയിൽ അവരുടെ ചോദ്യങ്ങൾക്ക് (ദ്വിഭാഷിയുണ്ടാവും) തൃപ്തികരമായ മറുപടി കൊടുത്താൽപോലും വിസ നിഷേധിക്കപ്പെട്ടേക്കാം. പ്രത്യേകിച്ച്, യു.കെയും അമേരിക്കയും ഈ വിഷയത്തിൽ വളരെ കർശനഭാവം കൈക്കൊണ്ടു കാണാറുണ്ട്. ആ സമ്പന്നരാജ്യങ്ങളിൽ പോകുന്ന തൊഴിൽരഹിതർ മടങ്ങിവരാതെ അവിടെത്തന്നെ തമ്പടിച്ചുകളയുമോ എന്ന ആശങ്കമൂലമാണത്. അതിനായി അവർ നിർദ്ദേശിക്കുക, നാട്ടിലെ നമ്മുടെ മുഴുവൻ സ്വത്തുവിവരങ്ങളുടേയും, വ്യാപാരമുണ്ടെങ്കിൽ അതിന്റെയും കണക്കുകൾ, കഴിഞ്ഞ മൂന്നുവർഷക്കാലം ആദായനികുതി നൽകിയതിന്റേയും, ബാങ്ക്ബാലൻസ് ഇവയുടേയും അംഗീകൃത രേഖകൾ കാണിക്കാനാവും. സന്ദർശന വിസയ്ക്കു അപേക്ഷിക്കുമ്പോൾ അപേക്ഷകന്റെ പ്രായവും അവർ പരിഗണിക്കാറുണ്ട്. താരതമ്യേന ചെറുപ്പക്കാരെ അവർ തങ്ങളുടെ നാട്ടിലേക്ക് പോകാൻ പ്രോത്സാഹിപ്പിക്കാറില്ല. അവർ മടങ്ങിവരില്ലെന്നു കരുതിയാണത്. ഭാര്യയുമൊത്തുള്ള യാത്രയാണെങ്കിൽ വിസ ലഭിക്കാൻ അൽപ്പംകൂടി എളുപ്പമുണ്ട്.

സാധാരണഗതിയിൽ നമുക്കുണ്ടാകുവാനിടയുള്ള ഒരു തെറ്റിദ്ധാരണ നീക്കുവാൻ കൂടി ഞാനീ സന്ദർഭം വിനിയോഗിക്കട്ടെ. യു.കെ, അമേരിക്ക എന്നീ രാജ്യങ്ങളിലെ സന്ദർശനവിസക്ക് ഞാനും ഭാര്യയും ആ രാജ്യങ്ങളുടെ ഹൈക്കമ്മീഷൻ ഓഫീസിൽ നേരിട്ടു ഹാജരാവുകയുണ്ടായി. വളരെ കൃത്യമായ പല ചോദ്യങ്ങളും അവരുടെ വിസാ ഓഫീസർ ഇന്റർവ്യൂവിനിടയിൽ ചോദിക്കുകയുണ്ടായി. എല്ലാത്തിനും വ്യക്തവും തൃപ്തികരവുമായ മറുപടി ഞങ്ങൾ കൊടുക്കുകയും ചെയ്തു. എന്നോടൊപ്പം ഇന്റർവ്യൂവിന് ഹാജരായ പലർക്കും അന്ന് വിസ നിഷേധിക്കപ്പെട്ടപ്പോൾ ദൈവാനുഗ്രഹത്താൽ, കിട്ടാൻ ഏറ്റവും ബുദ്ധിമുട്ടുള്ള അമേരിക്കൻവിസ, ഞങ്ങൾക്ക് പത്തുവർഷത്തേക്കാണ് സ്റ്റാമ്പ് ചെയ്തുതന്നത്.അടുത്ത പത്തുവർഷത്തിനകം ഞങ്ങൾക്ക് എത്ര പ്രാവശ്യം വേണമെങ്കിലും അമേരിക്കയിൽ പോയിവരാൻ കഴിയുന്ന മൾട്ടിപ്പ്ൾ എൻട്രി വിസയാണ് കിട്ടിയത്; റബ്ബിന് സ്തുതി.

ചോദ്യം അതല്ല, ക്രിസ്ത്യാനികളല്ലാത്ത അന്യമതസ്ഥർക്ക്, വിശിഷ്യാ മുസ്‌ലിംകൾക്ക് യു.എസ്.എ, യു.കെ വിസ കിട്ടാൻ ബുദ്ധിമുട്ടാണെന്നു പരക്കെ ഒരു വിശ്വാസം നിലവിലുണ്ട്. ഈ സംശയം, മൗലവി ഇസ്മായീൽ സാഹിബും ഒരിക്കൽ എന്നോടു ചോദിച്ചതാണ്.

ഇല്ല. ഒരിക്കലുമില്ല. അപേക്ഷകൻ ഏതു മതസ്ഥനാണെന്ന് അവർ അന്വേഷിക്കുന്നില്ല. അവർക്കതിൽ താല്പര്യവുമില്ല. ആണോ പെണ്ണോ ഏതു രാജ്യത്തെ പൗരൻ എന്നിവയാണ് ചോദ്യാവലിയിൽ പ്രധാനം. പേരുകൊണ്ട് നാം ഏതു മതക്കാരനാണെന്ന് അവർക്ക് ഊഹിക്കാൻ കഴിയുമെന്നല്ലാതെ, അപേക്ഷയിലോ പാസ്പോർട്ടിലോ അതിനെപ്പറ്റി സൂചനയൊന്നുമില്ല. പേരുകൊണ്ട് മതം ഏതെന്ന് ഊഹിക്കാൻ കഴിയാത്ത എത്രയോ ഉദാഹരണങ്ങളുണ്ട് ഇപ്പോൾ.

അമേരിക്കൻ വിസക്ക് പോകും മുമ്പ്, എനിക്ക് ചെറിയൊരാശങ്കയുണ്ടായിരുന്നു, എന്റെ പേരിനെപ്പറ്റി. അമേരിക്കക്കാർക്ക് തലവേദനയുണ്ടാക്കിയ പല ഇറാഖി തീവ്രവാദികൾക്കും എന്റേതിനോട് സാമ്യമുള്ള പേരുണ്ടായിരുന്നു. കൂടാതെ 'അൽ മഹ്ദി സേന' എന്നൊരു രഹസ്യസൈനിക വിഭാഗം അമേരിക്കൻ സേനക്ക് ഇറാഖിൽ ശക്തമായ ഭീഷണി ഉയർത്തിയിരുന്നു. എന്റെ പേര് കേൾക്കുമ്പോൾ, ഈ ഭീകരസൈന്യവിഭാഗത്തിന്റെ പേരുമായുള്ള സാദൃശ്യം ഓർത്ത്, വിസ നിഷേധിക്കുമോ എന്നുവരെ എനിക്ക് ആശങ്ക ഉണ്ടായിരുന്നു. അത് സംഭവിച്ചില്ല

എന്നു മാത്രമല്ല, മൂന്നുമാസക്കാലത്തേക്കാണ് അപേക്ഷിച്ചതെങ്കിലും നീണ്ട പത്തുവർഷക്കാലത്തേക്കുള്ള പ്രവേശനാനുമതിയാണ് അവരെനിക്കു തന്നത്.

യു.കെ. ഒഴികെയുള്ള യൂറോപ്യൻ രാജ്യങ്ങളിലേക്കുള്ള വിസയ്ക്ക് ഒരു പ്രത്യേകരീതി തന്നെ നിലവിലുണ്ട്. 'ഷെംഗൻ വിസ' എന്നറിയപ്പെടുന്ന ഈ പൊതു വിസ ലഭ്യമായാൽ, യൂറോപ്പിലെ പതിനാല് രാജ്യങ്ങൾ (യു.കെയും, സ്വിറ്റ്സർലന്റും ഒഴികെ) നമുക്ക് സന്ദർശിക്കാം. ഈ ഷംഗൻ വിസയും, സ്വിസ് വിസയും ട്രാവൽ ഏജൻസികൾ മുഖേന എടുക്കാൻ കഴിയുമെങ്കിൽ യു.കെ. വിസയ്ക്ക് നാംതന്നെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മിഷൻ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതുണ്ട്. നമുക്ക് ഏറ്റവും അടുത്തുള്ള അവരുടെ പ്രധാന ഓഫീസ് ചെന്നയിലാണ്. ഇപ്പോൾ കൊച്ചിയിലും വിസ നൽകുവാൻ ഒരു ചെറിയ ഓഫീസ് അവർ തുറന്നിട്ടുണ്ട്. സാധാരണഗതിയിൽ ഒക്കെ ശരിയായാൽ, എയർടിക്കറ്റ് കൂടി എടുത്താൽ യാത്ര തുടങ്ങാം. ലോകം കാണലിനുള്ള വിദേശയാത്ര, സ്വന്തമായോ ട്രാവൽകമ്പനികൾ നടത്തുന്ന ഗ്രൂപ്പ് ടൂറിലൂടെയോ നടത്താം. ഗ്രൂപ്പ്ടൂറിന് പാക്കേജ് ടൂർ എന്നും പറയാറുണ്ട്.

എന്താണീ പാക്കേജ് ടൂർ? ചില വലിയ ട്രാവൽ കമ്പനികൾ ഒരു ചെറിയ സംഘം ആൾക്കാരെ ഉൾപ്പെടുത്തി, ഏതെങ്കിലും സ്ഥലത്തേക്കോ, ഒരു വിദേശ രാജ്യത്തേക്കോ നടത്തുന്ന ടൂർ പരിപാടിക്കാണ് പാക്കേജ് ടൂർ എന്നുപറയുന്നത്. സാധാരണ, സ്വന്തമായി നാം ഒരു വിദേശയാത്ര നടത്തുമ്പോൾ ഉണ്ടാകുന്ന ചെലവിനേക്കാൾ വളരെ കുറവേ പാക്കേജുകളിലൂടെ പോകുന്നവർക്കുണ്ടാകൂ. വിസ, യാത്രാ ടിക്കറ്റ്, ഹോട്ടലുകളിലെ താമസം, ഭക്ഷണം, കാഴ്ച കാണിക്കൽ തുടങ്ങി എല്ലാം അവർതന്നെ ഏർപ്പാട് ചെയ്തു തരും. മെഡിക്കൽ ഇൻഷ്വറൻസുവരെ ഉൾപ്പെടുത്തുന്നതാണീ പാക്കേജ്. യാത്രയിലുടനീളം ഒരു ടൂർ മാനേജരുടെ സേവനവുമുണ്ടാകും. ഓരോ രാജ്യത്തേയും കാഴ്ചകൾ കാട്ടിത്തരാനും വിശദീകരണം നൽകാനും കമ്പനിതന്നെ ഗൈഡിനെ ഏർപ്പാട്ചെയ്യുകയും ചെയ്യും. നാമൊന്നും അറിയണ്ട, ഗ്രൂപ്പിനോടൊപ്പം വെറുതെയങ്ങു നീങ്ങിയാൽ മാത്രംമതി.

ഞാനെന്റെ പാക്കേജ് ടൂറുകൾ മുഴുവൻ നടത്തിയിട്ടുള്ളത് ബോംബെ ആസ്ഥാനമായുള്ള വലിയ ഒരു ട്രാവൽ കമ്പനി വഴിയാണ്. അവർക്ക് കേരളത്തിൽ കൊച്ചിയിലും ഓഫീസുണ്ട്.

വിദേശയാത്രകൾ ചെയ്യാൻ വേണ്ടത്, ചെലവാക്കാൻ അൽപം പണവും, ഒപ്പം മനസ്സും, പിന്നെ തെല്ലു ധൈര്യവും മാത്രമാണ്. യാത്രയ്ക്കുള്ള ആരോഗ്യസ്ഥിതിയും പ്രധാന ഘടകം തന്നെ. റബ്ബിന്റെ അനുഗ്രഹത്താൽ ഇവയൊക്കെയുണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾക്കും അടുത്ത യൂറോപ്പ് ജൽസയിൽ പങ്കെടുക്കാൻ ശ്രമിച്ചുകൂടാ? അതിന് സർവ്വശക്തൻ ഇടവരുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

---

*21-ാം പേജിൽ നിന്ന്*

പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) താൻ മഹ്ദിയും മസീഹും ആണെന്ന് വാദിച്ചു. സൂര്യ ചന്ദ്രൻമാർക്ക് റമസാനിലെ നിശ്ചിത തിയ്യതികളിൽ ഗ്രഹണം സംഭവിച്ചുകൊണ്ട് അതിനെ സത്യപ്പെടുത്തുകയും ചെയ്തു. ഹസ്റത്ത് അഹ്മദ്(അ) ഒരു പദ്യത്തിൽ പറയുന്നു.

'ആകാശത്തെ നീ എനിക്കുവേണ്ടി സാക്ഷിയാക്കി, സൂര്യചന്ദ്രന്മാരെ നീ എനിക്കുവേണ്ടി ഇരുളടഞ്ഞതാക്കി.'

വീണ്ടും പറയുന്നു. ഈ സമയം മസീഹിന്റെ സമയം തന്നെയായിരുന്നു, മറ്റാരുടെയും അല്ല. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ മറ്റാരെങ്കിലും വരുമായിരുന്നു.

സൂറ: ജുമുആയിലെ ***വ ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*** അവരോട് ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു കൂട്ടരിലും അല്ലാഹു ദൂതനെ നിയോഗിക്കുന്നതാണ് എന്ന വചനമിറങ്ങിയപ്പോൾ സ്വഹാബത്ത് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ അങ്ങ് രണ്ടാമതും നിയോഗിക്കപ്പെടുന്ന മറ്റൊരുകൂട്ടർ ആരാണ്? അപ്പോൾ നബി (സ) സൽമാനുൽ ഫാർസിയുടെ ചുമലിൽ കൈവച്ചുകൊണ്ട് പറഞ്ഞു. ***ലൗകാനൽ ഈമാനു ഇൻദസ്സുറയ്യാ ലനാലഹു റജുലുൻ അവ് രിജാലുൻ മിൻ ഹാഉലായി*** അതായത് സത്യവിശ്വാസം സുറയ്യ നക്ഷത്രത്തോളം ഉയർന്നു പോയാലും ഇദ്ദേഹത്തിന്റെ വംശത്തിൽപെട്ട ഒരാളോ, ഒന്നിൽ കൂടുതൽ ആളുകളോ അതിനെ ഭൂമുഖത്ത് പുന:സ്ഥാപിക്കുന്നതാണ്. (ബുഖാരി, കിത്താബുതഫ്സീർ സൂറ: ജുമുഅ, Vo/-3 Pg-125)

ഈ ഹദീസിൽ പറയുന്നത് ഈമാൻ ഭൂമുഖത്ത് നിന്നുയർന്ന് സുറയ്യാ നക്ഷത്രത്തോളം ഉയർന്നു പോവുന്ന കാലം വരാനിരിക്കുന്നു. അപ്പോൾ ഫാർസി വംശജരിൽപെട്ട ഒരാളോ, ചിലരോ അതിനെ ഭൂമിയിൽ പുന:സ്ഥാപിക്കും എന്നാണ്. അവർ മുഖേന സഹാബത്തിന്റെ മാതൃകയിൽ ചരിക്കുന്ന ഒരു ജമാഅത്ത് സ്ഥാപിതമാവുന്നതാണ്. കൂടാതെ ഈ ഫാർസി വംശജന്റെ ആഗമനം നബി (സ) തിരുമേനിയുടെ രണ്ടാം വരവിന്റെ രൂപത്തിലായിരിക്കും. അതു കൊണ്ട് വരുന്നയാൾ നബി (സ)യുടെ പ്രതിരൂപം ആയിരിക്കും.

ചരിത്രത്തിൽനിന്നും മനസ്സിലാവുന്നത് ഹസ്റത്ത് മസീഹ്മൗഊദ് (അ) ന്റെ കുടുംബ പരമ്പരയിൽ ആദ്യകണ്ണിയായിരുന്ന ഹാജി ബർലാസ്, ഖുർആൻ ജ്ഞാനിയായിരുന്ന അമീർ തയ്മൂറിന്റെ പിതൃ സഹോദരനായിരുന്നു എന്നാണ്. കൂടാതെ ബർലാസ് ഗോത്രം ഇറാന്റെ (പേർഷ്യയുടെ) ഭാഗമായ സമർഖന്തിലായിരുന്നു താമസിച്ചിരുന്നത്.

ലോകത്ത് വീണ്ടും ഈമാൻ പുന:സ്ഥാപിക്കുമെന്ന് പ്രവചനം ചെയ്യപ്പെട്ട ഫാർസി വംശജൻ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്നെയാണ്. (*അവലംബം: താരീഖെ അഹ്മദിയ്യത്ത് ഗ്രന്ഥകർത്താ, മൗലവി ദോസ്ത് മുഹമ്മദ് സാഹിബ്*)

ലേഖനം

മൗലാനാ മുനീർ അഹ്മദ് ഖാദിം
വിവ: എച്ച്. ശംസുദ്ദീൻ കാവശ്ശേരി

# ഇന്ത്യൻ സ്വാതന്ത്ര്യവും അഹ്മദിയ്യാ ജമാഅത്തും (3)

### ശിംലയിലെ മൈത്രീസമ്മേളനം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫയായിരുന്ന ഹസ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ എല്ലാ പരിശ്രമങ്ങളും ഏതെങ്കിലും വിധത്തിൽ ഇന്ത്യയിലെ മുഴുവൻ സമൂഹങ്ങളും ഐക്യത്തിലും മൈത്രിയിലും ആകുന്നതിനു വേണ്ടിയും ഒരു പ്ലാറ്റ്ഫോമിൽ ഒരുമിച്ചുനിന്ന് തങ്ങളുടെ ഭാവിയിലെ സ്വാതന്ത്ര്യത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കണമെന്നതിനും വേണ്ടി മാത്രമായിരുന്നു. കാരണം അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഇന്ത്യയിലെ വ്യത്യസ്ത സമൂഹങ്ങൾക്ക് പ്രത്യേകിച്ച് വലിയ സമൂഹങ്ങളായ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും അനൈക്യത്തിലും അശാന്തിയിലും അസ്വസ്തതയിലും ലഭ്യമാകുന്ന സ്വാതന്ത്ര്യം ഒരിക്കലും പൂർണ്ണമായ സ്വാതന്ത്ര്യമോ അന്തസ്സാർന്ന സ്വാതന്ത്ര്യമോ ആയി ഗണിക്കപ്പെടാവുന്നതായിരുന്നില്ല.

മുസ്‌ലിംകളും ഹിന്ദുക്കളും ഐക്യത്തിലും ഒരുമയിലും സ്നേഹത്തിലും കഴിയുന്നതിനുവേണ്ടി ഉപദേശിച്ചുകൊണ്ടിരുന്ന അദ്ദേഹം ശിംലയിലെ മൈത്രി സമ്മേളനത്തിൽ ഹിന്ദുസഹോദരങ്ങൾക്കു മുന്നിൽ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു.

1 ഹിന്ദുക്കൾ, മുസ്‌ലിം ഗുരുക്കന്മാരെ വിശിഷ്യാ നബി(സ) തിരുമേനിയെ പൂർണ്ണമായും ആദരിക്കേണ്ടതാണ്.

2 അയിത്തത്തിന്റേയും ജാതിവ്യവസ്ഥിതിയുടേയും ഉച്ചനീചത്തങ്ങളെ ഇല്ലായ്മ ചെയ്യേണ്ടതാണ്.*

3 എല്ലാ സമൂഹങ്ങൾക്കും താന്താങ്ങളുടെ സാമ്പത്തിക പരിഷ്കരണത്തിന് പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണം.

4 രാജ്യപുരോഗതിക്കും രാജ്യതാൽപര്യങ്ങൾക്കും വേണ്ടി ഹിന്ദുക്കളും മുസ്‌ലിംകളും പരസ്പരം സമത്വത്തിന്റേയും സഹിഷ്ണുതയുടേയും തത്ത്വങ്ങളിൽ ചരിക്കേണ്ടതാണ്.

5 ഓരോ വിഭാഗത്തിനും താന്താങ്ങളുടെ മതം പ്രചരിപ്പിക്കാനും പ്രഘോഷിക്കാനും മറ്റുള്ളവരെ തങ്ങളുടെ മതത്തിൽ ചേർക്കാനും പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

6 ഒരു വിഭാഗത്തിന്റേയും മതപരമോ സാമൂഹ്യപരമോ ആയ വിശ്വാസങ്ങളെ ആക്ഷേപിക്കരുത്.

7 ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശരിയായ അർത്ഥത്തിൽ സാമൂഹിക സംഘടനയായി മാറണം. എല്ലാതരം ചിന്താഗതിക്കാർക്കും വിശ്വാസികൾക്കും അതിൽ അംഗമാകുന്നതിന് അനുവാദമുണ്ടായിരിക്കണം. ഈ പ്രതിജ്ഞയും താഴെ ചേർക്കും പ്രകാരമായിരിക്കണം.

'ഞാൻ എന്നെ ഭാരതിയൻ എന്നു മനസ്സിലാക്കുന്നു. ഞാൻ എപ്പോഴും ഭാരതത്തിന്റെ പുരോഗതി മുൻനിർത്തി പ്രവർത്തിക്കുന്നതാണ്.' (*അൽഫസ്ൽ 7.9.1927-ൽനിന്ന് സംഗ്രഹിച്ചത്*)

മേൽപറഞ്ഞ കാര്യങ്ങൾ ഹസ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1927 സെപ്തംബർ 7-ന് ശിംലയിൽ ചേർന്ന ഹിന്ദുമുസ്‌ലിം മൈത്രി സമ്മേളനത്തിലാണ് അവതരിപ്പിച്ചത്. ഇക്കാര്യങ്ങളെക്കുറിച്ച് പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ പറഞ്ഞത് ശ്രദ്ധേയമാണ്. അദ്ദേഹം പറഞ്ഞു:

"ഇന്നലെ ഹസ്‌റത്ത് (മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്) വളരെയധികം ഉചിതവും അർത്ഥവത്തുമായ പ്രസംഗം ചെയ്തുകൊണ്ട് നമുക്ക് ശരിയായ മാർഗ്ഗമാണ് കാണിച്ചുതന്നിരിക്കുന്നത്." (*അൽഫസ്ൽ 30.9.1927*)

### ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ മൂന്ന് അടിസ്ഥാനസംഗതികൾ

അഹ്മദിയ്യാ ജമാഅത്ത് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമങ്ങളിൽ പ്രധാനമായും മൂന്ന് അടിസ്ഥാന സംഗതികൾ ഉണ്ടായിരുന്നു.

1 മുഴുവൻ ഇന്ത്യൻ സമൂഹങ്ങളുടേയും പരസ്പരം ഐക്യവും ഒത്തൊരുമയും, രാഷ്ട്രീയസമത്വവും സഹവർത്തിത്ത്വവും

2 സ്വാതന്ത്ര്യലബ്ധിക്കായി അക്രമരാഹിത്യവും സഹിഷ്ണുതയും ആവേശവും കാണിക്കുന്നതിനു പകരം ബുദ്ധിയും വിവേകവും ഉപയോഗിക്കുക.

3 ഉച്ചനീചത്വങ്ങളും ഏതെങ്കിലും സമൂഹത്തെ നിന്ദ്യരായി കാണുന്നതും അവസാനിപ്പിക്കുക.

ഈ മൂന്ന് വൻഉദ്ദേശ്യങ്ങളെ മുൻനിർത്തി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഇന്ത്യൻ രാഷ്ട്രീയനേതാക്കൾക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ടിരുന്നു. ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. അഹ്മദിയ്യാ മുസ്‌ലിം

* ഗാന്ധിജി ഹരിജൻ എന്ന പത്രം തുടങ്ങിയതും അയിത്തോച്ചാടനം ആരംഭിച്ചതുമെല്ലാം 1929-ൽ ആണ്. അതിനും മുമ്പേതന്നെ ഹദ്റത്ത് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ജാതിവ്യവസ്ഥക്കും അയിത്തത്തിനും ഉച്ചനീചത്വത്തിനുമെതിരെ ശബ്ദമുയർത്തിയിരുന്നു.

ജമാഅത്ത് ഒരു രാഷ്ട്രീയ കക്ഷിയല്ല. എങ്കിലും ഒരു പരിശുദ്ധ മതപ്രസ്ഥാനമെന്ന നിലക്ക് മനുഷ്യസമൂഹത്തിന് ഓരോ ദിശയിലും ശരിയായ മാർഗ്ഗദർശനം നൽകാൻ ജമാഅത്ത് ബാധ്യസ്ഥമായിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അഭംഗുരവും അക്ഷീണവുമായ പോരാട്ടങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്വാതന്ത്ര്യ സമര സേനാനികളുടെ മഹത്സേവനങ്ങളെ പ്രകീർത്തിക്കുന്നതോടൊപ്പംതന്നെ ഈ ഉദ്ദേശ്യത്തിനുവേണ്ടി അക്രമമാർഗ്ഗം സ്വീകരിക്കുന്നവരെ ജാഗ്രതപ്പെടുത്തുന്നതും കാണാം. നിലവിലുള്ള സർക്കാരിന്റെ അനുഗുണമായ കർമ്മങ്ങളെ അനുസരിക്കുന്നതോടൊപ്പം സഹിഷ്ണുതയും സഹവർത്തിത്ത്വവും മുഖേന സാവധാനത്തിൽ ശരിയായ അവകാശങ്ങൾ നേടിയെടുക്കുന്ന ഭാഗത്തും അഹ്മദിയ്യാ ജമാഅത്തുണ്ടായിരുന്നു.

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) സ്വാതന്ത്ര്യത്തിനുവേണ്ടി അക്രമമാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരെ വളരെയേറെ ബുദ്ധിപരവും ഹൃദയവർജകവുമായ രീതിയിൽ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: ഓർക്കുക, ഇന്ന് സ്വാതന്ത്ര്യത്തിനുവേണ്ടി അക്രമമാർഗ്ഗങ്ങളവലംബിച്ചാൽ നാളെ നമുക്ക് ഭരണം കിട്ടുമ്പോൾ പ്രസ്തുത സർക്കാറിനെതിരെ ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിപ്പിക്കാൻ അക്രമാർഗ്ഗങ്ങൾ സ്വീകരിച്ചാൽ നാമത് ഇഷ്ടപ്പെടുമോ? പിന്നിൽ വരുന്നവർക്ക് ഇന്ന് നാം നമ്മുടെ കർമ്മങ്ങളിലൂടെ അക്രമമാർഗ്ഗങ്ങൾ കാണിച്ചുകൊടുത്താൽ സ്വന്തം സർക്കാറിനെതിരെ ജനങ്ങൾ ഇതേ മാർഗ്ഗങ്ങൾ അവലംബിക്കുമ്പോൾ ഏതുമുഖം കൊണ്ടാണ് നാം അവരെ തടയുക? അത് അഭംഗുരവും അവസാനിക്കാത്തതുമായ അശാന്തിയുടേയും അരാജകത്വത്തിന്റേയും പരമ്പരകൾക്ക് തുടക്കം കുറിക്കും.

ഖേദമെന്നുപറയട്ടെ, ചില നേതാക്കന്മാർ ആ സമയത്തുള്ള ആവേശത്താൽ, അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവന്ദ്യ ഇമാമിന്റെ ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിച്ചില്ല. അതിന്റെ തിക്തഫലങ്ങൾ ഇന്നു നാം സ്വതന്ത്രഭാരതത്തിൽ കാണുന്നു. നമ്മുടെ സാധാരണ ജനങ്ങൾ അവകാശത്തിന്റേയും നീതിയുടേയും പേരിൽ തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ അക്രമമാർഗ്ഗം കൈവെടിയുന്നില്ല. ഭരണകർത്താക്കൾ അത്തരം സന്ദർഭങ്ങളിൽ പരിഭ്രാന്തരായിത്തീരുന്നു.

ചുരുക്കത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ചരിത്രത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങളെ സാമൂഹിക ഐക്യത്തിന്റേയും അക്രമരാഹിത്യത്തിന്റേയും സുവർണ്ണതത്ത്വങ്ങളിൽ അധിഷ്ഠിതമായി മാത്രമേ കാണാൻ കഴിയൂ. നമുക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും അഹ്മദിയ്യാ ജമാഅത്ത് മുന്നോട്ടുവെച്ച ഈ അടിസ്ഥാന തത്ത്വങ്ങൾ അവഗണിച്ചതുകൊണ്ട് വിഭാഗീയതയുടേയും വിവേചനത്തിന്റേയും സ്വാതന്ത്ര്യമാണ് ലഭ്യമായത്. അതാകട്ടെ ഇന്ന് നമ്മുടെ വരുംതലമുറകളിൽപോലും അക്രമമാർഗ്ഗങ്ങളാണ് മുദ്രണം ചെയ്യുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുവോളം ഒരുപക്ഷേ ഈ പരമ്പര തുടരുമായിരിക്കും. മാത്രമല്ല സമാധാനത്തിനും നിയമവാഴ്ചക്കും വേണ്ടി നാം വൃഥാ അലഞ്ഞുതിരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും.

ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ അടിസ്ഥാന ശ്രമങ്ങളെയാണ് ഇതുവരെ പരാമർശിച്ചത്. ഇനി, സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി ജമാഅത്ത് ചെയ്ത പരിശ്രമങ്ങളെ വിവരിക്കാം.

**ജാലിയൻവാലാബാഗ് കൂട്ടക്കൊല**

1918-ൽ ഒന്നാം ലോകമഹായുദ്ധം അതിന്റെ പര്യവസാനത്തിലെത്തിയിരുന്നു. ഇന്ത്യൻ സമൂഹത്തിന്റേയും പത്രങ്ങളുടേയും അകത്താരിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടണമെന്ന അതിയായ ആഗ്രഹം നുരഞ്ഞുപൊന്താൻ തുടങ്ങി. ഇതിനുവേണ്ടി പത്രങ്ങളിൽ ചൂടുള്ള ലേഖനങ്ങൾ പ്രസിദ്ധീകൃതമായിക്കൊണ്ടിരുന്നു. അതേതുടർന്ന് ബ്രിട്ടീഷ് സർക്കാർ 'റൗലറ്റ് ആക്ട്' എന്ന പേരിൽ ഒരു രാക്ഷസീയ ബിൽ പാസ്സാക്കി. അതനുസരിച്ച് പത്രങ്ങൾക്കുമേൽ പ്രത്യേക നിയന്ത്രണങ്ങൾ വന്നു. ദേശീയപത്രങ്ങൾ ഈ ബില്ലിനെതിരെ അതിശക്തമായാണ് പ്രതികരിച്ചത്. കൗൺസിലിലെ മുഴുവൻ അംഗങ്ങളും ഈ ബില്ലിനെതിരെ വോട്ടു ചെയ്തെങ്കിലും സർക്കാരിന്റേയും സ്വകല്പിത നിയമങ്ങളുടേയും സഹായത്തോടെ ഈ കരിനിയമം പാസാക്കിയെടുക്കുകയാണ് ചെയ്തത്. അതിന്നെതിരിൽ 1919 മാർച്ച് 30-നും ഏപ്രിൽ 6-നും രാജ്യത്തിന്റെ മുക്കിലും മൂലയിലും പ്രതിഷേധമിരമ്പി. അതേതുടർന്ന് സർക്കാർ പഞ്ചാബിന്റെ ചില ജില്ലകളിൽ മർഷൽലാ (പട്ടാളനിയമം) നടപ്പാക്കി. പട്ടാളക്കോടതികൾ സ്ഥാപിതമായി.

ഇങ്ങനെയൊക്കെയാണെങ്കിലും, അമൃത്സർ നിവാസികൾ 1919 ഏപ്രിൽ 13-ന് ജാലിയൻ വാലാബാഗിൽ ഒരു സമ്മേളനം ചേർന്നു. സമ്മേളനത്തിനെത്തിയ നിരായുധരും നിർദ്ദോഷികളുമായ ഇന്ത്യക്കാർക്കു നേരെ, അമൃത്സറിലെ പട്ടാളഓഫീസർ, ജനറൽ ഡയർ നിറയൊഴിച്ചു. അതിൽ നിരവധി നിഷ്കളങ്കരായ ആളുകൾ മരിച്ചുവീണു. കുറേപ്പേർ മരണഭയംകൊണ്ട് തൊട്ടടുത്തുള്ള കിണറിലേക്ക് ചാടി. ഈ ഭയാനകമായ സംഭവത്തിന്റെ വാർത്തയറിഞ്ഞ അഹ്മദിയ്യാ ഖലീഫ, പട്ടാളഭരണമായിരുന്നിട്ടുകൂടി, നിർഭയനായി, ജനറൽ ഡയറിനെ കുറ്റവാളിയായി പ്രഖ്യാപിച്ചു.

ജാലിയൻവാലാബാഗ് സംഭവത്തിൽ, കാണിച്ച കഠിനതരമായ കൃത്യം എത്രയും വേദനാജനകമാണ്. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ പാഠമാകണമെന്നും, രാജ്യദ്രോഹം മരവിക്കണമെന്നും കരുതിക്കൊണ്ടാണ് താൻ നിറയൊഴിച്ചുകൊണ്ടിരുന്നതെന്നും ജനറൽ ഡയറിന്റെ വാക്കുകൾതന്നെ, അയാളെ കുറ്റവാളിയെന്ന് തെളിയിക്കാൻ മതിയായതാണ്. മറ്റ് അധിക തെളിവുകളുടെ ആവശ്യമില്ല." (*തർകെ മവാലാത്ത് ഔർ അഹ്കാമെ ഇസ്ലാം, പേജ്-2*)

മഹാനായ ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനിയും

പിന്നീട് ലോകകോടതി അദ്ധ്യക്ഷനുമായിത്തീർന്ന ഹദ്റത്ത് ചൗധരി സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്, ജാലിയൻ വാലാബാഗിൽ ഒത്തുകൂടിയ നിർദ്ദോഷികളെ ആക്രമിച്ച ജനറൽ ഡയറിന്റെ പൈശാചിക നടപടിയെക്കുറിച്ച് എഴുതുന്നു.

"ഏപ്രിൽ 3-ന്........ അമൃത്സറിൽ, ജാലിയൻ വാലാബാഗ് കൂട്ടക്കുരുതി നടന്നു. ലാഹോറിലും പട്ടാളനിയമം നടപ്പാക്കി. ഒരുപാട് നിയന്ത്രണങ്ങൾ വരവ് പോക്കുകളിൽപോലും ഏർപ്പെടുത്തി. കർഫ്യൂ നടപടികൾ ആരംഭിച്ചിരുന്നു. നഗരജീവിതം ദുസ്സഹമായി. സിവിൽസ്റ്റേഷനിൽ കുറേ യൂറോപ്യന്മാരും ആംഗ്ലോഇന്ത്യക്കാരും താമസിച്ചിരുന്നു. അതുകൊണ്ട് അവിടെ വളരെകുറച്ചേ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നുള്ളൂ. ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണത്തിലേക്ക് പോകുന്നതിൽ ശക്തമായ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. ഓരോ കാര്യത്തിനും പട്ടാളഉദ്യോഗസ്ഥന്മാരിൽനിന്ന് മുൻകൂർ അനുവാദം വാങ്ങണം. അമൃത്സറിൽ ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്ക് പുറമേ, മറ്റുപല ദ്രോഹങ്ങളും ആരംഭിച്ചിരുന്നു. അതിന്റെ ഉദ്ദേശ്യം വേദനിപ്പിക്കുന്നതിനോടൊപ്പം നിന്ദ്യരാക്കുക എന്നതും കൂടിയായിരുന്നു. ഇതിലൊന്ന് ഇഴഞ്ഞ് നീങ്ങാനുള്ള കല്പനയാണ്. അവിടെയുണ്ടായ കുഴപ്പങ്ങളിൽ നിർദോഷിയായ ഒരു ആംഗ്ലോഇന്ത്യൻ സ്ത്രീ കൊല്ലപ്പെട്ടിരുന്നു. അത് തീർച്ചയായും മനുഷ്യത്വരഹിതമായ പ്രവർത്തനവും, നിയമദൃഷ്ട്യാ ശിക്ഷാർഹമായ കുറ്റവും ആയിരുന്നു. എങ്കിലും ജനറൽ ഡയർ, കുറ്റവാളികൾക്കുള്ള ശിക്ഷ കൂടാതെ, ഈ കുറ്റകൃത്യം നടന്ന തെരുവീഥിയിൽ, ഏത് ഇന്ത്യക്കാരൻ വന്നാലും അയാൾ കൈകാലുകൾകൊണ്ട് നിലത്തുകൂടെ ഇഴഞ്ഞ് പോകണമെന്നാണ് വിധിച്ചത്. ഈ വിധി ആ തെരുവീഥിയിൽ താമസിക്കുന്നവർക്കും ബാധകമായിരുന്നു. തങ്ങളുടെ വസതികളിൽനിന്ന് പുറത്തിറങ്ങുമ്പോഴും തിരിച്ചുവരുമ്പോഴും ഈ കല്പന അനുസരിക്കാൻ അവർ നിർബ്ബന്ധിതരാണ്. ഈ നിന്ദ്യതയും അവഹേളനവും സഹിക്കുകയല്ലാതെ, മറ്റ് മാർഗ്ഗങ്ങളൊന്നും അവർക്ക് മുന്നിൽ ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാരുടെ നിഷ്ഠൂരമായ പ്രവർത്തനങ്ങളിൽനിന്ന് 28 വർഷങ്ങൾക്കുശേഷമാണ് സ്വാതന്ത്ര്യം ലഭിച്ചതെങ്കിലും, 1919-ലെ മാർഷൽലാ, പ്രത്യേകിച്ച് ജനറൽ ഡയറിന്റെ കാട്ടാള നടപടികൾ ഇന്ത്യയിൽ ബ്രിട്ടീഷ് രാജിന്റെ അന്ത്യകൂദാശയായിരുന്നു. മാർഷൽലാ-യിൽ വെള്ളക്കാരനും കറുത്തവനും ഇടയിൽ ഉണ്ടായിരുന്ന ഏറ്റവും അപഹാസ്യമായ വിവേചനം ഇന്ത്യൻ മനസ്സുകളിൽ മായാത്ത മുദ്രകളാണ് ബാക്കിയാക്കിയത്. (*തഹ്ദീസെ നിഅ്മത്ത്, പേ-180-181*)

ഹസ്റത്ത് ചൗധരി സഫറുല്ലാഹ്ഖാൻ സാഹിബ്(റ), അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ അഭിവന്ദ്യ സ്ഥാപകരെ നേരിട്ട് കാണുക മാത്രമല്ല, ആ തൃക്കരങ്ങളിൽ നേരിട്ട് ബൈഅത്ത് ചെയ്യാൻ ഭാഗ്യം സിദ്ധിച്ച മഹാനുമായിരുന്നു. തന്റെ മുഴുവൻ ജീവിതത്തിലും ഇന്ത്യൻ സ്വാതന്ത്ര്യത്തിനും സ്വാതന്ത്ര്യസമര സേവനാനികൾക്കും വേണ്ടി മഹത് സേവനങ്ങൾ ചെയ്യാൻ അല്ലാഹു അദ്ദേഹത്തിന് സൗഭാഗ്യം നൽകുകയുണ്ടായി. ജാലിയൻ വാലാബാഗിലെ വേദനാജനകമായ സംഭവത്തിനുശേഷം മാർഷൽലാ ട്രൈബ്യൂണലിൽ (പട്ടാളക്കോടതി), ചില നേതാക്കന്മാർക്കെതിരെ സങ്കീർണ്ണമായ ആരോപണങ്ങൾ ഉന്നയിച്ച് കേസുകൾ നടത്തിയപ്പോൾ, ഹദ്റത്ത് ചൗധരി സാഹിബ്, മാർഷൽലാ ട്രൈബ്യൂണലിൽ നിർഭയനായിക്കൊണ്ട് പ്രസ്തുത നേതാക്കളുടെ വക്കാലത്ത് ഏറ്റെടുത്തു. ഇന്ത്യയിലെ വക്കീൽമാർ, മാർഷൽലാ കേസുകൾ എടുക്കുന്നതിൽ ഏറെ ഭയന്നിരുന്ന സന്ദർഭത്തിലാണ്, ഹസ്റത്ത് ചൗധരി സഫറുല്ലാഹ്ഖാൻ സാഹിബ്, നേതാക്കളുടെ കേസുകൾ ഏറ്റെടുത്തിരുന്നതെന്ന കാര്യം ശ്രദ്ധേയമാണ്. സ്വാതന്ത്ര്യസമര സേനാനികളുടെ സേവനത്തിന്നായി, ചൗധരിസാഹിബ് ചെയ്തിട്ടുള്ള മഹത്കൃത്യങ്ങൾ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ, സ്വർണലിപികളാൽ ആലേഖനം ചെയ്യപ്പെട്ടവയാണ്. നീതിമാന്മാർ, അവയെ എക്കാലവും അർഹിക്കുന്ന സ്ഥാനത്തോടെ ഓർക്കുതന്നെ ചെയ്യും.

### നിസ്സഹകരണപ്രസ്ഥാനവും അഹ്മദിയ്യാ ഖലീഫയും

1919 ഏപ്രിൽ 13-ന് ജാലിയൻ വാലാബാഗിൽ ഉണ്ടായ ഭയാനകവും രാക്ഷസീയവുമായ കൂട്ടക്കൊലക്കുശേഷം രാജ്യത്ത് മുഴുവനും ബ്രിട്ടീഷുകാർക്കെതിരിൽ ഒരുതരം രോഷാഗ്നി ആളിക്കത്തുകയായിരുന്നു. എല്ലാഭാഗത്തും ഹർത്താലുകളും, കൊള്ളയും കൊലപാതകവും മാത്രം. സാധാരണക്കാർക്ക് മുന്നിൽ വിവിധതരം അത്യാപത്തുകൾ ഫണം വിടർത്തുകയായിരുന്നു. ചില നേതാക്കൾ, ഇംഗ്ലീഷുകാർക്കെതിരെ നിസ്സഹകരണത്തിന് ആഹ്വാനം ചെയ്തു. കോൺഗ്രസ്സ് നേതാക്കൾ നിയമലംഘനത്തിനും ആഹ്വാനമുണ്ടായി. മറ്റുചിലർ പറഞ്ഞത്, ഇംഗ്ലീഷുകാരുമായി ഏറ്റുമുട്ടുന്നതിന് പകരം, ക്ഷമിക്കുകയാണ് അഭികാമ്യം എന്നായിരുന്നു.

ഈ സന്ദർഭത്തിൽ, അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവന്ദ്യ ഇമാം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഖലീഫത്തുൽ മസീഹ്സാനി(റ), രാഷ്ട്രീയനേതാക്കൾക്കും, സാധാരണ ഇന്ത്യക്കാർക്കും പൂർണമായ മാർഗ്ഗനിർദ്ദേശങ്ങളുമായി രംഗത്തുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു, നമുക്ക് മൂന്ന് കാര്യങ്ങളെ മുൻനിർത്തിയാണ് സ്വാതന്ത്ര്യം ലഭിക്കേണ്ടത്.

1 നമ്മുടെ രാജ്യം സ്വതന്ത്രമാകണം. സ്വാതന്ത്ര്യം കിട്ടുമ്പോൾ, നമുക്ക് വിദ്യാസമ്പന്നരും, പക്വതയുള്ളവരുമായ മാർഗ്ഗദർശികളും, ബുദ്ധിജീവികളും വേണം. അതുപോലെതന്നെ, സ്വാതന്ത്ര്യത്തിനുശേഷം എല്ലാരംഗത്തും പരിചയസമ്പന്നരേയും ആവശ്യമുണ്ട്.

2 ഇംഗ്ലീഷുകാർ അനുഭവസമ്പന്നമായ ഒരു സമൂഹമാണ്. സ്വാതന്ത്ര്യത്തിനുശേഷവും, നമുക്ക് അവരുടെ അനുഭവത്തിൽനിന്ന് പ്രയോജനം ഉൾക്കൊള്ളാൻ കഴിയുംവിധമായിരിക്കണം നാം അവരോട് പെരുമാറേണ്ടത്.

3 അദ്ദേഹം മുസ്‌ലിംകളോടു പറഞ്ഞു, നമുക്ക് ഇംഗ്ലീഷുകാരെ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. മറിച്ച് അവർ നമുക്കുള്ള ഇരകളാണെന്നും അവരെ അല്ലാഹു നമ്മുടെ രാജ്യത്തേക്ക്, നമ്മുടെ അടുത്തേക്ക് അയച്ചതാണെന്നും മനസ്സിലാക്കണം. ഇപ്പോൾ നമ്മുടെ കടമ, നിസ്സഹകരണം പോലുള്ള ആഹ്വാനങ്ങൾ നടത്തുന്നതിനുപകരം, ഈ പക്വതയാർന്ന സമൂഹത്തിനു മുന്നിൽ ഇസ്‌ലാമിക മാതൃക കാഴ്ചവെക്കുക എന്നതാണ്. അത് അവർ നമ്മോട് ശത്രുത് പുലർത്തുകയും നമ്മെ ഭയപ്പെടുകയും ചെയ്യുന്നതിനുപകരം ഇസ്‌ലാമിന്റെ സുന്ദരാദ്ധ്യാപനങ്ങൾ മനസ്സിലാക്കി മുസ്‌ലിംകളാകാൻ നിമിത്തമാകുന്നതാണ്.

ആ ദിവ്യാത്മാവ് പറഞ്ഞു, ഇംഗ്ലീഷുകാർ നമ്മുടെ സൽമാതൃകകൾ നിമിത്തം മുസ്‌ലിംകളായി മാറിയാൽ ഇസ്‌ലാമികാദ്ധ്യാപനങ്ങളനുസരിച്ച് അവർ സ്വയം തന്നെ, ഏതെങ്കിലും സമൂഹത്തെ അടിമകളാക്കുന്നതിന് എതിരായിത്തീരുന്നതാണ്. അങ്ങനെ നമുക്ക് രണ്ടുതരം പ്രയോജനങ്ങളാണ് ലഭിക്കുക. ഒന്ന്, നാം വഴിതെറ്റിയ ഒരു സമൂഹത്തെ ഏകദൈവ സവിധത്തിൽ കുനിയുന്നതവരാക്കി മാറ്റുന്നതാണ്. രണ്ട്, നമുക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യവും ലഭിക്കും.

ഇത് സംബന്ധമായി ആ ധന്യാത്മാവ് ഇസ്‌ലാമിക ചരിത്രത്തിലെ ഒരു അനുഭവയാഥാർത്ഥ്യം വിവരിച്ചുകൊണ്ട് അതിൽനിന്ന് പ്രയോജനമെടുക്കാൻ മുസ്‌ലിംകളെ ഉപദേശിച്ചു. അദ്ദേഹം പറഞ്ഞു.

പ്രിയപ്പെട്ടവരെ, ജാഗ്രതയുള്ള മനുഷ്യൻ ഒരു പാഠവും വിസ്മരിക്കുന്നതല്ല. ബുദ്ധിമാൻ, ഗുണപാഠമുള്ള ഒരു കാര്യവും വിനിഷ്ടമാക്കുന്നതുമല്ല. ഇന്നേക്ക് ആറേമുക്കാൽ നൂറ്റാണ്ടു മുമ്പ് ഇസ്‌ലാമിക ഭരണകൂടത്തിന് ഇപ്പോഴത്തേതിലും വളരെ വലിയ പ്രയാസങ്ങൾ അഭിമുഖീരിക്കേണ്ടി വന്നിരുന്നു. ഇന്ന് ചട്ടക്കൂടെങ്കിലുമുണ്ട്. അന്ന് അസ്ഥിത്വം പോലുമില്ലായിരുന്നു. ആ സമയത്ത് അവർ എന്ത് ആയുധങ്ങളുമായാണ് പ്രവർത്തിച്ചിരുന്നതെന്നും എന്തുപായം കൊണ്ടാണ് പ്രശ്നങ്ങളെ നിർമ്മൂലനം ചെയ്തതെന്നും ഇന്ന്, പ്രശ്നസങ്കീർണ്ണമായ ഈ സമയത്ത് നാം ഓർക്കേണ്ടതാണ്. ഒരിക്കൽ പരീക്ഷിച്ചറിഞ്ഞ മരുന്നിന്റെ കുറിപ്പടി, അതേതരത്തിലുള്ള രോഗം വീണ്ടും വരുമ്പോൾ ആദ്യം പരീക്ഷിക്കാൻ ഏറ്റവും അനുയോജ്യമായതാണ്. ചിന്തിക്കുവിൻ, തുർക്കികൾ അബ്ബാസിയ ഖിലാഫത്തിന്റെ അസ്തിവാരമിളക്കിയപ്പോൾ ഉന്മൂലനാശം വിതറിയ അവരുടെ സൈന്യങ്ങളെ നേരിടാൻ മുസ്‌ലിംകളിലാരും ബാക്കിയില്ലായിരുന്നു. ഇസ്‌ലാമിന്റെ പരിശുദ്ധ സ്ഥലങ്ങൾ, അനാഥമായി ശത്രുക്കളുടെ ദയാദാക്ഷിണ്യത്തിലായിരുന്നു. ആ സമയത്ത് എന്ത് ചികിത്സയായിരുന്നു നമ്മുടെ പൂർവ്വികർ തീരുമാനിച്ചത്. ആ ചികിത്സ വിജയപ്രദമായിരുന്നോ അതോ പരാജയപ്പെടുകയുണ്ടായോ? അവർ എന്തുപായങ്ങളാണ് സ്വീകരിച്ചതെന്ന് നിങ്ങൾക്ക് ഓർമ്മയില്ലെങ്കിൽ, നിങ്ങൾ ആ പാഠം വിസ്മരിച്ചെങ്കിൽ കേട്ടുകൊള്ളുവിൻ, ആ സമയത്ത് അവർ സഹകരണം എന്ന ആയുധംകൊണ്ടാണ്, നിസ്സഹകരണത്തിന്റെ ആയുധം കൊണ്ടല്ല അവരെ ആക്രമിച്ചത്. അത് അവസാനം കുഫ്റ്-നെ നാമാവശേഷമാക്കി, അതിന്റെ ശരീരത്തിൽനിന്ന്, അതിന്റെതന്നെ തൊലിയിൽനിന്ന്, അതിന്റെതന്നെ രക്തത്തിൽനിന്ന് ഇസ്‌ലാമിനുവേണ്ടി പുതിയ ശരീരം തയ്യാറാക്കി. അതിൽ ഇസ്‌ലാമിന്റെ ആത്മാവ്, ലോകത്തെ വീണ്ടും തന്റെ ഐന്ദ്രജാലിക ഭാഷണത്തിന്റെ അനുരക്തരും ആരാധ്യരുമാക്കി മാറ്റാൻ തുടങ്ങി. അന്നത്തെ ഉലമാക്കൾ, അവർ ഇന്നത്തെ ഉലമാക്കളെക്കാൾ അറിവിലും ശ്രേഷ്ഠതയിലും എത്രയോ മേലെയായിരുന്നു. അവരുടെ കർമ്മങ്ങൾ, അവരുടെ അഭിപ്രായങ്ങൾ ശരിയാണെന്നതിനുള്ള സാക്ഷിമുദ്രകളുമായിരുന്നു. അവർ സ്വീകരിച്ച മാർഗ്ഗം തുർക്കികളുടെ രാജ്യസദസ്സുകളിലും പൊതുവേദികളിലും തള്ളിക്കയറുക എന്നതായിരുന്നു. മുസ്‌ലിംകളുടെ ശരീരങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിച്ചവരുടെ ഹൃദയങ്ങളെ ജയിച്ചടക്കാൻ അവർ ഉറച്ചതീരുമാനത്തിലായിരുന്നു. ബാഗ്ദാദിലെ മുസ്‌ലിം ഭരണത്തെ നശിപ്പിച്ച, പതിനെട്ട് ലക്ഷം മുസ്‌ലിംകളുടെ രക്തംകൊണ്ട് ഭൂമിയെ വർണ്ണാവൃതമാക്കിയ രാജാവിന്റെ പൗത്രൻ ആ സഹകരണത്തിന്റെ ഫലമായി ഇസ്‌ലാമിന്റെ ദാസ്യത്വത്തിൽ പ്രവേശിച്ചു. പങ്കുകാരനില്ലാത്തവനായ ദൈവത്തിന്റെ ആരാധകരിൽ ഉൾപ്പെട്ടുകൊണ്ട് ഒരു പുതിയ ഇസ്‌ലാമിക ഭരണത്തിന്റെ സ്ഥാപകനായിത്തീർന്നു." (*തർക്കെ മവാലാത്ത് ഔർ അഹ്കാമെ ഇസ്‌ലാം, പേജ്-84*)

ചുരുക്കത്തിൽ രാഷ്ട്രീയ നേതാക്കന്മാർ നിസ്സഹകരണത്തിലൂടെ നേടാൻ ശ്രമിച്ച സംഗതി, ഹദ്റത്ത് ഇമാം ജമാഅത്ത് അഹ്മദിയ്യാ സഹകരണംകൊണ്ട് കരസ്ഥമാക്കാനാണ് ആഗ്രഹിച്ചത്. രാഷ്ട്രീയനേതാക്കന്മാർ നിസ്സഹകരണത്തിലൂടെ സ്വാതന്ത്ര്യം നേടിയെടുക്കാമെന്ന് പ്രതീക്ഷിച്ചപ്പോൾ അഹ്മദിയ്യാ ഖലീഫ, യഥാർത്ഥവും നിലനിൽക്കുന്നതുമായ സ്വാതന്ത്ര്യം സഹകരണത്തിലൂടെ ആർജ്ജിക്കാമെന്നും അങ്ങനെ സമൂഹത്തിനും രാജ്യത്തിനും പ്രയോജനം ലഭിക്കുക മാത്രമല്ല ഇസ്‌ലാമിന്റെ വെന്നിക്കൊടി പാറുമെന്നും പ്രത്യാശിച്ചു.

ഈ ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ അഭിവന്ദ്യസ്ഥാപകരും അവിടത്തെ ഖലീഫമാരും സമയാസമയങ്ങളിൽ കഠിനപ്രയത്നങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകർ(അ) 1899-ൽ വിക്ടോറിയ രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടെഴുതിയ 'തുഹ്ഫയെ ഖയ്സരിയ്യ' എന്ന പ്രബോധന ഗ്രന്ഥം ഈ വിഷയകമായി അഭിമാനാർഹമായ പ്രചാരണയത്നമാണ്. ആ സമയത്ത് ബ്രിട്ടീഷ്‌രാജ്ഞിക്ക് ഇസ്‌ലാം സ്വീകരിക്കാൻ കഴിഞ്ഞില്ലെങ്കിലും, ആ ഗ്രന്ഥപാരായണം കൊണ്ട് ഇന്ന് ആയിരക്കണക്കിന് ബ്രിട്ടീഷുകാർക്ക് ഇസ്‌ലാമിനെ ആശ്ലേഷിക്കാൻ സൗഭാഗ്യം ലഭിച്ചുകൊണ്ടിരിക്കുന്നു.

അതുപോലെത്തന്നെ ആ ദിവ്യാത്മാവിന്റെ രണ്ടാമത്തെ ഖലീഫ, 1922-ൽ വില്യംസ് രാജകുമാരനെ (പിന്നീട് ഇദ്ദേഹം എഡ്വേർഡ് ഏഴാമൻ എന്നാണ് അറി

യപ്പെട്ടത്) സംബോധന ചെയ്തുകൊണ്ട് 'വില്യംസ് രാജകുമാരന് ഉപഹാരം' എന്ന പേരിൽ ഒരു പ്രബോധന ഗ്രന്ഥം രചിക്കുകയും അദ്ദേഹത്തിന്റെ ഇന്ത്യൻ സന്ദർശനവേളയിൽ അത് സമർപ്പിക്കുകയും ചെയ്തു. അവിടന്ന് ഈ ഗ്രന്ഥത്തിൽ ഇസ്‌ലാമിന്റെ സുന്ദര അദ്ധ്യാപനങ്ങളെ വിവരിച്ചുകൊണ്ട്, രാജകുമാരനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. വില്യംസ് രാജകുമാരൻ പ്രസ്തുത ഗ്രന്ഥം മുഴുവനും വായിച്ചു. ഇസ്‌ലാമിന്റെ സുന്ദരമായ അദ്ധ്യാപനങ്ങളെ മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം ഇസ്‌ലാം സ്വീകരിക്കാൻ ആർജ്ജവം കാണിച്ചില്ലെങ്കിലും, കർമ്മരംഗത്ത് ക്രിസ്തുമതത്തോടുള്ള നിരാസം വെളിപ്പെടുത്തുക തന്നെ ചെയ്തിരുന്നു. 1962-ൽ യു.എൻ.ഒയിൽവെച്ച് ഹദ്റത്ത് ചൗധരി സഫറുള്ളാഖാൻ സാഹിബുമായി നടത്തിയ ഒരു കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു, ഞാൻ ഇന്നും ആ ഗ്രന്ഥം സൂക്ഷിച്ചുവെച്ചിട്ടുണ്ട്. (*തഹ്ദീസെ നിഅ്മത്ത്, പേജ്-211*)

1924-ൽ ബ്രിട്ടീഷ് ഭരണകൂടം ഒരു സർവ്വമത സമ്മേളനം സംഘടിപ്പിച്ചിരുന്നു. അതിലേക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), ഇസ്‌ലാമിന്റെ ശ്രേഷ്ഠതകളെക്കുറിച്ച്, 'Ahmadiyyath or True Islam'* എന്ന പേരിൽ സാരസമ്പൂർണ്ണമായ ഒരു പ്രബന്ധം രചിച്ചു. ക്രിസ്ത്യൻ ലോകത്തിന്റെ ആസ്ഥാനത്ത് ഹദ്റത്ത് ചൗധരി സഫറുല്ലാഖാൻ സാഹിബാണ് വളരെ ഭംഗിയായി അതു വായിച്ചുകേൾപ്പിച്ചത്. ഇതേസന്ദർഭത്തിൽ, ഓക്സ്ഫോർഡ് സ്ട്രീറ്റിലെ ലൈസ് കോർണർ ഹൗസിൽവെച്ച് അമുസ്‌ലിം ഇന്ത്യൻ വിദ്യാർത്ഥികൾക്കു മുന്നിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചും അതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും വളരെ പ്രാമാണികമായിത്തന്നെ അദ്ദേഹം വെളിച്ചം വീശി. (*തഹ്ദീസെ നിഅ്മത്ത്, പേ-215*)

1926-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) 'ഇർവിൻ പ്രഭുവിന് ഉപഹാരം' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചു. 1926 മുതൽ 1931 വരെ അദ്ദേഹമായിരുന്നു ഇന്ത്യയിലെ വൈസ്രോയി. 1931-ൽ ഒരു ഉപഹാരമെന്ന നിലക്ക് ഇസ്‌ലാം സ്വീകരിക്കാൻ ഹുസൂർ(റ) അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. (*താരീഖെ അഹ്മദിയ്യത്ത് ഭാഗം 8 പേജ് 300*)

ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദ്(അ)ഉം അദ്ദേഹത്തിന്റെ ഖലീഫമാരും തങ്ങളാലാവുംവിധം ഇംഗ്ലീഷുകാർക്കു മുന്നിൽ ഇസ്‌ലാമിന്റെ സുന്ദരവദനത്തെ അനാവരണം ചെയ്തുകാണിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന്റെ പ്രതിഫലനമെന്നോണം സ്വാതന്ത്ര്യത്തോടൊപ്പം തന്നെ അനേകം ബ്രിട്ടീഷ് സമൂഹങ്ങൾക്ക് അഹ്മദിയ്യത്ത് മുഖേന ഇസ്‌ലാമിനെ മാറോടണക്കാൻ സൗഭാഗ്യം ലഭിച്ചു.

രാഷ്ട്രീയ നേതാക്കൾ വിദ്വേഷവും നിസ്സഹകരണവും നിയമലംഘനവും മുഖേന നേടാൻ ശ്രമിച്ചത്, അഹ്മദിയ്യാ ഖലീഫ സ്നേഹവും സഹവർത്തിത്വവും ഇസ്‌ലാമിന്റെ സമാധാന സന്ദേശവുംകൊണ്ട് കരസ്ഥമാക്കാൻ ശ്രമിച്ചു എന്നതാണ് യാഥാർത്ഥ്യം. 1919-ലും അതിനുശേഷമുള്ള പ്രശ്നസങ്കീർണ്ണമായ അവസ്ഥയിലും സ്വാതന്ത്ര്യസമര സേനാനികൾ ആവേശത്തിലായിരുന്നുവെങ്കിൽ മറുഭാഗത്ത് ഇംഗ്ലീഷുകാർ തങ്ങളുടെ രാക്ഷസീയ കോപങ്ങളെ തണുപ്പിക്കാൻ പാടുപെടുകയായിരുന്നു. ഈ സന്ദർഭത്തിൽ ഹദ്റത്ത് ഇമാം ജമാഅത്ത് അഹ്മദിയ്യ രണ്ടിനും മദ്ധ്യേയുള്ള അദ്ധ്യാപനം നൽകിക്കൊണ്ട് അക്കാലത്തെ ബുദ്ധിജീവികളെപ്പോലും അത്ഭുതപരതന്ത്രരാക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, നിയമലംഘനത്തിന്റേയും നിസ്സഹകരണത്തിന്റേയും വിവക്ഷ നാം നമ്മുടെ തലമുറകളെ ഇംഗ്ലീഷുകാരുടെ കോളേജുകളിലും ഇംഗ്ലീഷുകാരുടെ യൂണിവേഴ്സിറ്റികളിലും പ്രത്യേകിച്ച് അവരുടെ മെഡിക്കൽ കോളേജുകളിലും പ്രവേശിപ്പിക്കരുതെന്നാണെങ്കിൽ നമ്മുടെ പരിശ്രമങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതായിരിക്കുകയില്ല. മറിച്ച്, അത് നമ്മെ കൂടുതൽ അടിമത്വത്തിന്റെ ഇരുണ്ട അറകളിലേക്കായിരിക്കും നയിക്കുക. അദ്ദേഹം പറഞ്ഞു, ഭാവിയിൽ നമ്മുടെ പുരോഗതിക്കും അഭിവൃദ്ധിക്കും നിമിത്തമാകുന്ന ഒരു വിജ്ഞാനത്തോടും ഭ്രഷ്ട് കല്പിക്കാതിരിക്കുന്നതാണ് ബുദ്ധി.

ആ ദിവ്യാത്മാവ്, സ്വാതന്ത്ര്യസമര സേനാനികളെ സംബോധന ചെയ്ത് പറഞ്ഞത്, അവർ പ്രത്യേക സന്ദർഭങ്ങളിലെ ആവേശത്തിന്റെ ഇരകളാണെന്നാണ്. പക്ഷെ, ഞാൻ ആഗ്രഹിക്കുന്നത് നമ്മുടെ രാജ്യത്തിന് വെറും സ്വാതന്ത്ര്യം മാത്രമല്ല വേണ്ടത്, മറിച്ച് യഥാർത്ഥവും നിലനിൽക്കുന്നതുമായ സ്വാതന്ത്ര്യം ലഭ്യമാകുമാറാകണം. അതിന് ആവേശത്തെക്കാൾ ഏറെ സുബോധവും സഹിഷ്ണുതയും കാഴ്ചയും ബുദ്ധിയുമാണ് പ്രയോഗിക്കേണ്ടത്.

സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഗാന്ധിജിയെ കുറിച്ച് ഒരിക്കൽ പറഞ്ഞു, "മിസ്റ്റർ ഗാന്ധി തീർച്ചയായും പക്വതയും പരിശ്രമശാലിയുമായ രാഷ്ട്രീയ നേതാവാണ്." (*തർക്കെമവാലാത്ത് ഔർ അഹ്കാമെ ഇസ്‌ലാം, പേജ്-84*)

4. അക്രമമാർഗ്ഗങ്ങൾ അവലംബിക്കുന്നവരെ ഉപദേശിക്കുന്നതോടൊപ്പം തന്നെ, കടുത്ത നിരാശയിൽ അകപ്പെട്ട് സ്വാതന്ത്ര്യം നേടുന്നതുതന്നെ അനാവശ്യമാണെന്ന് മനസ്സിലാക്കുകയും ബ്രിട്ടീഷുകരുടെ കാട്ടാളകൃത്യങ്ങളെ ക്ഷമിക്കാനും കഴിഞ്ഞതെല്ലാം മറക്കാനും ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുക ചെയ്തവരെ വിമർശിക്കാനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മറന്നില്ല. ഇക്കൂട്ടർ ബ്രിട്ടീഷുകാരോട് വളരെയേറെ വിധേയത്തമുള്ളവരോ, ബ്രിട്ടീഷുകാർക്കെതിരെ അനങ്ങാൻപോലും കഴിയാത്തവിധം അവരിൽ നിന്ന് പ്രയോജനമുൾക്കൊള്ളുന്നവരോ ആയിരുന്നു. തൽസംബന്ധമായി ഹുസൂർ(റ) പറയുന്നു.

"ചില ആളുകളുടെ വിചാരം, ഇക്കാര്യം തീരുമാ

* ഈ ഗ്രന്ഥം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം' എന്ന പേരിൽ മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. വിവ: എൻ. അബ്ദുർറഹീം- പരി.

നിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് നാം ക്ഷമാപൂർവ്വം അത് അംഗീകരിക്കേണ്ടവരാണെന്നാണ്. എന്റെ വീക്ഷണത്തിൽ ഇവർ ക്ഷമയുടെ ശരിയായ അർത്ഥങ്ങൾ മനസ്സിലാക്കാത്തവരാണ്. എന്തെങ്കിലും സംഭവം നടന്നുകഴിഞ്ഞാൽ, അതിനെ നേരെയാക്കാൻ ചിന്തിക്കാതിരിക്കുന്നതിന് ക്ഷമ എന്ന് പറയില്ല. പരിഷ്കരണം സാധ്യമല്ലാത്ത സംഗതി മാത്രമാണ് പരിവർത്തനം സാധ്യമല്ലാത്തതും. ഉദാഹരണമായി, ആരെങ്കിലും ആരെയെങ്കിലും തെറിവിളിച്ചാൽ, പ്രഹരിച്ചാൽ അത്തരം പ്രവർത്തികൾ മടക്കാൻ സാധ്യമല്ല. അത്തരം കാര്യങ്ങൾ ഓർത്താൽ, നഷ്ടം സംഭവിക്കുകയാണെങ്കിലും മറന്നാൽ ഗുണമുണ്ടായാലും, നല്ലത് മറക്കുക തന്നെയാണ്. അതിന്റെ അനുസ്മരണംപോലും ചെയ്യുകയും അരുത്. എന്നാൽ ആരെങ്കിലും ആരുടെയെങ്കിലും വല്ല സാധനങ്ങളും തട്ടിപ്പറിച്ചെടുത്താൽ, അത് നഷ്ടപ്പെട്ടിട്ടും ഇല്ലെങ്കിൽ (അതായത് നമ്മുടെ രാജ്യം ഇംഗ്ലീഷുകാർ തട്ടിപ്പറിച്ചെടുത്തിരിക്കുന്നു. അത് അവരുടെ അധീനതയിലുമാണ്-ലേഖ) മറിച്ച് തട്ടിപ്പറിച്ചെടുത്തവരുടെ കയ്യിൽ ഉണ്ടാവുകയും, അത് തിരിച്ച് കൊടുക്കുന്നുമില്ലെങ്കിൽ ശരിയായതും അനുവദനീയവുമായ മാർഗ്ഗങ്ങളിലൂടെ അത് തിരിച്ചുവാങ്ങാൻ പരിശ്രമിക്കുന്നത് നിഷേധിക്കപ്പെട്ടതല്ല. (*ഇബിഡ്, പേ-8,9*)

ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്ത്, സ്വാതന്ത്ര്യത്തിന് വേണ്ടി ചെയ്ത സമരത്തിൽ ഒരുഭാഗത്ത്, ശക്തമായതും മൂർച്ചയേറിയതുമായ തെളിവുകളുടെ ഖഡ്ഗം ഉണ്ടായിരുന്നു. മറുഭാഗത്ത്, അക്രമരാഹിത്യത്തിന്റേയും യുക്തിഭദ്രതയുടേയും ശക്തവും പ്രയോജനപ്രദവുമായ പരിചയും നമുക്ക് കാണാൻ കഴിയും. ഒരു മതസംഘടനയായിരുന്നതോടൊപ്പംതന്നെ അഹ്മദിയ്യാ ജമഅത്ത് ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടി മഹത്തായ കർത്തവ്യങ്ങൾ വളരെയേറെ ആനന്ദപ്രദമായി ചെയ്തിരുന്നുവെന്ന കാര്യം സുവ്യക്തമാണ്.

(തുടരും)

## മതപരിവർത്തനം

ശ്രീനാരായണഗുരു പറയുന്നു:

"ഹിന്ദുമതം, ക്രിസ്തുമതം എന്നിങ്ങനെ പ്രത്യേക നാമങ്ങളാൽ അറിയപ്പെടുന്ന മതങ്ങളിൽ ചേർന്നിരിക്കുന്നതിനാൽ ഒരാൾക്ക് ആ മതത്തിൽ വിശ്വാസമില്ലെന്നു വന്നാൽ, അയാൾ ആ മതം മാറുകതന്നെയാണു വേണ്ടത്. വിശ്വാസമില്ലാത്ത മതത്തിൽ ഇരിക്കുന്നത് ഭീരുത്വവും അപകടവുമാണ്. അവൻ മതം മാറുന്നതു മതത്തിനും നന്നാണ്. ഒരു മതത്തിനും ആ മതത്തിൽ അവിശ്വാസികളുടെ സംഖ്യ വർദ്ധിക്കുന്നത് ശ്രേയസ്കരമല്ലല്ലൊ." (*ശ്രീരാമകൃഷ്ണ പരമഹംസൻ, പേ: 281*)

---

*13-ാം പേജിൽ നിന്ന്*

ലുമുള്ള ഭരണാധികാരികൾക്കും കത്തുകൾ മുഖേന സത്യത്തിന്റെ സന്ദേശം എത്തിച്ചു. റോമിന്റെ ഭരണാധികാരി കൈസർ, ഇറാനിലെ രാജാവ് കിസ്റ പർവ്വേസ്, മിസ്റിന്റെ ഭരണാധികാരി മഖൂഖസ്, ഹബ്ശയിലെ രാജാവ് നജ്ജാശി എന്നിവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അതുപോലെ ബഹറൈൻ ബസ്റ യമാമ എന്നിവിടങ്ങളിലെ ഭരണാധികാരികൾക്കും കത്തുകളയച്ചു.

**മക്കാവിജയം**

ഹുദൈബിയ സന്ധിയിൽ പത്ത് വർഷത്തേക്ക് യുദ്ധം നിറുത്തിവെക്കുവാനുള്ള കരാർ ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ, മക്കക്കാർ സ്വയം കരാർ ലംഘനം നടത്തി. തൽഫലമായി നബി(സ) പതിനായിരം പരിശുദ്ധന്മാരോടൊപ്പം മക്കയിലേക്ക് യാത്രതിരിച്ചു. മക്കയുടെ സമീപത്തെത്തിയപ്പോഴാണ് ഖുറൈശികൾക്ക് ഈ സൈന്യത്തിന്റെ വരവിനെക്കുറിച്ച് വിവരം ലഭിച്ചത്. മക്കയിലെ നേതാവായിരുന്ന അബൂസുഫ്യാൻ ഇത്രയും വലിയ പടയെക്കണ്ട് അന്ധാളിച്ചുപോയി. അങ്ങനെ ഇസ്‌ലാമിനോടുള്ള ഭയം അയാളുടെ ഹൃദയത്തെ സ്വാധീനിച്ചു. ഹസ്റത്ത് അബ്ബാസ്(റ)ന്റെ നിർദ്ദേശാനുസരണം അദ്ദേഹം മുസ്‌ലിമായി. തുടർന്ന് ഇസ്‌ലാമിക സൈന്യം വിജയശ്രീലാളിതരായിക്കൊണ്ട് മക്കയിൽ പ്രവേശിച്ചു. നബി(സ) തിരുമേനി. "***ലാ തസ്‌രീബ അലൈക്കുമുൽ യൗം***"

(ഇന്നേ ദിവസം നിങ്ങളുടെമേൽ യാതൊരുവിധ കുറ്റാരോപണവുമില്ല) എന്നരുളിക്കൊണ്ട് മക്കക്കാർക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചു. മാപ്പിന്റെയും വീട്ടുവീഴ്ചയുടെയും ഇത്പോലുള്ള ഉദാഹരണം ലോകത്ത് എവിടെയും കാണാൻ സാധ്യമല്ല. മക്കാവിജയത്തിന് ശേഷം ഇസ്ലാം അതിവേഗം വ്യാപിച്ചെങ്കിലും നബി (സ) യ്ക്ക് പിന്നെയും ചിലയുദ്ധങ്ങൾ ചെയ്യേണ്ടി വന്നു. അതിൽ ഹുനൈൻ, തബൂഖ് തുടങ്ങിയ യുദ്ധങ്ങൾ പ്രസിദ്ധമാണ്

**മരണം**

നബി(സ) ഒരു ഹജ്ജ് മാത്രമാണ് ചെയ്തത്. അത് ഹിജ്റക്കു ശേഷമായിരുന്നു. ഹിജ്റ പത്താം വർഷത്തിൽ ചെയ്ത ഈ ഹജ്ജ് ഹജ്ജത്തുൽ വിദാഅ് എന്ന പേരിലറിയപ്പെടുന്നു. തദവസരത്തിൽ ചെയ്ത പ്രഭാഷണത്തിൽ വസിയ്യത്തായിക്കൊണ്ട് തിരുനബി (സ) അവസാന ഉപദേശം നൽകി. ഹജ്ജ് കഴിഞ്ഞ് മദീനയിലെത്തിയ നബി(സ) മരണ ശയ്യയിലായി. AD 632 മെയ് 26, ഹിജ്റ വർഷം 11 റബീഉൽ അവ്വൽ ഒന്ന് തിങ്കളാഴ്ച 63-ാമത്തെ വയസ്സിൽ ആ പുണ്യപൂമാൻ ഈ ലോകത്ത് നിന്നും യാത്രയായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

**നബി(സ)യുടെ മക്കളും ധർമപത്നിമാരും:** ആൺകുട്ടികൾ:- ഖാസിം അബ്ദുല്ലാഹ് (സ്ഥാനപേർ ത്വാഹിർ, ത്വയ്യിബ്) ഇബ്റാഹീം. പെൺകുട്ടികൾ:- സൈനബ്, റുഖിയ്യ, ഉമ്മുകുൽസും, ഫാത്തിമ. പത്നിമാർ:-ഖദീജ(റ), സൗദ (റ), ആയിശ(റ), ഹഫ്സ(റ), സൈനബ്(റ), ഉമ്മുസൽമ(റ), ഉമ്മു ഹബീബ(റ), സൈനബ് ബിൻത്ത് ജഹശ്(റ), ജുവൈരിയ(റ), സഫിയ(റ), മയ്മൂന(റ), മാരിയത്തുൽ ഖിബ്ത്തിയ(റ).

**2004 – 05 വർഷങ്ങളിൽ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15531 | യാസിർ അറഫാത്ത് | s/o എം.കെ. മുഹമ്മദ് | കാക്കനാട് | 12.9.04 |
| 15534 | ഹിദായത്തുന്നിസാഅ് | w/o യാസിർ അറഫാത്ത് | കാക്കനാട് | 12.9.04 (22) |
| 15553 | ടി. അഹ്മദ് സഊദ് | s/o ടി. അലി | കോഴിക്കോട് | 25.11.04 |
| 15554 | എം. സിദ്ദീഖാബീബി | w/o ടി. അഹ്മദ് സഊദ് | കോഴിക്കോട് | 25.11.04 |
| 15556 | അമത്തുർറശീദ് | w/o മുഹമ്മദ് അശ്റഫ് കെ.എൻ | കോഴിക്കോട് | 1.11.04 |
| 15557 | സി. സലാഹുദ്ദീൻ | s/o സി. ഹംസകോയ | കോഴിക്കോട് | 1.11.04 |
| 15558 | മുഹമ്മദ് അശ്റഫ് കെ.എൻ | s/o ഫരീദ് അഹ്മദ് | കോഴിക്കോട് | 1.11.04 |
| 15559 | മുഹമ്മദ് സാബിർ | s/o കെ. മുഹമ്മദ് | കോഴിക്കോട് | 19.10.04 |
| 15561 | ഹാശിഫ്.എസ്.വി | s/o ഇ.എം. ഹാശിഫ് | കണ്ണൂർ ടൗൺ | 22.10.04 |
| 15562 | കെ.എ.നദീർഅഹ്മദ് | s/o കെ.എ. മുഹ്യിദ്ദീൻകോയ | കോഴിക്കോട് | 25.10.04 |
| 15563 | ടി. സഊദാ നദീർ | w/o കെ.എ.നദീർഅഹ്മദ് | കോഴിക്കോട് | 25.10.04 |
| 15564 | യു.കെ.മുഹമ്മദ്‌യൂസുഫ് | s/o എ. കുഞ്ഞിമുഹമ്മദ് | കോഴിക്കോട് | 1.11.04 |
| 15565 | കെ.പി. ഖമറുദ്ദീൻ | s/o കെ.പി. അഹ്മദ് | കോഴിക്കോട് | 22.10.04 |
| 15566 | വി.പി. നജീബ് | s/o ഹംസക്കോയ | കോഴിക്കോട് | 5.11.04 |
| 15667 | എം.കെ. മുഹമ്മദ് അശ്റഫ് | s/o കെ. മുഹമ്മദ്കോയ | കോഴിക്കോട് | 22.10.04 |
| 15574 | എസ്.വി.മുഹമ്മദ് അശ്റഫ് | s/o എം.പി.അബ്ദുൽമജീദ് | കോഴിക്കോട് | 11.11.04 |
| 15577 | കെ.പി. മുസ്തഫ | s/o അഹ്മദ് കോയ | കോഴിക്കോട് | 1.1.05 |
| 15579 | കുഞ്ഞാമിന പി.പി. | w/o എം. മഹ്മൂദ് | പഴയങ്ങാടി | 18.10.04 |
| 15580 | സഹീദ് അഹ്മദ് | s/o അബ്ദുൽ ഹമീദ്. സി.എച്ച് | പഴയങ്ങാടി | 10.12.04 |
| 15581 | ത്വയ്യിബ് അഹ്മദ്.പി.പി | s/o എസ്.വി.മഹ്മൂദ് | പഴയങ്ങാടി | 1.11.04 |
| 15582 | അമത്തുസ്സലാം | w/o അബ്ദുൽ ബശീർ | പഴയങ്ങാടി | 22.10.04 |
| 15583 | സി. സഅ്ദത്ത് | w/o ടി. അബ്ദുൽഹമീദ് | പഴയങ്ങാടി | 1.11.04 |
| 15586 | അഹ്മദ് ശരീഫ് | s/o അലിയാർകുഞ്ഞു | കരുനാഗപ്പള്ളി | 28.12.04 |
| 15588 | കെ. ലൈലാ | w/o പി.എം.അഹ്മദ് | കോഴിക്കോട് | 18.12.04 |
| 15589 | ഇ. മുസ്തഫാ | s/o കുഞ്ഞാമില്ലാഹ് | പഴയങ്ങാടി | 24.11.04 |
| 15590 | കെ.നുസ്റത്ത് | w/o എം. അലികുഞ്ഞ് | പഴയങ്ങാടി | 1.11.04 |
| 15591 | പി.എം.ഹബീബുർറഹ്മാൻ | s/o പി.എം. അബൂബക്കർ | പഴയങ്ങാടി | 7.12.04 |
| 15593 | അമീൻ മുഹമ്മദ്.എച്ച്.എ | s/o ആർ. മുഹമ്മദ് ഹനീഫ് | മാത്ര | 27.12.04 |
| 15594 | കെ. ഖമറുദ്ദീൻ | s/o അബൂബക്കർ | മുറിയക്കണ്ണി | 19.10.04 |
| 15595 | സാജിദാ ഖമറുദ്ദീൻ | w/o കെ. ഖമറുദ്ദീൻ | മുറിയക്കണ്ണി | 19.10.04 (24/25) |
| 15600 | എ.എ.മുസഫർ അഹ്മദ് | s/o എം.കെ. അബ്ദുൽഅസീസ് | മണ്ണാർക്കാട് | 8.12.04 |
| 15602 | യു. അൻവർ അഹ്മദ് | s/o യു. അബൂബക്കർ | മുറിയക്കണ്ണി | 29.12.04 |
| 15603 | എം.പി. തസ്‌ലീന | w/o കെ.പി. ഖമറുദ്ദീൻ | കോഴിക്കോട് | 22.10.04 (26) |
| 15610 | അഹ്മദ് ശാഫി. എച്ച് | s/o പി.എം. അഹ്മദ് ഹസ്സൻ | കോഴിക്കോട് | 31.12.04 (27) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനാണോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)

ലേഖനം

# ആത്മീയസംവിധാനം

കെ. നദീർ അഹ്മദ്, കോഴിക്കോട്

**അ**ല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള ശ്രേഷ്ഠദാനമാണ് മനസ്സാക്ഷി. അത് മനുഷ്യനെ മറ്റു ജീവികളിൽനിന്ന് വ്യതിരിക്തനാക്കുന്നുവെന്ന് മാത്രമല്ല മനുഷ്യൻ അല്ലാഹുവിന്റെ ഉത്തമ സൃഷ്ടിയാണെന്നതിലേക്കുള്ള പ്രബലമായ തെളിവുമാണ്. വ്യക്തിയുടെ ശാന്തിക്കും സമൂഹത്തിന്റെ ഭദ്രതയ്ക്കും മനസ്സാക്ഷിയുടെ പങ്ക് വലുതാണ്. ഓരോ വ്യക്തിക്കും താൻ ചെയ്യുന്ന പ്രവൃത്തികൾക്ക് ഉത്തരവാദിത്വമുണ്ടെന്നും, അവയുടെ ഭവിഷ്യത്തുകളെ നേരിടേണ്ടത് താൻ തന്നെയാണെന്നും, ബോധ്യമാക്കുന്നത് മനസ്സാക്ഷിയാണ്. സ്വന്തം പ്രവൃത്തികളെ കുറിച്ച് വിലയിരുത്തുവാനും, തെറ്റോ ശരിയോ എന്ന നിലവിലുള്ള ധാർമ്മികനിലവാരത്തിന്റെ അടിസ്ഥാനത്തിൽ തൂക്കിനോക്കുവാനുമുള്ള കഴിവാണ് മനസ്സാക്ഷി മുഖേന നമുക്ക് കരഗതമാകുന്നത്.

കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ അഥവാ നിയമങ്ങൾ ലംഘിക്കുമ്പോൾ സമൂഹത്തിന്റെ നീതിപീഠത്തിന് മുമ്പിൽ നിൽക്കേണ്ടിവരുമെന്നും അതിന് തക്കതായ ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നുമുള്ള ഭയമാണ് പലരേയും തെറ്റുകൾ ചെയ്യുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നത്. ഒരു വിശ്വാസിയുടെ കാര്യവും അപ്രകാരം തന്നെയാണ്. താൻ എന്തെങ്കിലും തെറ്റ് ചെയ്താൽ അത് അല്ലാഹു കാണുന്നുണ്ടെന്നും, അതിന് അല്ലാഹുവിനോട് മറുപടി പറയേണ്ടിവരുമെന്നുമുള്ള ഭയമാണ് ഒരു വിശ്വാസിയെ തെറ്റുകൾ ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. റസൂൽ(സ) അരുൾചെയ്തതായിട്ട് ഒരു ഹദീസിൽ ഇപ്രകാരം വിവരിക്കുന്നു:

"ഏതൊരുവൻ തന്റെ നഫ്സിനെ തിരിച്ചറിയുന്നുവോ അവൻ അവന്റെ അല്ലാഹുവിനേയും തിരിച്ചറിയുന്നു."

ഇതിൽനിന്ന് നഫ്സും അല്ലാഹുവുമായിട്ട് എത്ര മാത്രം ബന്ധമാണുള്ളതെന്നും ആത്മീയമായ അഭിവൃദ്ധിക്ക് മനസാക്ഷിക്കുള്ള പ്രാധാന്യം എന്താണെന്നും നമുക്ക് മനസ്സിലാകുന്നു. ബാഹ്യമായ നിയമങ്ങളും, അധികാരങ്ങളും നമ്മെ ഒട്ടേറെ നിയന്ത്രിക്കുന്നുണ്ട്. എങ്കിലും അല്ലാഹുവിനോടുള്ള ഭയഭക്തിയും അതുമൂലം ആന്തരികമായി നമ്മിൽ വ്യാപരിക്കുന്ന ധാർമ്മികബോധത്തിന്റെ പ്രേരണയും, സ്വാധീനവുമാണ് നമ്മിൽ യഥാർത്ഥമായി ഉയരേണ്ടത്. നീതിപീഠത്തിന്റെ ശിക്ഷയല്ല, മറിച്ച് നമ്മുടെ മനസ്സാക്ഷിയുടെ പ്രേരണയാണ് നാം ഗൗരവമായി എടുക്കേണ്ടത്. ഒരു വ്യക്തി ആത്മീയമായും, ധാർമ്മികമായും ഔന്നിത്യം പ്രാപിക്കുന്തോറും അയാളുടെ മനസ്സാക്ഷിയുടെ വ്യാപാരവും ശക്തമാകുന്നു. നിർമ്മലഹൃദയങ്ങളിലേക്ക് മാത്രമേ അല്ലാഹുവും വരികയുള്ളൂ എന്നും, മനസ്സാക്ഷിയിൽ കൂടിയാണ് അല്ലാഹു നമ്മിൽ പ്രവർത്തിക്കുന്നതെന്നും നാമെപ്പോഴും മനസ്സിലാക്കണം. ഇന്ന് നാം വസിക്കുന്ന ഈ കാലഘട്ടത്തിൽ ഈയൊരു യാഥാർത്ഥ്യത്തിന് വിരുദ്ധമായി നിരവധി സംഭവങ്ങൾ നമുക്ക് കാണുവാനും കേൾക്കുവാനും സാധിക്കുന്നു. ലോകത്ത് അനാചാരങ്ങളും അന്ധകാരങ്ങളും വ്യാപിക്കുമ്പോഴാണല്ലോ അല്ലാഹു അവന്റെ ദൂതന്മാരെ അയക്കാറുള്ളത്. 1400 വർഷങ്ങൾക്ക് മുമ്പ് ഹസ്റത്ത് നബികരീം(സ) അല്ലാഹുവിന്റെ കല്പന പ്രകാരം ജനങ്ങളെ ഉത്ബോധിപ്പിച്ചിരുന്ന അതേ അദ്ധ്യാപനങ്ങൾതന്നെയാണ് അദ്ദേഹത്തിന്റെ പ്രതിപുരുഷനായി ഈ കാലത്ത് അല്ലാഹുവിൽനിന്ന് അവതീർണ്ണനായ ഹസ്റത്ത് ഇമാം മഹ്ദി(അ)ഉം നമ്മെ ഉദ്ബോധിപ്പിച്ചിട്ടുള്ളത്. നബി(സ) തിരുമേനി വന്നിട്ട് 1400 വർഷമായി. സാത്വികരായ ജനങ്ങൾ ആ മഹാത്മാവിന്റെ ധന്യമായ ജീവിതത്തെ പിൻപറ്റി ദൈവസാമീപ്യം പ്രാപിച്ചു. പിന്നീട് അക്രമത്തിന്റെയും വഴികേടിന്റെയും കാലം വന്നു. ജനങ്ങൾ അല്ലാഹുവിൽ നിന്നകന്നു. അപ്പോൾ അല്ലാഹു, നബി (സ)യുടെ പൂർണ്ണഛായയായ വാഗ്ദത്ത മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ അയച്ചു. നബി(സ)യുടെ സാത്വികമായ ജീവിതത്തെ പുനരുജ്ജീവിപ്പിച്ച് അദ്ദേഹം ജനങ്ങൾക്കു മാതൃകയായി. അതുകൊണ്ടുതന്നെ നബി(സ)യുടെ മാതൃകാജീവിതത്തെ പിൻപറ്റൽ നമുക്ക് എളുപ്പമായി. കാരണം വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ്(അ)ന്റെ ജീവിതം നബി(സ)യുടെ ജീവിതം തന്നെയാകുന്നു.

മനുഷ്യന്റെ സർവ്വതോന്മുഖമായ വികാസമാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം. അതിനനുസൃതമായ ഒരു സംവിധാനക്രമമാണ്, അഹ്മദിയ്യാ ജമാഅത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സമാധാനചർച്ചകളിലൂടെ പരിഹരിക്കാൻ പറ്റാത്ത ഒരു പ്രശ്നവും മുസ്ലിംകൾക്കിടയിൽ ഉണ്ടാവാൻ പാടില്ല എന്നതാണ് ഇസ്ലാംമതത്തിന്റെ മഹത്വങ്ങളിലും അദ്ധ്യാപനങ്ങളിലും അടങ്ങിയിട്ടുള്ള മർമ്മപ്രധാനമായ കാര്യം. അതുതന്നെയാണ് ഇസ്ലാമിന്റെ സംവിധാനങ്ങൾ നമുക്ക് മനസ്സിലാക്കിത്തരുന്നതും. മുസ്ലിംകൾ തമ്മിൽ എന്തുതന്നെ പ്രശ്നങ്ങളും തർക്കങ്ങളും ഉണ്ടായാലും അവ പരസ്പരം രമ്യമായ രീതിയിൽ പരിഹരിക്കുവാനും സ്നേഹത്തോടെ വർത്തിക്കുവാനുമാണ് അല്ലാഹുവും അവന്റെ റസൂലും നമുക്ക് പഠിപ്പിച്ച് തന്നിട്ടുള്ളത്.

മുകളിൽ പ്രസ്താവിച്ചതുപോലെ ഹസ്റത്ത് നബികരീം(സ) അല്ലാഹുവിന്റെ കല്പന പ്രകാരം നമുക്ക് പഠിപ്പിച്ചുതന്ന അതേ അദ്ധ്യാപനങ്ങളും സംവിധാനങ്ങളും തന്നെയാണ് ഈ കാലത്ത് അല്ലാഹുവിൽനിന്ന് അവതീർണ്ണനായ ഹസ്റത്ത് മസീഹ് മൗഊദ്(അ)ഉം അദ്ദേഹത്തിന്റെ ഖലീഫമാരും നമുക്ക് പഠിപ്പിച്ച് തന്നിട്ടുള്ളത്. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ പരിശുദ്ധമായ നിസാം (സംവിധാനം) അനുസരിച്ചുകൊണ്ടാണ് അഹ്മദി മുസ്ലിംകൾ ജീവിക്കുന്നത്. കാലത്തിന്റെ ഖലീഫക്ക് 'ലബ്ബൈക്ക്' പറഞ്ഞുകൊണ്ട് തങ്ങളുടേതെല്ലാം ജമാഅത്തിന് വേണ്ടി സമർപ്പിച്ച് ജീവിക്കുന്ന അഹ്മദികളെ കുറിച്ചു തന്നെയാണ് നബി(സ) "***ഇല്ലാമിൻല്ലത്തൻ വാഹിദ***" എന്ന് അരുൾ ചെയ്തിരുന്നതെന്ന് ജമാഅത്തിന്റെ സംവിധാനവും, അദ്ധ്യാപനങ്ങളും പരിശോധിച്ചാൽ ഏവർക്കും മനസ്സിലാവുന്നതാണ്.

ആകാശഭൂമികളുടെ സമ്പൂർണ്ണ ആധിപത്യം അല്ലാഹുവിൽ മാത്രം നിക്ഷിപ്തമാണ്. എല്ലാവിധ സംവിധാനങ്ങളുടെയും രാജാവ് അല്ലാഹു മാത്രമാണ്. വിശുദ്ധഖുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു: "ആകാശങ്ങളുടേയും ഭൂമിയുടേയും അവയ്ക്കിടയിലുള്ളവയുടേയും ആധിപത്യം തന്റേതായ അവൻ (അല്ലാഹു) അനുഗ്രഹപൂർണനാണ്. അന്ത്യനാളിനെ സംബന്ധിച്ച അറിവ് അവന്റെയടുക്കലാണുള്ളത്. അവനിലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുക." (*സൂറ:അസ്സുഖ്റുഫ്, ആ:86*)

വീണ്ടും അല്ലാഹു ഇപ്രകാരം പറയുന്നു: "നിശ്ചയമായും അല്ലാഹു അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏൽപ്പിക്കണമെന്ന് നിങ്ങളോട് കല്പിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കല്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കല്പിക്കേണം (എന്നും നിങ്ങളോട് അല്ലാഹു കല്പിക്കുന്നു). അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അത് ഏറ്റവും ഉത്തമമായതാകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു.'' (*സൂറ:അന്നിസാഅ്, ആ:59*)

നീതിയും ന്യായവും നടപ്പിൽ വരുത്തുന്ന ഭരണാധികാരികളും വാസ്തവത്തിൽ ഈ ഭൂമിയിലെ അല്ലാഹുവിന്റെ യഥാർത്ഥ പ്രതിനിധികളാണ്. ഹസ്റത്ത് നബികരീം(സ)യും അദ്ദേഹത്തിന്റെ സഹാബിമാരും നമുക്ക് കാണിച്ചുതന്ന ഉത്തമമായ മാതൃകയും അതുതന്നെയാണ്. '***ഹക്കമൻ- അദലൻ***' ആയി ഈ ലോകത്തേക്ക് അല്ലാഹു നിശ്ചയിച്ചിരുന്ന ഭരണാധികാരിയായിരുന്നു റസൂൽ കരീം(സ). വിശ്വസ്തനും, നീതിമാനുമായി അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ ജീവിതചരിത്രം പരിശോധിച്ചുനോക്കിയാൽ പ്രസ്തുത വിഷയ സംബന്ധമായി നിരവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്. 'ബനൂ മഖ്സൂം' ഗോത്രത്തിൽപ്പെട്ട സ്ത്രീ ഒരു കളവ് കേസിൽ പിടിക്കപ്പെട്ടു. അവരുടെ കൈ വെട്ടുന്നതിൽനിന്നും രക്ഷിക്കാനായി അവരുടെ ഗോത്രത്തിൽപ്പെട്ട ആളുകൾ റസൂൽ(സ)ന് ഏറെ പ്രിയങ്കരനായിരുന്ന ഉസാമബിൻ സൈദ്(റ)നെ സ്വാധീനിച്ചുകൊണ്ട് റസൂൽ (സ)യുടെ സന്നിധിയിൽ ശിപാർശക്കായി അയക്കുകയുണ്ടായി. നബി(സ) ഉസാമയോട് ഇപ്രകാരം അരുൾ ചെയ്തു. "അല്ലയോ ഉസാമാ! അല്ലാഹുവിന്റെ പരിധി ലംഘിക്കുവാനാണോ താങ്കൾ എന്നോട് പറയുന്നത്. നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുകടന്നുപോയ സമുദായങ്ങൾ നാശമടഞ്ഞതിന്റെ കാരണം അവരിൽ ഉന്നതർ തെറ്റ് ചെയ്യുമ്പോൾ അവരെ വിട്ടയക്കുകയും, ബലഹീനർ തെറ്റ് ചെയ്യുമ്പോൾ അവരെ ശിക്ഷിക്കുകയും ചെയ്തതാണ്. അല്ലാഹുവാണ! മുഹമ്മദിന്റെ മകൾ ഫാത്തിമ കളവ് ചെയ്താലും ഞാൻ അവളുടെ കൈ വെട്ടുമായിരുന്നു."

നോക്കുക! നീതിമാനായ വിധികർത്താവിനാൽ നിയോഗിതനായ നീതിമാനായ റസൂലിന്റെ നീതിപൂർവ്വകമായ ഒരു പ്രഖ്യാപനമാണിത്.

മനുഷ്യന്റെ തർക്കബുദ്ധിയും വിയോജിപ്പുകളും കാരണം ജീവിതം സംഘർഷഭരിതമാവുന്നത് നിയന്ത്രിക്കാനും സമൂഹത്തിൽ ക്രമസമാധാനം പാലിക്കാനും സമൂഹം കണ്ടെത്തിയ ഉപാധിയാണ് നിയമകോടതികളും അതോടനുബന്ധിച്ചുള്ള സംവിധാനങ്ങളും. ശാസനാരൂപത്തിലുള്ള കോടതിവിധികൾ ഒരു വ്യക്തി നിർബന്ധപൂർവ്വം അനുസരിക്കപ്പെടേണ്ടതുണ്ട്. ഒരാൾക്ക് വിജയവും അപരന് പരാജയവും സമ്മാനിക്കുന്ന കോടതികൾ പലപ്പോഴും മനുഷ്യമനസ്സാക്ഷിയിൽ സംഘർഷങ്ങളും, അസ്വസ്ഥതകളും, ബാക്കിയാക്കിയാണ് പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നത്. ഇന്ന് നാം സമൂഹത്തിൽ കാണുന്ന ഭൗതിക കോടതികളേയും, നിയമാവലികളേയും കുറിച്ച് പരാമർശിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അഹ്മദികളുടെ നീതിപീഠം എങ്ങനെയായിരിക്കണമെന്ന് പറയുകയുണ്ടായി. "ഇന്നത്തെ ഭൗതിക കോടതികളിൽ നടത്തപ്പെടുന്ന കേസുകളെ കുറിച്ച് വളരെ പ്രധാനമായി എനിക്ക് അഹ്മദികളോട് പറയുവാനുള്ളതെന്തെന്നാൽ നിർബന്ധമായും കോടതികളെ സമീപിക്കേണ്ട കേസുകൾക്കല്ലാതേയോ, നിയമം അതിന് അനുശാസിക്കുന്ന ഘട്ടങ്ങളിലല്ലാതേയോ തങ്ങളുടെ ഒരു പ്രശ്നവുമായി (തർക്കവും) നാം ഇത്തരം കോടതികളെ സമീപിക്കാൻ പാടുള്ളതല്ല. അത്തരം പ്രശ്നങ്ങൾ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ നാം തന്നെ ഒത്തുതീർപ്പാക്കേണ്ടതാണ്. അഥവാ ആരെങ്കിലും ഈ കല്പന ലംഘിക്കുകയാണെങ്കിൽ അവർ നേർമാർഗ്ഗം പ്രാപിക്കണമെന്ന ഉദ്ദേശ്യത്തോടെ ജമാഅത്ത് അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇനി അഥവാ അവർ ജമാഅത്തിന്റെ ശിക്ഷ സ്വീകരിക്കാൻ തയ്യാറല്ലെങ്കിൽ അവരെ ജമാഅത്തിന്റെ വ്യവസ്ഥിതികളിൽനിന്ന് വേർപ്പെടുത്തേണ്ടതാണ്. ഇപ്പോൾ ഖാദിയാനിൽ മാത്രമാണ് (ഇത് ഹുസൂർ(റ) 1937-ൽ ചെയ്ത പ്രഭാഷണത്തിൽ നിന്നെടുത്ത ഭാഗമാണ്) ഇത് പ്രാവർത്തികമായിട്ടുള്ളത്. ഭാവിയിൽ ഇത്തരം സ്ഥിതിഗതികളെ വീക്ഷിക്കാൻ എല്ലാ ജമാഅത്തുകളിലും ഒരു കമ്മിറ്റി രൂപീകരിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അതുകൊണ്ട് ഗവർമ്മെണ്ട് നിർബന്ധിക്കുന്ന കേസുകൾക്കല്ലാതെ മറ്റൊരു കേസുമായും നാം കോടതിയെ സമീപിക്കുകയില്ലെന്ന് ഓരോ അഹ്മദിയും ദൃഢപ്രതിജ്ഞയെടുക്കട്ടെ. ജമാഅത്തിന്റെ നീതിപീഠവും ഖാസിയും ശരീഅത്തിന്റെ അടിസ്ഥാനത്തിൽ എന്ത് തീരുമാനം എടുക്കുന്നുവോ അവ പൂർണ്ണമനസ്സോടെ അംഗീകരിക്കും എന്നും പ്രതിജ്ഞ ചെയ്യട്ടെ. ഈ കല്പന നടപ്പാക്കിയാൽ ജമാഅത്തിന്റെ ഒരു ഭാഗംതന്നെ നഷ്ടപ്പെട്ടുപോകുമെന്ന് തോന്നിയാലും നാം അതേക്കുറിച്ച് വേവലാതിപ്പെടേണ്ടതില്ല. ഹസ്റത്ത് നബി കരീം(സ)ന് വിശുദ്ധഖുർആൻ മുഖേന അല്ലാഹു സൂറഃ മാഇദയിലെ നാലാമത്തെ ആയത്തിൽ അതായത്, "ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു." (*സൂറഃ മാഇദ, ആ:4*) എന്ന വചനങ്ങൾ ഇറങ്ങിയപ്പോൾ അദ്ദേഹം ഹജ്ജത്തുൽ വിദാഅ് വേളയിൽ വലിയൊരു സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടായിരുന്നു അല്ലാഹുവിന്റെ പ്രസ്തുത കല്പനകളെക്കുറിച്ച് വിളംബരം ചെയ്തിരുന്നത്. അദ്ദേഹം ഇപ്രകാരം അരുൾചെയ്യുകയുണ്ടായി: "അല്ലാഹുവിന്റെ അവസാനത്തെ അമാനത്തും ഞാനിതാ നിങ്ങൾക്കെത്തിച്ചുതന്നിരിക്കുന്നു." അദ്ദേഹം ചോദിച്ചു:

"ഞാൻ അല്ലാഹുവിന്റെ സന്ദേശം നിങ്ങൾക്ക് എത്തിച്ചുതന്നില്ലേ?"

സഹാബിമാർ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവിന്റെ സന്ദേശം താങ്കൾ ഞങ്ങൾക്കെത്തിച്ചിരിക്കുന്നു." അതിനുശേഷം അദ്ദേഹം ഇപ്രകാരം അരുൾചെയ്യുകയുണ്ടായി: "ഇന്ന് ഞാൻ അല്ലാഹു എന്നിൽ ഭരമേല്പിച്ച എല്ലാ അമാനത്തിൽനിന്നും കർത്തവ്യങ്ങളിൽനിന്നും വിരമിക്കുകയാണ്."

തുടർന്ന് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അരുൾ ചെയ്യുന്നു: "ആയതിനാൽ ഇന്നിതാ ഞാനും എന്റെ കർത്തവ്യങ്ങൾ നിറവേറ്റുകയാണ്. അല്ലാഹു നിങ്ങൾക്ക് തന്നനുഗ്രഹിച്ച ശരീഅത്ത് ***ലാ ഇലാഹ ഇല്ലല്ലാ***യിൽ മാത്രം പരിമിതപ്പെട്ട ഒന്നല്ല. മറിച്ച്, അത് രാഷ്ട്രീയവും, സാമൂഹികവും, സാംസ്കാരികവും, ഐക്യവും എന്നിങ്ങനെ മറ്റു പല കാര്യങ്ങളേക്കാളും ഉന്നതിയിലാണെന്ന കാര്യം ഞാനിതാ നിങ്ങൾക്ക് പറഞ്ഞുതരുന്നു. ഇനി പണ്ഡിതന്മാരുടെ ജോലിയാണ് അവർ ഖുർആനിൽനിന്നും, ഹദീസിൽനിന്നും, പ്രസ്തുത വിഷയങ്ങളെക്കുറിച്ച് പരിശോധിച്ച് പഠിച്ചുകൊണ്ട് ലോകത്തിന്റെ മുമ്പിൽ കാര്യങ്ങൾ വെക്കുകഎന്നത്. ഈ കാര്യങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ഉപയോഗപ്പെടുംവിധം ഗ്രന്ഥങ്ങൾ രചിക്കുക എന്നത്. അതിനുശേഷം ഈ കാര്യം പ്രാവർത്തികമാക്കുകയെന്നത് ജമാഅത്തിന്റെ കടമയാണ്. ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രശ്നങ്ങൾ ഒരുപക്ഷെ, നമുക്ക് നിറവേറ്റാൻ പറ്റിയില്ലെന്ന് വരാം. പക്ഷെ, നമ്മളിൽ പരിമിതമായ കാര്യങ്ങൾ ഇന്നുതന്നെ പ്രാവർത്തികമാക്കേണ്ടതാണ്. എന്നിട്ട് വരുംകാലങ്ങളിൽ ശരീഅത്തിന്റെ കല്പനകളെ കുറിച്ച് വിശദമായി ഉദ്ബോധനം ചെയ്തുകൊണ്ട് അത്തരം കല്പനകൾക്ക് പ്രാവർത്തികരൂപം ഉണ്ടാക്കിയെടുക്കുക എന്നതും ജമാഅത്തിന്റെ ബാധ്യതയാണ്. കാരണം ചന്ദ കൊടുത്തുകൊണ്ട് തങ്ങളുടെ ജോലി കഴിഞ്ഞു എന്നാരും മനസ്സിലാക്കിപ്പോകരുത്. ലോകത്തെവിടെയായിരുന്നാലും നമ്മളിലോരോരുത്തരും ഒരു കാര്യം ഓർത്തിരിക്കണം. അതായത്, നമ്മളെ വീക്ഷിക്കുന്നവർ 20-ാം നൂറ്റാണ്ടിലെ ഇംഗ്ലീഷുകാരെ പിൻപറ്റുന്നവരും, പാശ്ചാത്യസംസ്കാരം ഉൾക്കൊള്ളുന്നവരുമാണെന്ന് ധരിക്കാതെ 1300 വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി (സ)ന്റെ കാലത്തുള്ള മദീനാവാസികളെപ്പോലുള്ളവരാണെന്ന് മനസ്സിലാക്കണം.

"എന്റെ സഹോദരന്മാരേ! ഞാനിതാ അല്ലാഹുവിന്റെ കല്പന നിങ്ങൾക്കെത്തിച്ചു തന്നിരിക്കുന്നു. മുഹമ്മദ് മുസ്തഫാ(സ)ന്റെ അന്തസ്സ് നിസ്സാരമാണെന്ന് നിങ്ങൾ മനസ്സിലാക്കരുത്. പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് ഇസ്‌ലാമിന്റെ കല്പനകൾ എല്ലാവരും അംഗീകരിക്കുമെന്നും ഇസ്‌ലാം അനുശാസിക്കുന്ന ഐക്യവും, സാഹോദര്യവും നിലനിർത്തുവാൻ പ്രതിജ്ഞാബദ്ധരാണെന്നും നിങ്ങൾ അംഗീകരിച്ച കാര്യമാണ്. ഈ പ്രതിജ്ഞയിൽ നിങ്ങളെല്ലാവരും ദൃഢചിത്തരായി നിലനിൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ജീവിതമാർഗ്ഗം കണ്ട് അഹ്മദികളിലാണ് റസൂൽ തിരുമേനി(സ) ജീവിച്ചിരിക്കുന്നതെന്ന് ലോകം മനസ്സിലാക്കട്ടെ. ആമീൻ. (*ഇൻകിലാബ് ഹഖീഖി, പേ:128-130*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു: "ഓർമ്മിക്കുക! ഭൗതികവാദികൾ ജീവിക്കുന്നതുപോലുള്ള ജീവിതത്തിനായിട്ടല്ല നമ്മുടെ ജമാഅത്ത് നിലകൊള്ളുന്നത്. പ്രാവർത്തികമായി ഇതിന്റെ ആവശ്യകത മനസ്സിലാക്കാതെ വെറും നാവുകൊണ്ട് ഞങ്ങൾ ഈ പ്രസ്ഥാനത്തിൽ പ്രവേശിച്ചിരിക്കുന്നു എന്ന് പറയുന്നതിൽ അർത്ഥമില്ല. നിർഭാഗ്യമെന്ന് പറയട്ടെ, ഇന്ന് ഇതര മുസ്‌ലിംകളുടെ സ്ഥിതി അതാണ്. നിങ്ങൾ മുസ്‌ലിമാണോ എന്ന് ചോദിച്ചാൽ പറയും ശുക്ക്ർ അൽഹംദുലില്ലാഹ് എന്ന്. പക്ഷെ, നമസ്കാരം അനുഷ്ഠിക്കാത്തവരും അല്ലാഹുവിന്റെ കല്പനകളെ അനുസരിക്കാത്തവരും ആയിരിക്കും അവർ. വെറും നാവുകൊണ്ട് പറയുകയും അത് പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയല്ല ഞാൻ നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. വളരെ കൊള്ളരുതാത്ത ഒരവസ്ഥയാണിത്. അല്ലാഹു ഇതിനെ ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

"ഈയൊരവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഇതിനെയെല്ലാം പരിഷ്ക്കരിക്കാൻ തന്നെയാണ് അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നത്. ഞാനുമായി ബന്ധപ്പെട്ടതിനുശേഷം നിങ്ങൾ നിങ്ങളുടെ അവസ്ഥയെ പരിഷ്ക്കരിക്കുന്നില്ലെങ്കിൽ നാവ് കൊണ്ട് എന്നെ അംഗീകരിക്കുകയും അവ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ എന്റെ ആഗമനത്തിന്റെ ആവശ്യകതയെ നിരാകരിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ ഞാനുമായി ബന്ധപ്പെട്ടതിന്റെ ഉദ്ദേശമെന്താണ്? ഞാനുമായി ഒരു യഥാർത്ഥ ബന്ധമാണ് നിങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെങ്കിൽ എന്റെ ആഗമനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസ്സിലാക്കി ജീവിക്കുക. അല്ലാഹുവിന്റെ സമക്ഷത്തിങ്കൽ തങ്ങളുടെ യഥാർത്ഥ ഭക്തിയും, വിശ്വാസവും പ്രകടിപ്പിക്കുക. റസൂൽ(സ)ഉം സഹാബാക്കളും ഖുർആനിക അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കിയതുപോലെ നിങ്ങളും പ്രാവർത്തികമാക്കുക. നാവ്കൊണ്ട് അംഗീകരിക്കുകയും അവ പ്രാവർത്തികമാക്കാതിരിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായ കാര്യമല്ല.

"ഓർമ്മിക്കുക! അല്ലാഹു നിലനിർത്താൻ ഉദ്ദേശിക്കുന്ന ജമാഅത്ത് യഥാർത്ഥ പ്രവർത്തനരീതിയിൽ കർമ്മനിരതരാവാതെ നിലനിൽക്കുകയില്ല. ഹസ്റത്ത് ആദം(അ)ന്റെ കാലം തൊട്ടുതന്നെ ആരംഭിച്ച സുപ്രസിദ്ധ ജമാഅത്താണിത്. ഈ ജമാഅത്തിന്റെ കാര്യം പ്രസ്താവിക്കാത്ത ഒരു നബിയും ഈ ലോകത്ത് ആഗതനായിട്ടില്ല. അതുകൊണ്ട് ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. നിങ്ങളുടെ പ്രവർത്തനം കൊണ്ട് നിങ്ങളാണ് യഥാർത്ഥ സത്യത്തിന്റെ അവകാശികൾ എന്ന് സ്ഥാപിക്കുക." (*മൽഫൂസാത്ത്, 3-ാം ഭാഗം, പേ:370-371*)

**തിരുത്ത്**

കഴിഞ്ഞലക്കത്തിൽ പേജ് 36-ൽ കൊടുത്തിരിക്കുന്ന ഫോട്ടോ പഴയങ്ങാടിയിൽ പുതിയതായി നിർമ്മിച്ച പള്ളിയുടേതാണ്. ഫോട്ടോകൾ പ്രസിദ്ധീകരണത്തിന്നായി അയക്കുമ്പോൾ അതിന്റെ മറുവശത്ത് ഏതു സ്ഥലത്തുള്ള പള്ളിയാണെന്നും, മറ്റുമുള്ള കാര്യങ്ങൾ വ്യക്തമായും എഴുതേണ്ടതാണ്.

പേജ് 37-ൽ പഠനവിനോദയാത്രയിൽ കണ്ണൂർ ടൗൺ-പഴയങ്ങാടി മജ്‌ലിസിനോടൊപ്പം കണ്ണൂർ സിറ്റി മജ്‌ലിസും പങ്കെടുത്തിരുന്നു. റിപ്പോർട്ടിൽ സിറ്റി മജ്‌ലിസിന്റെ പേര് വിട്ടുപോയി.

പേജ് 24-ൽ മൂന്നാമത്തെ ഖണ്ഡികയിൽ, താഴെ നിന്ന് പന്ത്രണ്ടാംവരിയിൽ മുഹമ്മദ് നബിയുടെ 'പുത്രൻ' എന്നല്ല 'പൗത്രൻ' എന്നാണ് വേണ്ടത്. തെറ്റുകൾ സംഭവിച്ചതിൽ ഖേദിക്കുന്നു.

*- പത്രാധിപർ*

## മസ്ജിദ് നൂർ

ദൈവാനുഗ്രഹത്താൽ സെക്കന്ദറാബാദിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് മനോഹരമായൊരു പള്ളി നിർമ്മിക്കാൻ ഭാഗ്യം ലഭിച്ചു. ഖലീഫത്തുൽ മസീഹ് അയ്യദഹു ഈ പള്ളിക്ക് 'മസ്ജിദ്നൂർ' എന്ന് പേരിട്ടിരിക്കുന്നു. അല്ലാഹുതആല ഇതിൽ നമസ്കരിക്കാൻ വരുന്ന എല്ലാവരേയും തന്റെ പ്രകാശംകൊണ്ട് അനുഗ്രഹിക്കുമാറാകാട്ടെ. മൗലവി പി.എം. റശീദ് സാഹിബ്, ചേലക്കര (മുബല്ലിഗ്) ഇവിടെ സേവനം അനുഷ്ഠിച്ചുവരുന്നു.

## ഇജ്തിമാഅ് ലജനഇമായില്ലാഹ്

മൂന്നുവർഷത്തിലൊരിക്കൽ ഇജ്തിമാഅ് നടത്തുന്നതിനു പകരം ഓരോ വർഷവും ഇജ്തിമാഅ് നടത്തണമെന്ന ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശപ്രകാരം ഈ വർഷവും കേന്ദ്രഇജ്തിമാഅ് സെപ്തംബർ 20, 21, 22 തിയ്യതികളിൽ ഖാദിയാനിൽ നടക്കുന്നതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഇപ്പോൾ മുതൽതന്നെ തയ്യാറെടുപ്പുകൾ നടത്തുക.

## ഫള്ലെ ഉമർ പ്രസ്സിൽ ഫോൾഡിംഗ് മിഷ്യൻ

ഖാദിയാൻ: ഫള്ലെ ഉമർ പ്രസ്സിന്റെ വിപുലീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ഖലീഫത്തുൽ മസീഹിന്റെ അനുവാദത്തോടെ പ്രസ്സിന് വേണ്ടി വാങ്ങിയ ഫോൾഡിംഗ് മിഷ്യന്റെ ഉദ്ഘാടനകർമ്മം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷൻ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് 14.6.05-ന് ഉച്ചക്ക് 12-ന് ദുആയോടുകൂടി നിർവ്വഹിച്ചു. ഒരു മണിക്കൂറിൽ 5000 കടലാസുകൾ ഈ മിഷ്യനിലൂടെ മടക്കിയെടുക്കാവുന്നതാണ്. ഗുജ്റാത്തിലെ അഹ്മദാബാദിൽനിന്നാണ് മിഷ്യൻ കൊണ്ടുവന്നത്. വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)ന്റെ 'അൽവസിയ്യത്ത്' എന്ന കൃതിയുടെ ഹിന്ദി തർജമയുടെ അയ്യായിരം കോപ്പിയാണ് ഈ മിഷ്യനിലൂടെ ആദ്യമായി മടക്കിയെടുത്തത്.

## പ്രബന്ധമത്സരം

മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് വസിയ്യത്ത് വ്യവസ്ഥിതിയും നമ്മുടെ ചുമതലയും എന്ന വിഷയത്തെ അധികരിച്ച് പ്രബന്ധമത്സരം നടത്തുന്നു. കുറഞ്ഞത് 5000 വാക്കുകളിൽ പ്രബന്ധം തയ്യാറാക്കേണ്ടതാണ്. ആഗസ്റ്റ് 31-നുള്ളിൽ ഓഫീസിൽ പ്രബന്ധം കിട്ടിയിരിക്കണം. ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് 1000, 700, 500 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡ് നല്കുന്നതാണ്.

## സാലാന ഇജ്തിമാഅ്

മജ്‌ലിസ് അൻസാറുല്ലാഹ് അഖിലേന്ത്യാ വാർഷിക ഇജ്തിമാഅ് സെപ്തംബർ 16, 17, 18 തിയ്യതികളിൽ ഖാദിയാനിൽ നടക്കുകയാണ്. പരമാവധിയാളുകൾ ഇതിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നു.

*(സദ്ർ, മജ്‌ലിസ്, ഭാരത്)*

## ഖുർആൻ വാരം

കൂടാളി:- കൂടാളി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ ഒന്നുമുതൽ ഏഴ് വരെ പൂർവ്വാധികം ഭംഗിയായി ഖുർആൻവാരം കൊണ്ടാടി. അൽഹംദുലില്ലാഹ്.

ഉദ്ഘാടനയോഗത്തിൽ ജമാഅത്ത് പ്രസിഡന്റ് സി. എം. ഹസ്സൻ സാഹിബ് അധ്യക്ഷനായിരുന്നു. ഖുർആൻ പാരായണത്തോടെ യോഗനടപടികൾ ആരംഭിച്ചു. മൗലാനാ മുഹമ്മദ് ഇസ്മായീൽ സാഹിബ് എച്ച്.എ (മുബല്ലിഗ് സിൽസില കണ്ണൂർടൗൺ) ഖുർആൻവാരത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും സംസാരിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ മൗലവി ശഫീക്ക് അഹ്മദ് സാഹിബ് എച്ച്.എ, ഉമേഷ്സാഹിബ് എം.പി, ശബീദ് അഹ്മദ് സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ് എച്ച്.എ, ഹാഫിസ് മസ്ഹർ അഹ്മദ് നസീം സാഹിബ് ഖാദിയാൻ, ഇ.വി. നദീം സാഹിബ്, ജനാബ് അമീർ സാഹിബ്, ബി. ഖലീൽ അഹ്മദ് സാഹിബ്, ബി. മുബശ്ശീർ അഹ്മദ് സാഹിബ്, കെ. അബ്ദുസ്സലാം തുടങ്ങിയവർ പരിശുദ്ധഖുർആന്റെ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി. ജമാഅത്ത് പ്രവർത്തകസമിതി അംഗങ്ങളും മട്ടന്നൂർ പ്രസിഡന്റ് യു. മൻസൂർ അഹ്മദ് സാഹിബും വിവിധ ദിനങ്ങളിൽ അധ്യക്ഷതവഹിച്ചു.

*– കെ. അബ്ദുസ്സലാം, കൂടാളി*

കണ്ണൂർ:- കണ്ണൂർ ടൗൺ ജമാഅത്തിൽ 3.7.2005 ഞായറാഴ്ച മുതൽ ഖുർആൻവാരം കൊണ്ടാടി. ഉദ്ഘാടനയോഗത്തിൽ ജനാബ് ബി. അബ്ദുൽസലാം (പ്രസിഡന്റ്) അദ്ധ്യക്ഷനായിരുന്നു. മാസ്റ്റർ റശീദ്, മൗലവി മുഹമ്മദ് ഇസ്മായീൽ എന്നിവർ പ്രസംഗിച്ചു. വി. നിശാൻ അഹ്മദ് ഖുർആൻ പാരായണം ചെയ്തു. നിഹാദ് അഹ്മദ് പദ്യമാലപിച്ചു. തുടർന്ന് സുവിൻ അശ്റഫ്, മൗലവി കെ. അബ്ദുസ്സലാം കൂടാളി, കെ. അബ്ദുൽ അസീസ്, മൗലവി ശഫീഖ് അഹ്മദ് കണ്ണൂർ സിറ്റി, എം. അബ്ദുറഹ്മാൻ, മൗലവി നാസിർ അഹ്മദ് കൊച്ചി, പ്രൊഫ. എം. മുഹമ്മദ്, മൗലവി സി.പി. മൊയ്തീൻകുട്ടി തലശ്ശേരി, പ്രൊഫ. മഹ്മൂദ് അഹ്മദ്, മൗലവി ശരീഫ് അഹ്മദ് കടലായി, ഷാജിർ അഹ്മദ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് വിവിധ ദിനങ്ങളിൽ പ്രഭാഷണങ്ങൾ ചെയ്തു. നിശാദ് മൻസൂർ, എസ്.വി. സാദിഖ്, ശിബിൻ അസ്‌ലം, ഷിജിൻ ഹാരിസ്, ഫഹീം മസൂദ്, ജിജിൻ നിസാർ എന്നിവർ ഖുർആൻ പാരായണം ചെയ്യുകയും താഹിറ സിദ്ദീഖ, ശിഫാദ് ഇബ്രാഹിം, നിശാദ് മൻസൂർ, ശിബിൻ അസ്‌ലം, നിശാദ് അഹ്മദ് എന്നിവർ പദ്യമാലപിക്കുകയും ചെയ്തു.

പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന യോഗത്തിൽ ആദരണീയനായ എസ്.വി. സൈനുദ്ദീൻ സാഹിബ് (സൈന്തവൻ) സന്നിഹിതനായിരുന്നു. അദ്ധ്യക്ഷന്റെ അഭ്യർത്ഥനമാനിച്ച് അദ്ദേഹം ഖുർആൻ പാരായണം ചെയ്യുകയും ചുരുങ്ങിയ വാക്കുകളിൽ ഖുർആന്റെ മഹിമ വിവരിക്കുകയും ചെയ്തു. എല്ലാ ദിവസവും ജമാഅത്തംഗങ്ങൾ ഉത്സാഹത്തോടെ പരിപാടിയിൽ പങ്കെടുത്തു.

*– ഉമർ പാറപ്പുറം*